(ഫ്രണ്ട് കവർ)

ആദിത്യന്റെ വിഹ്വലതകൾ

കഥാസമാഹാരം

ദീപു.ആർ.എസ്.

(ഫ്രണ്ട് ഇൻസൈഡ് കവർ)

ആദിത്യന്റെ വിഫലതകൾ

ആദിത്യന്റെ വിഹ്വലതകൾ

കഥാസമാഹാരം

ദീപു.ആർ.എസ്.

Avalokanam
Publications
Thrissur - 680567

LANGUAGE
MALAYALAM

TITLE
AADITHYANTE VIHVALATHAKAL
SHORT STORIES

AUTHOR
Mr.DEEPU.R.S.

COPYRIGHT
Mr.DEEPU.R.S.

PUBLISHERS
AVALOKANAM PUBLICATIONS THRISSUR 680567

EDITING & COVER ILLUSTRATION
MANEESARANG

GRAPHICS
LENIN KADAVATH

TYPE SETTING
Mrs.SUGUNA.T.C.

PROOF, PAGE SETTING & LAY OUT
SHIVAN KARANCHIRA

PRINTING
VIBGYOR IMPRINTS KOZHIKODE 4

FIRST IMPRESSION
2017 NOVEMBER

COPIES
500

ISBN No.
978-81-932279--9-2

PRICE
₹ 80.00

AP21 11 2017 500

ആമുഖം

അവതാരിക

അവതാരിക

അവതാരിക

ആശംസാ സന്ദേശം

ആശംസാ സന്ദേശം

ദീപു.ആർ.എസ്

1983 ജൂലൈ 13ന് തിരുവനന്തപുരം ജില്ലയിൽ ആറ്റിങ്ങലിൽ പ്രശസ്തമായ തുണ്ടത്തിൽ വീട്ടിൽ രാജമോഹനന്റേയും ചടയമംഗലം രമാമന്ദിരത്തിൽ ശോഭനകുമാരിയമ്മയുടേയും മകനായി ജനനം.

കെ.എസ്.ആർ.ടി.സി ഉദ്യോഗസ്ഥനായിരുന്ന പിതാവിന്റെ ഔദ്യോഗിക സ്ഥലം മാറ്റങ്ങളെത്തുടർന്ന് വിവിധയിടങ്ങളിൽ പ്രാഥമികവിദ്യാഭ്യാസം.

ആറ്റിങ്ങൽ സരസ്വതിവിലാസം ഗവണ്മെന്റ് ലോവർ പ്രൈമറി സ്കൂൾ, ആറ്റിങ്ങൽ കുന്നുവാരം അപ്പർ പ്രൈമറി സ്കൂൾ, ചടയമംഗലം മേടയിൽ ഗവണ്മെന്റ് യു.പി.സ്കൂൾ, ചടയമംഗലം പൂങ്കോട് എസ്.വി.എച്ച്.എസ്(ജി.ഇ.എം.എസ്.എച്ച്.എസ്), ചടയമംഗലം പോരെഡം വിവേകാനന്ദ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ എന്നിവിടങ്ങളിൽ പഠനം.

2000ൽ പേശികളെ ബാധിക്കുന്ന ജനിതകരോഗം ബാധിച്ച ദീപു തന്റെ ദൃഢനിശ്ചയം കൊണ്ടും ആത്മവിശ്വാസം കൊണ്ടും രോഗാവസ്ഥയുമായി മല്ലിട്ട് തിരുവനന്തപുരം ഗവണ്മെന്റ് മെഡിക്കൽ കോളേജ് ഓഫ് ഫാർമസിയിൽ നിന്നും ഫാർമസി വിദ്യാഭ്യാസം പൂർത്തിയാക്കി.

ഫാർമസിസ്റ്റുകളുടേയും അംഗപരിമിതരായ ജീവനക്കാരുടേയും ക്ഷേമത്തിനായി സംഘടന രൂപീകരിച്ച് പ്രവർത്തിച്ചു. 2004 മുതൽ 2013 വരെ വൊക്കേഷണൽ ഹയർ സെക്കണ്ടറി, റവന്യൂ, ഫാമിംഗ് കോർപ്പറേഷൻ, സപ്ലൈകോ, കൺസ്യൂമർ ഫെഡ്, തെന്മല ഗവണ്മെന്റ് ഹോസ്പിറ്റൽ എന്നിവിടങ്ങളിൽ താൽക്കാലികമായി ജോലി നോക്കി. 2013 മുതൽ കാർഷിക വികസന കർഷക ക്ഷേമവകുപ്പിൽ കൃഷി അസ്സിസ്റ്റന്റായി ജോലി ചെയ്യുന്നു.

സ്കൂൾ വിദ്യാഭ്യാസകാലത്ത് തന്നെ കലാസാംസ്കാരികമേഖലയിൽ സജീവമായി പ്രവർത്തിച്ചു. സംസ്ഥാന യുവജനോത്സവങ്ങളിൽ ഉൾപ്പെടെ നിരവധി തവണ പുരസ്കാരങ്ങൾ നേടി. നിരവധി സാഹിത്യരചനകൾ ആനുകാലികങ്ങളിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്. 2017ൽ കാർഷികസാഹിത്യസാംസ്കാരിക മേഖലയിലെ മികച്ച പ്രതിഭയ്ക്കുള്ള “സംസ്ഥാന സമന്വയം പ്രതിഭാ പുരസ്കാരം” പൊതുമരാമത്ത് വകുപ്പ് മന്ത്രി ശ്രീ.ജി.സുധാകരനിൽ നിന്ന് ഏറ്റ് വാങ്ങി. കാവ്യചേതന ത്രിദിനകാവ്യപരിശീലന ക്യാമ്പിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടു.

പ്രസിദ്ധീകൃതമാകുന്ന ആദ്യകൃതിയാണ് കഥാസമാഹാരമായ “ആദിത്യന്റെ വിഹ്വലതകൾ.”

2013ൽ വിവാഹിതനായി. ഭാര്യ ഉർവ്വശി. മകൻ യു.കെ.ജി വിദ്യാർത്ഥി അദ്വൈത്. അമ്മ ശോഭനകുമാരിയമ്മ. സഹോദരൻ ശരത്.

വിലാസം : ശ്രീപദം, ഉമ്മനാട്, ചടയമംഗലം പി.ഒ, കൊല്ലം ജില്ല, 691534.
ഫോൺ : 9656618110. ഇ മെയിൽ : deepurspaharmacist@gmail.com

കഥകൾ

01	വർണ്ണമേഘങ്ങൾ	15
02	വഴിയിൽ കൊഴിഞ്ഞ പൂവ്	19
03	ആ തിങ്കളാഴ്ച വന്നു	22
04	വിധിച്ചിലമ്പിന്റെ കിലുക്കം	24
05	ടിക്കറ്റ്	25
06	സ്വപ്നച്ചിറകുകൾ	26
07	അൽപ്പം ഇൻഷ്വറൻസ് ചിന്തകൾ	28
08	മഴ പെയ്ത് തോർന്നപ്പോൾ	31
09	അമരാവതിയിലെ കാഴ്ചകൾ	33
10	സത്യാന്വേഷികൾ	35
11	ഈ പാതയുടെ അന്ത്യം വരെ	36
12	ഗോൾ	42
13	നിലാവുള്ള രാത്രിയിൽ	46
14	വസന്തങ്ങൾ ഒഴിഞ്ഞപ്പോൾ	64
15	ഒരു കൊച്ചുസ്വപ്നം	67
16	അകലുന്ന അമ്പലമണിനാദം	71
17	സ്നേഹമോദകങ്ങൾ	75
18	ചോദ്യങ്ങൾ	81
19	വിക്രിയ	82

1. വർണ്ണമേഘങ്ങൾ

അച്ഛൻ അഹമ്മദ് പഠാൻ. ഒരു പാക്കിസ്ഥാനി. അമ്മ മിസിസ്സ് മേരി നെറ്റോ പാരിനാസർ. സ്പാനിഷ് വംശജ!

അവന് ആറ് വയസ്സുള്ളപ്പോഴാണ് അമ്മ അവന് ഒരു അനുജത്തിയെ സമ്മാനിച്ചത്. കുട്ടിക്കാലത്തെ ഏകാന്തതയിൽ ആ കുഞ്ഞനുജത്തി അവനൊരു ആശ്വാസമായി. അവർ തല്ലിയും പിണങ്ങിയും കളിച്ചും ചിരിച്ചും സ്നേഹിച്ചും വളർന്നു.

ഋതുക്കൾ കിളികളെപ്പോലെ ചിലമ്പിയകന്നു കൊണ്ടിരുന്നു. ജെയിംസിന് പതിനേഴ് വയസ്സായി. എന്നും രാവിലെ അഞ്ച് മണിക്ക് ഉണരും. ആറ് മണിയാകുമ്പോഴേയ്ക്കും പ്രഭാതകൃത്യങ്ങൾ കഴിക്കും. പിന്നെ ഒരു മണിക്കൂർ എക്സർസൈസാണ്. 9 മണിക്ക് സ്കൂളിലേയ്ക്ക്. വൈകീട്ട് 7 മണിയോടെ വീട്ടിലെത്തും. 10 മണിക്ക് ഉറങ്ങും. ഇതിനിടയിൽ ഹോംവർക്കും, പഠനവും നടക്കും. ഇതായിരുന്നു ജെയിംസിന്റെ ദിനചര്യ. ആരോടും അധികം സംസാരിക്കാത്ത പ്രകൃതം!. ലജ്ജാലുവായ അവന് തന്റെ പ്രായത്തിലുള്ള മറ്റ് കുട്ടികളെപ്പോലെ കൂട്ടുകാരോ ഗേൾഫ്രണ്ട്സോ ഇല്ലായിരുന്നു. പുസ്തകങ്ങളും വീടും പിന്നെ കുറെ ദിവാസ്വപ്നങ്ങളുമായി അവൻ കഴിഞ്ഞു കൂടി.

അവന്റെ അച്ഛൻ മിസ്റ്റർ പഠാൻ വീടിനടുത്ത് നടത്തിയിരുന്ന ഫാൻ സി ഷോപ്പിൽ പോയിരിക്കാൻ അമ്മ ഉപദേശിക്കാറുണ്ട്. എന്നാൽ അവൻ കേട്ട ഭാവം നടിക്കില്ല. അമ്മ, മേരിക്ക് മകന്റെ ഈ സ്വഭാവത്തിൽ വിഷമം ഉണ്ടായിരുന്നു. ജെയിംസിന്റെ നേരെ വിപരീതമായിരുന്നു അവന്റെ അനമുജത്തി ജനിഫർ മേരി. കുസൃതിക്കുടുക്കയായ അവൾക്ക് ഏറ്റവും ഇഷ്ടം റോക്ക് മ്യൂസിക്കും പിസയുമായിരുന്നു. ജെയിംസിനെ ചൊടിപ്പിക്കാൻ അവൾ തന്റെ കുസൃതിത്തരങ്ങളിലൂടെ എപ്പോഴും ശ്രമിച്ചുകൊണ്ടിരുന്നു. അവനാകട്ടെ തന്റെ അനുജത്തിയുടെ കുറുമ്പുകൾ ആസ്വദിച്ചു.

അങ്ങനെ ആ അവധിക്കാലം വന്നെത്തി. ആകാശത്തിലെ വെൺമേഘങ്ങൾ ഭൂമിക്ക് കുട പിടിച്ചു. എഴുന്നു നിൽക്കുന്ന പൈൻ മരങ്ങളിൽ മഞ്ഞുമൂടി. മിസ്റ്റർ പഠാൻ പാരീസിനടുത്തുള്ള തന്റെ ഫാം ഹൗസിലേയ്ക്ക് ഒഴിവുകാലം ചെലവഴിക്കാനായി യാത്ര തിരിച്ചു. അതിന് മറ്റൊരുദ്ദേശ്യം കൂടി ഉണ്ടായിരുന്നു.

സ്പെയിനിൽ നിന്ന് ഫ്രാൻസിലേയ്ക്കുള്ള യാത്ര ജെയിംസിനെ ശരിക്കും ത്രില്ലടിപ്പിച്ചു. അവൻ ജനിച്ചതിനു ശേഷം രണ്ടാമത്തെ തവണയാണ് പാരീസിലെ ഫാം ഹൗസിലെത്തുന്നത്. ആദ്യതവണ അവിടെ പോയപ്പോൾ അവൻ തീരെ ചെറിയ കുട്ടിയായിരുന്നു. നാലോ അഞ്ചോ വയസ്സേ അന്ന് ഉണ്ടാകൂ. മാഞ്ഞു തുടങ്ങിയ ഓർമ്മകൾ വീണ്ടെടുക്കു

വാൻ ഒരവസരം. അതിനേക്കാളും ജെയിംസിനെ ആഹ്ലാദിപ്പിച്ചത് മറ്റൊന്നായിരുന്നു. ഫാം ഹൗസിനടുത്ത് തന്റെ അമ്മാവന്റെ വീട്ടിലുള്ള ലൈബ്രറി! ലോകോത്തര ക്ലാസ്സിക്കുകളുടെ ഒരു സംഗമമായിരുന്നു അത്. തന്റെ അമ്മയായ മേരി പറഞ്ഞ് അവന് അതറിവുണ്ട്.

ജെയിംസിന്റെ അമ്മാവൻ കെറി വിൻസ്റ്ററിന് മൂന്ന് പെൺകുട്ടികളും ഒരാൺകുട്ടിയുമായിരുന്നു മക്കൾ. അതിൽ രണ്ടു പേർ ജെയിംസിന്റെ സമപ്രായക്കാർ. അവരുടെ ഇളയ അനുജൻ തീരെ ചെറിയ കുട്ടിയായിരുന്നു. മിസ്റ്റർ പഠാന്റെ ഫാം ഹൗസ് നോക്കി നടത്തിയിരുന്നത് ജെയിംസിന്റെ അമ്മാവനായിരുന്നു. പുനഃസമാഗമത്തിന്റെ ആഹ്ലാദത്തിൽ രാത്രി വളരെ വൈകുവോളം അവർ ഡാൻസ് ചെയ്തും കുടിച്ചും തിമിർത്താടി പാർട്ടി ആസ്വദിച്ചു.

“മിസ്റ്റർ വിൻസ്റ്റർ താങ്കളുടെ അനന്തരവന്റെ സ്വഭാവം ഒരു പൂച്ചക്കുട്ടിയെപ്പോലെയാണ്. അവൻ ഇതുവരെ തെറ്റുകളൊന്നും ചെയ്തിട്ടില്ല!”

പഠാൻ പരാതിപ്പെട്ടു.

“തെറ്റുകളോ? യെസ് വിൻസ്റ്റർ. അവൻ പുസ്തകങ്ങളെ മാത്രം സ്നേഹിക്കുന്നു. കുസൃതികളില്ല. കൂട്ടുകാരില്ല. ഡാൻസില്ല. എന്തിന്, ഒരു ഗേൾ ഫ്രെണ്ട് കൂടിയില്ല.”

“ഹൊ ഹൊ ഹൊ! അതാണോ?”

മിസ്റ്റർ വിൻസ്റ്റർ പൊട്ടിച്ചിരിച്ചു. തുടർന്ന് കയ്യിലിരിക്കുന്ന വൈൻ ഗ്ലാസ്സ് നുകർന്ന് കൊണ്ട് മൊഴിഞ്ഞു.

“ഡിയർ പഠാൻ, താങ്കൾ വിഷമിക്കേണ്ട. അവന്റെ കാര്യം ഞാൻ ശരിയാക്കാം. എന്റെ മകൾ ഹെലനോട് ഞാനവനെക്കുറിച്ച് പറയാം. അവൾ അവന്റെ മൂത്ത സഹോദരിയല്ലേ? അവൾ പറഞ്ഞാൽ അവൻ അനുസരിക്കാതിരിക്കില്ല. ഈ അവധിക്കാലം കഴിഞ്ഞ് പോകും മുമ്പ് അവൻ ഒരാൺകുട്ടിയായിരിക്കും. ദിസ് ഈസ് മൈ പ്രോമിസ്.”

“ഓ! താങ്ക്യൂ വിൻസ്റ്റർ താങ്ക്യൂ.”

മിസ്റ്റർ പഠാൻ പ്രതിവചിച്ചു.

രണ്ട് മൂന്ന് ദിവസം കഴിഞ്ഞു. ജനിഫർ ഫാം ഹൗസിലൂടെ മഞ്ഞുകണങ്ങൾ ഇറ്റു വീഴുന്ന മുന്തിരിത്തോപ്പിലും തൊടികളിലുമെല്ലാം ഒരു പൂമ്പാറ്റയെപ്പോലെ പാറി നടന്നു. അമ്മയോടൊപ്പം നഗരക്കാഴ്ചകൾ കണ്ടും സന്തോഷിച്ചും. ജെയിംസാകട്ടെ ലൈബ്രറിയിലെ പുസ്തകങ്ങളിൽ മനം പൂഴ്ത്തി. ഹെലന്റെ ഉപദേശങ്ങൾ അവന്റെ മനസ്സിനെ സ്പർശിച്ചിരുന്നില്ല. അവൻ പഴയ പടി തന്നെ. അത് കൊണ്ട് അവൾ ആ പാഴ്പ്പണി ഉപേക്ഷിച്ചു. ഇതിനിടയിൽ അവൻ അമ്മാവന്റെ മറ്റു കുട്ടികളോട് സൗഹൃദം സ്ഥാപിച്ചു.

മിസ്. ജൂലിയറ്റ്. നീലാകാശത്തിന്റെ കണ്ണുകളുള്ള സ്വർണ്ണത്തലമുടിയും മെലിഞ്ഞ ശരീരവുമുള്ള പെൺകുട്ടി. അവളുടെ പുഞ്ചി

രിക്ക് തേനിന്റെ മാധുര്യമായിരുന്നു. അവളുടെ മുഖം കണ്ടാൽ ആർക്കാണ് കണ്ണെടുക്കാൻ തോന്നുക? ഹെലന്റെ കൂട്ടുകാരിയാണവൾ. അവൾ പക്ഷേ, ജെയിംസിനെപ്പോലെ നിർഗ്ഗുണയായിരുന്നില്ല. ചുറുചുറുക്കും ഉത്സാഹവും വിദ്യാഭ്യാസവുമുള്ള സ്മാർട്ടായ പെൺകുട്ടി. ജെയിംസിനേക്കാൾ ഒരു വയസ്സിന് ഇളപ്പം മാത്രമേ അവൾക്കുണ്ടായിരുന്നുള്ളു. അവളുടെ അച്ഛന് ബിസിനസ്സ് സംബന്ധമായി പോർച്ചുഗലിലേയ്ക്ക് പോകേണ്ടി വന്നതു കൊണ്ട് രണ്ട് മാസത്തേയ്ക്ക് മെറി വിൻസ്റ്ററിനടുത്താക്കിയാണ് അയാൾ പോയത്. ജൂലിയറ്റിനും അതൊരു സന്തോഷമുള്ള കാര്യമായിരുന്നു. അമ്മ ചെറുപ്പത്തിലേ മരിച്ച അവൾക്ക് എല്ലാം അച്ഛനായിരുന്നു. അതിനാൽ അച്ഛൻ പോ കാൻ യാത്ര പറഞ്ഞപ്പോൾ അവളുടെ കണ്ണ് നിറഞ്ഞു.

ഒരാഴ്ച കൊണ്ട് തന്നെ ജൂലിയറ്റ് എല്ലാവരുടേയും മനസ്സ് പിടിച്ചടക്കി. അവൾ നന്നായി പാടുമായിരുന്നു. ഹെലന്റെ അനുജത്തിയുമൊത്ത് അവൾ പാർട്ടികളിൽ ഗിത്താർ വായിച്ച് എല്ലാവരേയും രസിപ്പിച്ചു. മച്ചിനു മുകളിൽ വർഷങ്ങളായി പൊടി പിടിച്ചു കിടന്ന ആ ഗിത്താർ മിസ്റ്റർ വിൻസ്റ്റൻ നന്നാക്കി എടുപ്പിച്ചാണ് അവൾക്ക് സമ്മാനിച്ചത്. ആ രാവുകളിൽ അവളുടെ വിരലുകൾ അതിന്മേൽ രാഗമഴയായി പെയ്തു നടന്നു. അവളുടെ അടവുകളൊന്നും ഫലിക്കാതെ പോയത് ജെയിംസിന്റെ അടുത്ത് മാത്രമായിരുന്നു. അവളുടെ സംഗീതം അവനിൽ വെറുപ്പ് മാത്രമാണ് സൃഷ്ടിച്ചത്. ജൂലിയറ്റ് അവനോട് കൂട്ടു കൂടാൻ നടത്തിയ ശ്രമങ്ങളെല്ലാം വൃഥാവിലായി.

അന്നാണ് അത് സംഭവിച്ചത്. ജെയിംസിന്റെ ജീവിതം തന്നെ ആ സംഭവം മാറ്റി മറിച്ചു. അവൻ പുതിയൊരു മനുഷ്യനായി. അതിന് കാരണക്കാരി ജൂലിയറ്റും.

ജൂലിയറ്റും കൂട്ടരും ഒരു ദിവസം ഒരു ഔട്ടിംഗിന് തീരുമാനിച്ചു. എല്ലാവരും വളരെ നിർബ്ബന്ധിച്ചതിന് ശേഷമാണ് ജെയിംസ് അവരോടൊപ്പം ചേരാൻ സമ്മതിച്ചത്. മറ്റെല്ലാവരും തടാകത്തിൽ ബോട്ടിംഗിന് പോയപ്പോൾ ജൂലിയറ്റും ജെയിംസും തനിച്ചായി. ആ തണുത്ത പ്രഭാതത്തിൽ പൊഴിയുന്ന മഞ്ഞിന്റെ കൈലേസ് ഭൂമിയുടെ മുഖപടം മറച്ചിരുന്നു. പൈൻ മരങ്ങളിൽ കാറ്റ് വന്ന് തഴുകിക്കടന്നു പോയപ്പോൾ ചെറു ജലകണങ്ങൾ തെറിച്ച് അവരുടെ ശിരസ്സിൽ വീണു. ജെയിംസിന് പുസ്തകം തുറക്കാനുള്ള സാഹചര്യം ഒരിക്കലും അവിടെയുണ്ടായിരുന്നില്ല. അവൻ ഓടി പാർക്കിനുള്ളിലെ കോൺക്രീറ്റു പ്രതിമയുടെ തണൽ തേടി. ജെയിംസിന് നന്നായി തണുക്കുന്നുണ്ടായിരുന്നു. ജൂലിയറ്റാകട്ടെ ഇടം കണ്ണുകൊണ്ട് ജെയിംസിന്റെ ദേഹം ഉഴിഞ്ഞുകൊണ്ടിരുന്നു. അവൾ മെല്ലെ അവനടുത്തേയ്ക്ക് നടന്നു ചെന്നു.

"ജെയിംസ് എന്താ തണുക്കുന്നുണ്ടോ?"

അവൾ ചോദിച്ചു.

"ഊം."

മറുപടി അവനൊരു മൂളലിലൊതുക്കി. വിജനമായ പാർക്ക്. അകലെ യൂറോപ്യൻ സ്റ്റൈലിലുള്ള വാച്ച് ടവർ. മന്ദം ഗമിക്കുന്ന തടാകവും അതിലെ കുഞ്ഞോളങ്ങളും. അവയെ തലോടുന്ന ചെറുകാറ്റ് അവർക്കു മേൽ വലിയൊരു ഐസ് കട്ട വീഴ്ത്തി. ജൂലിയറ്റ് അത് തട്ടിക്കളഞ്ഞിട്ട് ജെയിംസിന്റെ കൈ പിടിച്ച് അടുത്തു കിടന്ന ഒഴിഞ്ഞ കെട്ടിടത്തിലേയ്ക്ക് പോയി. അവളുടെ ആ പ്രവൃത്തിയെ ജെയിംസ് എന്തുകൊണ്ടോ എതിർത്തില്ല.

ജൂലിയറ്റ് ഏറെ സംസാരിച്ചു. അവളെക്കുറിച്ച് അവളുടെ സ്വപ്നങ്ങളെക്കുറിച്ച്, എന്തെങ്കിലും പറയാൻ ജെയിംസിനെയും അവൾ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. ഒടുവിൽ ജെയിംസും സംസാരിക്കാൻ തുടങ്ങി. അവൻ അന്ന് ഏറെ സംസാരിച്ചു.

മനസ്സിനുള്ളിൽ ഒളിച്ചു വെച്ച മോഹങ്ങൾ... നൈരാശ്യങ്ങൾ... ഏകാന്തതകൾ... അവന്റെ സ്വകാര്യദുഃഖങ്ങൾ... എല്ലാം അവൾക്കു മുമ്പിൽ അവൻ തുറന്നു വെച്ചു. അവനിൽ നിന്ന് കൂടുതൽ കൂടുതൽ വാക്കുകൾ പുറത്തു വരാൻ അവൾ പ്രോത്സാഹിപ്പിച്ചു കൊണ്ടിരുന്നു. ഒരു മഹാപ്രളയം പോലെ എല്ലാം ഒഴുകിയമർന്നു. ഒടുവിൽ അവളുടെ നെഞ്ചിലേയ്ക്കവൻ വീണു. ആ തണുപ്പിൽ ജൂലിയറ്റിന്റെ നെഞ്ചിന്റെ ചൂട് അവന്റെ രോമകൂപങ്ങളിൽ പടർന്നിറങ്ങി. അവരുടെ ആലിംഗനത്തിന്റെ ദൈർഘ്യം വളരെ നീണ്ടു.

ആകാശത്ത് മേഘങ്ങൾ തെളിഞ്ഞു. വെളുത്ത പഞ്ഞിക്കെട്ടുകൾക്കിടയിലൂടെ സൂര്യന്റെ നനുത്ത കിരണങ്ങൾ ഭൂമിയിലേയ്ക്കരിച്ചിറങ്ങവേ രണ്ട് മഞ്ഞിൻ കണങ്ങൾ ഉരുകി ഒന്നായി. ഒടുവിൽ ജൂലിയറ്റിന്റെ കൈ പിടിച്ച് അവൻ നടന്നു. പുതിയൊരു ജീവിതത്തിലേയ്ക്ക്.

2. വഴിയിൽ കൊഴിഞ്ഞ പൂവ്

"ഒത്തിരി മോഹങ്ങളും സ്വപ്നങ്ങളും പ്രതീക്ഷകളുമായാണ് ഞാനീ നഗരത്തിൽ ട്രെയിനിറങ്ങിയത്. അവയെല്ലാം ഇന്ന് വ്യർത്ഥമാ യെന്നോർക്കുമ്പോഴും ഒന്ന് മാത്രമേ എനിക്ക് ആശ്വാസം പകരുന്നു ള്ളൂ. എന്താണെന്നല്ലേ?"

ന്യൂഡൽഹി. 1989 ഒക്ടോബർ 20. അന്നാണ് ഞാൻ ഈ മഹാ നഗരത്തിൽ ആദ്യമായി കാല് കുത്തുന്നത്. തിരക്കേറിയ വീഥികളും അംബരചുംബികളായ കെട്ടിടങ്ങളും നഗരത്തിന്റെ പത്രാസും എന്നെ അത്ഭുതപ്പെടുത്തി. സുഹൃത്തിനൊപ്പം താമസസ്ഥലത്തേയ്ക്ക് റിക്ഷ യിൽ സഞ്ചരിക്കുമ്പോഴും എന്റെ ദൃഷ്ടി വഴിക്കാഴ്ചകളിലായിരുന്നു. തിരക്കിന്റെ കൊടുമുടിയിൽ എറുമ്പിൻ കൂട്ടങ്ങളെപ്പോലെ പാഞ്ഞു നട ക്കുന്ന മനുഷ്യർ. പകിട്ടിൽ സ്വയം മത്സരിക്കുന്ന കടകൾ. വഴിയോരക്ക ച്ചവടക്കാർ. ഗലികളിലെ കുപ്പച്ചാലുകളിൽ ഭക്ഷണം തിരയുന്ന കുട്ടി കൾ.

കാഴ്ചകൾക്കൊടുവിൽ ഞങ്ങൾ താമസസ്ഥലത്തെത്തി അതൊരു തെരുവായിരുന്നു. മുറിഞ്ഞ ശരറാന്തൽ കത്തി നിൽക്കുന്ന ഇടിഞ്ഞ് വീഴാറായ കെട്ടിടത്തിന്റെ ഒന്നാം നിലയിലെ പൊളിഞ്ഞ് വീ ഴാറായ കതകുപാളികൾ രമേഷ് തുറന്നു.

"വാടാ."

അവൻ ക്ഷണിച്ചു. ഇടുങ്ങിയ ഒരു മുറിയായിരുന്നു അത്. കഷ്ടിച്ച് ഒരാൾക്ക് നിവർന്ന് നിൽക്കാം.

"രമേഷേ നീ മാത്രമേ ഉള്ളോ ഇവിടെ?"

ഞാൻ തിരക്കി.

"അല്ല, ഇപ്പോൾ നീയും കൂടിയുണ്ട്".

ഒരു ചെറുപുഞ്ചിരിയോടെ അവൻ മറുപടി പറഞ്ഞു.

"നീ പോയി കുളിച്ച് വസ്ത്രം മാറി വാ. രാവിലെ ഉണ്ടാക്കിയ ചപ്പാത്തി ഇരിപ്പുണ്ട്".

അവൻ പറഞ്ഞു.

"ശരി."

ഞാൻ ബാത്ത്റൂമിലേയ്ക്ക് കയറി.

വർഷങ്ങൾ പിന്നിട്ടതറിഞ്ഞില്ല. നാളെയാണ് ഫെബ്രുവരി 20. ഡൽഹി വിടുന്ന ദിവസം. ഇരുപത്തിഅഞ്ച് വർഷങ്ങൾക്ക് ശേഷം ഞാൻ സ്വന്തം നാടിന്റെ മണവും ശ്വാസവും തൊട്ടറിയാൻ പോകുന്നു. ഡൽഹിയെന്ന മഹാനഗരത്തിന് വിട. ഇവിടെയെത്തുമ്പോൾ ഞാൻ തനിച്ചായിരുന്നു. ഇന്നെനിക്ക് കൂട്ടിന് ഭാര്യയും രണ്ട് കുഞ്ഞുങ്ങളുമട

ങ്ങുന്ന കുടുംബമുണ്ട്. ഇതിനിടയിൽ എന്റെ പ്രിയ സുഹൃത്ത് രമേഷ് ഞങ്ങളെ വിട്ട് കാലയവനികയ്ക്കുള്ളിലേയ്ക്ക് നടന്നു മറഞ്ഞിരുന്നു.

പൂജ. വിടർന്ന കണ്ണുകളും പടർന്ന പുഞ്ചിരിയും ഗോതമ്പിന്റെ നിറവുമുള്ള സുന്ദരിയായ ബംഗാളിപെൺകുട്ടി.

അതാണ് എന്റെ താങ്ങ് ജീവിതത്തിന്റെ നൂൽപ്പാലത്തിൽ എന്നോടൊപ്പം നടക്കാനും എന്റെ കുഞ്ഞുങ്ങളെ പ്രസവിച്ച് വളർത്താനും ദൈവം കൽപ്പിച്ച സഹധർമ്മിണി.

രമേഷിന്റെ ഓഫീസിൽ ക്ലർക്കായി ജോലി ചെയ്തിരുന്ന അവളെ ആദ്യമായി കണ്ടുമുട്ടിയതും പ്രണയിച്ചതും വിവാഹം കഴിച്ചതുമെല്ലാം ഇന്നലെക്കഴിഞ്ഞ പോലെ മനസ്സിന്റെ ചില്ലുജാലകങ്ങൾ തുറന്ന് ഓർമ്മപ്രാവുകൾ ഒന്നൊന്നായി കുറുകിച്ചിറകടിച്ച് പറന്ന് പൊയ്ക്കൊണ്ടിരുന്നു.

ഒരു മകനും ഒരു മകളുമാണെനിക്ക്. മകൻ കൃഷ്ണദേവ് പത്താം ക്ലാസ്സിൽ പഠിക്കുന്നു. മകൾ അനന്ത. ഏഴാം ക്ലാസ്സ് വിദ്യാർത്ഥിനി. ന്യൂഡൽഹിയിലെ സതേൺ പബ്ലിക് സ്കൂളിലാണ് ഇരുവരും പഠിക്കുന്നത്.

സൂര്യനസ്തമിച്ചു. ഞാൻ കാറിനുള്ളിലേയ്ക്ക് കയറി. പുലരി പിറന്നു. തണുത്ത ഫെബ്രുവരിയിലെ ഇരുപതാമത്തെ പുലരി. എല്ലാം പായ്ക്ക് ചെയ്ത് എയർപോർട്ടിലെത്തി. എമിഗ്രേഷനെല്ലാം കഴിഞ്ഞ് എയർ ബസ്സിൽ പ്രവേശിച്ചു. മണിക്കൂറുകളുടെ ഇടവേള. തിരുവനന്തപുരത്തിന്റെ മണ്ണിൽ കാലുകുത്തിയപ്പോൾ ഞങ്ങളുടെ മനസ്സിന്റെ ഉള്ളിലെ ആഹ്ലാദം എന്റെ ചുണ്ടുകളിൽ പഴയൊരു ഹിന്ദി ഗസലായി വിടർന്നു. പിന്നേയും കുറേ നേരം ടാക്സിയാത്ര. കുട്ടികൾ വളരെ ആഹ്ലാദത്തിലായിരുന്നു. വഴിക്കാഴ്ചകൾ അവർ ന ന്നായി ആസ്വദിക്കുന്നുണ്ടായിരുന്നു. ഇടയ്ക്കിടയ്ക്ക് തമാശകൾ പൊട്ടിച്ച് ഞാനും പൂജയും അവരോടൊപ്പം കൂടി.

ഒടുവിൽ ഞാൻ ഗ്രാമത്തിലെത്തി എന്റെ സ്വന്തം ഗ്രാമം. പക്ഷേ... സങ്കൽപ്പങ്ങളെ ആകെ തകിടം മറിച്ച് കൊണ്ട് അതിന്റെ മുഖച്ഛായ ആകെ മാറിപ്പോയിരുന്നു. എന്റെ സുഹൃദ്സമ്മേളനങ്ങൾക്കും വെടി പറച്ചിലിനും വേദിയായിരുന്ന ആൽത്തറ ഉണ്ടായിരുന്നിടത്ത് ഇപ്പോൾ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്. എന്റെ സ്കൂളിനും തെരുവുകൾക്കുമെല്ലാം കാലത്തിന്റെ ഭൂതബാധ ഉണ്ടായിരിക്കുന്നു. ചിരപരിചിതമായ ഒറ്റയടിപ്പാതകളിൽ ടാറിന്റെ നരച്ച ആവരണകവചം തീർത്തിരിക്കുന്നു. ഇന്നീ ഗ്രാമത്തിന് ആ പഴയ വശ്യത നഷ്ടപ്പെട്ടിരിക്കുന്നു. ഗ്രാമസൗന്ദര്യത്തിന്റെ വെൺചിമിഴുകളിൽ നാഗരികതയുടെ നീരാളികൾ സൗധങ്ങൾ കൊണ്ട് വീഴ്ത്തിയിരിക്കുന്നു, മനസ്സമാധാനം.

ഇവിടെ എല്ലാം ഈയുള്ളവന്റെ കൈകൾക്കിടയിലൂടെ ചോർന്ന്

നഷ്ടമായിരുന്നു. വീട്, ബന്ധങ്ങൾ. എല്ലാം കാലമെന്ന മഹാപ്രളയം ഒന്ന് പോലും എനിക്കായി അവശേഷിപ്പിച്ചില്ല. എന്നാലും, എന്തെങ്കിലും എന്റേതായി ഇവിടെ അവശേഷിപ്പിക്കണമെന്ന് മനസ്സ് വാദിച്ചുകൊണ്ടിരുന്നു. അൽപ്പനാൾ നാട്ടിൽ ചെലവഴിക്കാൻ തീരുമാനിച്ചു. കുടുംബത്തെ ഡൽഹിയിലേയ്ക്ക് വണ്ടി കയറ്റി വിട്ടു.

വളരെയൊന്നും അന്വേഷിക്കേണ്ടി വന്നില്ല. എന്റെ അച്ഛനുറങ്ങുന്ന മണ്ണിനടുത്ത് തന്നെ ഓടിട്ട ചെറിയ വീട് വാങ്ങി. പാപനാശത്ത് പോയി പിതൃബലിയിട്ടു. സൂര്യന്റെ കിരണങ്ങൾ താമരപ്പെൺകൊടിയെ തൊട്ടുണർ ത്തുന്ന ഏപ്രിൽ 10ലെ തണുത്ത പ്രഭാതത്തിൽത്തന്നെ എന്റെ സ്വപ്നങ്ങളും ദുഃഖങ്ങളുമെല്ലാം ഒരു ചെറുഭാണ്ഡത്തിലാക്കി ഞാൻ നാടിനോട് വിട പറഞ്ഞു. ആരോടും പറയാതെ ഒന്നിനോടും വിധേയത്വമില്ലാതെ എന്റെ ലോകത്തിലേയ്ക്ക്. ഇനിയും മടങ്ങി വരുമോ? വരും. അല്ല. വരേണ്ടി വരും. കാരണം, ഇവിടെ ഞാൻ വാങ്ങിയ വീട് എന്നെങ്കിലുമൊരിക്കൽ വാർദ്ധക്യം കീഴടക്കുമ്പോൾ മരണത്തിന്റെ വിളി കാതിൽ മുഴങ്ങുമ്പോൾ കാശിയേക്കാളും പുണ്യാത്മാവെന്ന് ഞാൻ കരുതുന്ന എന്റെ ഗ്രാമത്തിന്റെ മണ്ണിൽ അലിഞ്ഞ് ചേരാൻ ഇനിയും മടങ്ങി വരും.
പ്രതീക്ഷയോടെ വിട...

3. ആ തിങ്കളാഴ്ച വന്നു

രാവിലെ 9.30ന് തന്നെ കുളിച്ച് കുറിയണിഞ്ഞ് വടി പോലെ തേച്ച് മിനുക്കിയ പാന്റ്സും ഷർട്ടുമിട്ടു. ഷർട്ട് ഇൻ ചെയ്ത് ഇന്നലെ വാങ്ങിയ പുതിയ ബൽറ്റ് ധരിച്ചു. കൈയിൽ സർട്ടിഫിക്കറ്റുകളടങ്ങിയ ഫയലും പിടിച്ച് എക്സിക്യൂട്ടീവ് ലുക്കിൽ ഇന്റർവ്യൂവിനെത്തി.

എന്തിനെക്കുറിച്ചാണ് ഞാൻ സംസാരിക്കുന്നതെന്ന് മനസ്സിലായില്ല! അല്ലേ...? വളരെ നാളുകളായി എന്റെ ജോലി ഇത് തന്നെയാണ്. എത്ര ഇന്റർവ്യൂകൾ കഴിഞ്ഞു. വണ്ടിക്കൂലിക്ക് കടം വാങ്ങിയ കാശ് ചെലവാകുന്നതല്ലാതെ മറ്റൊരു മെച്ചവുമില്ല. ഒന്നുകിൽ കമ്പനിക്കാർ സെക്യൂരിറ്റി ഡെപ്പോസിറ്റ് ആവശ്യപ്പെടും. അല്ലെങ്കിൽ മറ്റാർക്കെങ്കിലും വേണ്ടി ആ ജോലി ശുപാർശ ചെയ്യപ്പെട്ടിരിക്കും! ഇതിന് രണ്ടിനും നിവൃത്തിയില്ലാത്തതിനാൽ ഈ 'ഏഴ' എന്നും തഴയപ്പെട്ടു പോന്നു. ഒടുവിലാണ് ഈ ഇന്റർവ്യൂ മെഡിക്കൽ റപ്രസെന്റേറ്റീവിനെ ആവശ്യമുണ്ടെന്ന പത്രപ്പരസ്യം കണ്ട് അപേക്ഷിച്ചു. കാർഡ് വന്നു. സുവോളജിയിൽ ഡിഗ്രി നേടിയത് കൊണ്ട് ഒരു ചെറിയ പ്രതീക്ഷ എനിക്കുണ്ടായിരുന്നു.

ഇന്റർവ്യൂ ഹാളിൽ നിരവധി പേർ എന്നെപ്പോലെ ഉദ്യോഗം മോഹിച്ച് വന്നിരിപ്പുണ്ടായിരുന്നു. 10 മണിക്ക് തുടങ്ങിയ അഭിമുഖം തീർന്നപ്പോൾ 5 മ ണിയായി. വീട്ടിലെത്തി.

"ഇന്റർവ്യൂ എങ്ങിനെയുണ്ടായിരുന്നു?"

അമ്മ ചോദിച്ചു.

"ഭേദപ്പെട്ട രീതിയിൽ അറ്റൻഡു ചെയ്തു, അമ്മേ."

"ഉം."

അമ്മ ഒന്ന് മൂളിയിട്ട് അടുക്കളയിലേയ്ക്ക് പോകും വഴി പിറുപിറുക്കുന്നത് കേട്ടു

"ഇന്റർവ്യൂവെന്നു പറഞ്ഞ് എത്ര രൂപയാണവൻ തൊലച്ചത്. ആ കാശുണ്ടായിരുന്നെങ്കിൽ പത്ത് മൂട് തെങ്ങിൻതൈ നടാമായിരുന്നു".

ഞാനത് കേട്ടതായി ഭാവിക്കാതെ അകത്തേയ്ക്ക് പോയി. ഒടുവിൽ ആ ദിവസം വന്നെത്തി. രാവിലെ വായനശാലയിലേയ്ക്ക് പോകാനിറങ്ങുമ്പോഴാണ് ഫോൺകോൾ വന്നത്. നിങ്ങളെ സെലക്ട് ചെയ്തിരിക്കുന്നു. അടുത്ത തിങ്കളാഴ്ച ജോയിൻ ചെയ്യണം. ഫാർമ കമ്പനിയുടെ മാനേജർ അത് പറഞ്ഞപ്പോൾ മനസ്സ് ആഹ്ലാദം കൊണ്ട് തുള്ളിച്ചാടുകയായിരുന്നു. വിവരം അമ്മയോട് പറഞ്ഞു. അമ്മയ്ക്ക് വളരെ സന്തോഷമായി. വളരെ ചെറുപ്പത്തിലേ അച്ഛൻ നഷ്ടപ്പെട്ട എന്നെ വ

ഉരെ കഷ്ടപ്പെട്ടാണ് അമ്മ വളർത്തിയത്. കോ-ഓപ്പറേറ്റീവ് ബാങ്കിലെ പ്യൂൺ ജോലിയിൽ നിന്ന് കിട്ടുന്ന ശമ്പളം ഒന്നിനും തികയുമായിരുന്നില്ല. അമ്മയുടെ പേരിലുള്ള സ്വത്തുക്കളെല്ലാം വിറ്റു പെറുക്കി ഒരു വിധമാണ് ഏട്ടത്തിയെ കെട്ടിച്ചയച്ചത് അതിന്റെ കടം ഇപ്പോഴും ബാക്കിയുണ്ട്. ഇനി ഈ വീടും പറമ്പും മാത്രമേ മിച്ചമുള്ളൂ. കടം വീട്ടാൻ അതും പണയപ്പെടുത്താൻ ഒരുങ്ങുമ്പോഴാണ് ഈ ജോലി എന്നെത്തേടി എത്തുന്നത്. അമ്മയ്ക്ക് സന്തോഷമായതിൽ അത്ഭുതമുണ്ടോ? വരാൻ പോകുന്ന നല്ല നാളുകളെ സ്വപ്നം കണ്ടാണ് അന്ന് രാത്രി ഞാൻ കഴിച്ചു കൂട്ടിയത്.

ഒടുവിൽ ആ തിങ്കളാഴ്ച ദിവസം വന്നു. അപ്പോയിൻമെന്റ് ഓർഡറുമായി മാനേജരുടെ മുറിയിലേയ്ക്ക് എന്നെ അവർ ഹാർദ്ദവമായി സ്വീകരിച്ചു. മൂന്ന് മാസത്തെ ട്രെയിനിംഗിനു ശഷം പുതിയൊരു വ്യക്തിയായി ഞാൻ പുറത്തേയ്ക്ക് വന്നു. ആദ്യമായി ജോലിക്ക് ജോയിൻ ചെയ്ത ദിവസം ജീവിതത്തിന്റെ മറുകരയിലേയ്ക്കുള്ള യാത്രയുടെ തുടക്കം. ബിസിനസ്സ് തന്ത്രങ്ങളുടേയും വാചകക്കസർത്തിന്റേയും അശ്വമേധ ദിഗ്വിജയയാത്രകൾ അവിടെ ആരംഭിച്ചു.

ഇന്ന് ഞാൻ ആറക്കശമ്പളം വാങ്ങുന്നു. ബെൻസ് കാറിൽ സഞ്ചരിക്കുന്നു. നൂറുകണക്കിനാളുകൾ എന്റെ ആജ്ഞയ്ക്കായി കാത്തു നിൽക്കുന്നു. അമ്മ മരിച്ചിട്ട് ഇന്ന് മൂന്ന് വർഷം തികയുന്നു. ഒരു ശിശിരത്തിലെ നനുത്ത തിങ്കളാഴ്ചയായിരുന്നു അമ്മ എന്നെ വിട്ടു പിരിഞ്ഞത്. ഇന്നീ ലോകത്ത് സ്വന്തമെന്ന് പറയാൻ എനിക്ക് എന്റെ ചേച്ചി മാത്രമേ ഉള്ളൂ. ക്യാൻസർ പിടിപെട്ട് അവരുടെ ഭർത്താവ് ചികിത്സയിലാണിപ്പോൾ.

അമ്മ വളരെ നിർബന്ധിച്ചതാണ്. ഒരു വിവാഹം കഴിക്കാൻ. എല്ലാം നേടാനുള്ള പാച്ചിലിനിടയിൽ അതിന് ചെവികൊടുക്കാൻ എനിക്ക് സമയമില്ലായിരുന്നു. ഒടുവിലിപ്പോൾ അമ്മയും പോയി. ഇനി 'ഒരു വിവാഹം. അത്,അത് ശരിയാകില്ല'. വയസ്സ് 48 കഴിഞ്ഞു. ഇനി ഇങ്ങനെയൊക്കെയങ്ങ് പോയാൽ മതി.

സുഹൃത്തേ ഇതാണ് എന്റെ കഥ ഇതിൽക്കൂടുതൽ എന്നെക്കുറിച്ച് പറയാനാകുന്നത് ഒരാൾക്ക് മാത്രം. ആകാശത്തെ പുൽമേടുകളിൽ ചന്ദ്രനസ്തമിക്കുമ്പോൾ ഭൂമിയിൽ അരിച്ചരിച്ചിറങ്ങുന്ന നനുത്ത സൂര്യരശ്മികൾക്കിടയിലൂടെ മഞ്ഞിൻ പട്ടുചേല ചാർത്തി നാണം കുണുങ്ങി കടന്നു വരുന്ന തിങ്കളാഴ്ചപ്പെണ്ണിന് മാത്രം.

അതേ കാഴ്ചകളിൽ സ്വയം മറക്കാൻ, തിരക്കുകളിൽ ഊളിയിടാൻ എല്ലാ തിങ്കളാഴ്ചയും പ്രാർത്ഥനയോടെ അവൾക്ക് കൂട്ടായി ഞാനും.

4. വിധിച്ചിലമ്പിന്റെ കിലുക്കം

ക്ഷേത്രനടയിലാണ് എന്നും അയാളെ കണ്ടു മുട്ടാറ്.

“സാറേ, കൈ നോക്കാം,. ഫലം പറയാം. ശാസ്ത്രം. ശാസ്ത്രം. വാ സാറെ ചിലത് പറയാനുണ്ട്!”

അയാളുടെ ക്ഷണം മിക്കപ്പോഴും അവഗണിച്ച് കടന്നു പോകാറാണ് പതിവ്. ഇന്നെന്തായാലും അയാളുടെ മുന്നിൽ ഇരുന്നു കൊടുക്കാമെന്ന് തീരുമാനിച്ചു.

“സാറേ, ആദ്യം മനസ്സിൽ തോന്നിയ ഒരു ദക്ഷിണ വച്ചാട്ടെ.”

പോക്കറ്റിൽ നിന്ന് പത്ത് രൂപ നോട്ട് എടുത്ത് നീട്ടി. അയാളത് സസന്തോഷം വാങ്ങി ഡയറിയിൽ വച്ചു.

“സാറേ, ഇപ്പോ സാറിന് ശുക്രദശയാ. ദീർഘായുസ്സ്, സമ്പത്ത് എല്ലാം വന്നു കയറും. ശനിയുടെ ചെറിയ അപഹാരം ഉണ്ട്. പക്ഷേ, പേടിക്കണ്ട. വ്യാഴം ഉച്ചനാ! കർമ്മരംഗത്ത് ധാരാളം നേട്ടം ഉണ്ടാകും.”

അയാൾ തന്റെ വാചകക്കസർത്ത് തുടർന്നു. എല്ലാം കേട്ട് നിർവ്വികാരമായ ഒരു തരം സംതൃപ്തിയോടെ അവസാനമായി ഒരു പത്ത് രൂപ കൂടി കൊടുത്ത് ബൈക്ക് സ്റ്റാർട്ടാക്കി ഞാൻ എന്റെ വഴിക്ക് പോയി.

പിറ്റേ ദിവസം പ്രഭാതം. പാൽ വാങ്ങാനായി റോഡ് ക്രോസ് ചെയ്ത എന്നെ, ഒരു പാണ്ടിലോറി ഇടിച്ച് തെറിപ്പിച്ചു. തൽക്ഷണം ആത്മാവ് ദേഹം വിട്ടൊഴിഞ്ഞു.

ആ ജ്യോത്സ്യൻ ഇപ്പോഴും അവിടത്തന്നെ ഇരുന്ന് ഭാവി പ്രവചിക്കുകയാണ്. അതോർത്തപ്പോൾ നേർത്ത വേദനയിൽ കുതിർന്ന ഒരു പൊട്ടിച്ചിരി എന്റെ ചുണ്ടുകളിൽ വന്നണഞ്ഞു. അതേ, ഞാനിപ്പോൾ നിത്യശാന്തിക്ക് വേണ്ടി അലയുകയാണ്.

വ്യാഴനും ശുക്രനും മറ്റ് നവഗ്രഹങ്ങളുമില്ലാത്ത, ഭൂത-ഭാവി-വർത്തമാനങ്ങളില്ലാത്ത ഈ ലോകത്തിൽ എന്നെങ്കിലും അയാളും വരും. അപ്പോൾ എനിക്ക് ചോദിക്കണം. എവിടെയാണ് നിങ്ങളുടെ ശാസ്ത്രം പിഴച്ചതെന്ന്.

5. ടിക്കറ്റ്

എഗ്മോർ എക്സ്പ്രസ്സിലെ തിരക്കുള്ള ജനറൽ കമ്പാർട്ട്മെന്റ്. ടി.ടി.ഇ രംഗപ്രവേശം ചെയ്തു. മാന്യമായി വസ്ത്രധാരണം ചെയ്ത ഒരുവനോട് ടിക്കറ്റ് ചോദിച്ചു.

അയാളുടെ പോക്കറ്റിൽ ശൂന്യത... അടുത്ത സ്റ്റേഷനിൽ കഴുത്തിന് പിടിച്ച് തള്ളപ്പെട്ടു. രാത്രിയുടെ മദ്ധ്യയാമങ്ങൾ... വിജനമായ പ്ലാറ്റ്ഫോറം... പതിയെ ബഞ്ചിൽ തല ചായ്ച്ചു. വല്ലാത്ത തണുപ്പ്. ഒപ്പം കൊതുകിന്റെ ശല്യവും. ബാഗേജിൽ നിന്ന് പുതപ്പ് വലിച്ച് പുറത്തെടുത്ത് തലയിലൂടെ മൂടിപ്പുതച്ചു. അൽപ്പസമയത്തിനുള്ളിൽത്തന്നെ ഉറക്കം അനുഗ്രഹിച്ചു.

നാട്ടിൽ നിന്ന് ഒരു പ്രൈവറ്റ് കമ്പനിയിലെ ഇന്റർവ്യൂവിനായി എഗ്മോറിലേയ്ക്ക് യാത്ര തിരിച്ചതാണയാൾ. ടിക്കറ്റെടുത്തതുമാണ്. ഇടയ്ക്ക് ബാത്ത്റൂമിൽ കയറി തിരികെ വന്നപ്പോഴേയ്ക്കും ടിക്കറ്റും മറ്റ് ചില സാധനങ്ങളും വച്ചിരുന്ന ചെറിയ ഹാന്റ്ബാഗ് കാണാനില്ല! വളരെ അന്വേഷിച്ചു. കണ്ട് കിട്ടിയില്ല. മനസ്സാകെ സംഘർഷാവസ്ഥയിലായിരിക്കുമ്പോഴായിരുന്നു ടി.ടി.ഇയുടെ രംഗപ്രവേശം. വളരെ പറഞ്ഞു. കാല് പിടിച്ചു നോക്കി. രക്ഷ കിട്ടിയില്ല. ഒടുവിൽ ബാഗുമെടുത്ത് ഇറങ്ങേണ്ടിയും വന്നു. നേരം വെളുത്തു. ക്ലോക്ക് റൂമിൽ പോയി മുഖം കഴുകി പ്രാഥമികകൃത്യങ്ങളും നിർവ്വഹിച്ചു. ചുറ്റും അറിയാത്ത ഭാഷ... അറിയാത്ത യാത്രികർ. റെയിൽവേ കൗണ്ടറിൽപ്പോയി എഗ്മോറിലേയ്ക്കുള്ള അടുത്ത ട്രെയിൻ സമയം തിരക്കി. ടിക്കറ്റെടുത്തു. രാവിലെ 7.30ന് പ്ലാറ്റ്ഫോറം നമ്പർ 2ൽ വണ്ടി വരും. ഇനിയും സമയമുണ്ട്. ഒരു 'ഹിന്ദു' പത്രവും വാങ്ങി ബാഗുമെടുത്ത് രണ്ടാമത്തെ പ്ലാറ്റ്ഫോമിലെ ബഞ്ചിൽ ഇരിപ്പുറപ്പിച്ചു. അന്നത്തെ പത്രവാർത്തകളിലൂടെ ഒരെത്തി നോട്ടം. വണ്ടി വന്നു. തിക്കിത്തിരക്കി വണ്ടിയിൽ കയറി. യാത്ര തുടർന്നു.

സന്തോഷത്തോടെ വീട്ടുപടിക്കലെത്തിയപ്പോൾ ഒരാൾക്കൂട്ടം. അച്ഛൻ മരിച്ചിരിക്കുന്നു! മരണാനന്തരകർമ്മങ്ങൾ നടത്തി. നാലാഴ്ചയ്ക്ക് ശേഷം ജൂൺ 10-ാം തിയ്യതി ജോലിയിൽ ജോയിൻ ചെയ്തു. കാലം മായ്ച്ച ഓർമ്മയുടെ താളുകളിൽ മഞ്ഞളിപ്പ് വീണപ്പോൾ ജീവിതം അലറിയടുക്കുന്ന തിരമാലകളിൽ ഉലഞ്ഞു മറിഞ്ഞ നൗക പോലെ. ജീവിതം അല്ലലില്ലാതെ തുടർന്ന് പോകുന്നു.

6. സ്വപ്നച്ചിറകുകൾ

യാഥാർത്ഥ്യത്തിൽ നിന്നും നാം അകന്നു പോകുന്നു എന്നാരോ പറഞ്ഞിട്ടുണ്ട്. വിഷ്ണുപാദത്തിലേയ്ക്കുള്ള പ്രയാണത്തിനായി സർവ്വം ത്യജിച്ച, ബന്ധങ്ങൾ മുറിച്ച, എന്നെപ്പോലെ ബ്രഹ്മാർത്ഥികളായവരെ നിരവധി കണ്ടു. അവരിലൊന്നും കാണാത്ത ദിവ്യചൈതന്യം! അതാണ്, ഞാൻ ഗുരു നിത്യാനന്ദനിൽ കണ്ടെത്തിയത്.

ഒരിക്കൽ, ഒരിടവേളയിൽ ആശ്രമത്തിന്റെ തിരക്കുകളിൽ നിന്നും ഒഴിഞ്ഞ് സർവ്വസാക്ഷിയായ സൂര്യഭഗവാന്റെ ഇളം കിരണങ്ങളേറ്റ് തണുത്ത ത്രിസന്ധ്യയിൽ സാഗരത്തിന്റെ മടിത്തട്ടിലൂടെ നടക്കുമ്പോൾ അദ്ദേഹം എന്നോട് പറഞ്ഞു. ആരോടും വെളിപ്പെടുത്താത്ത പൂർവ്വാശ്രമകഥ.

ഒരു ജന്മം മുഴുവൻ അനുഭവിച്ച വേദനകൾ, ത്യാഗങ്ങൾ...

അനാഥാലയത്തിന്റെ ഇരുളടഞ്ഞ ഇടനാഴികളിൽ, പതിഞ്ഞ ശ്വാസത്തിൽ മാത്രം സംസാരിച്ച ബാല്യം. മഹാനായ സ്പോൺസറുടെ ദയയിൽ സ്കൂൾ-കോളേജ് വിദ്യാഭ്യാസം. നിയന്ത്രണങ്ങളില്ലാത്ത ജന്മത്തിന്, കടിഞ്ഞാണിട്ട നിമിഷങ്ങൾ! മയക്കുമരുന്നിന്റേയും മദ്യത്തിന്റേയും ലഹരിയിൽ സ്വയം നഷ്ടപ്പെട്ട അവസ്ഥ! തന്നെ സ്വന്തം മകനെപ്പോലെ സ്നേഹിച്ച ആൽഫ്രഡ് അച്ചന്റെ വേർപാട്. ഒടുവിൽ എല്ലാം മതിയാക്കി ജീവിതത്തിന്റെ സ്പന്ദനങ്ങൾ തൊട്ടറിയാൻ പഠിപ്പിച്ച അവൾ, മേരി. ആചാരങ്ങളില്ലാതെ അവരുടെ വിവാഹം. മേരിയുടെ സാമീപ്യം അദ്ദേഹത്തെ ഒരു പുതിയ മനുഷ്യനാക്കി. പക്ഷേ, വിധിയുടെ കറുത്ത കരങ്ങൾ മരണമായി മേരിയേയും കുഞ്ഞിനെയും തിരിച്ചു വിളിച്ചപ്പോൾ, ഏകാന്തതയിൽ സ്വയം അലിഞ്ഞ് ഋഷികേശിലെ ഗഹ്വരങ്ങളിലൂടെ അലഞ്ഞ്, ജീവിതം ഒടുവിൽ ജഗദീശ്വരനിൽ സമർപ്പിച്ച് സന്യാസത്തിന്റെ നീണ്ട പതിനാറ് വർഷങ്ങൾ. ഇവിടെ ഇപ്പോൾ താൻ സ്വസ്ഥനാണ്.

എന്റെ ജീവിതത്തിനും ചിലത് പറയാനുണ്ട്. ഞാൻ എങ്ങിനെയാണ് ഇവിടെ വന്നതെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടാകും. എട്ടാമത്തെ വയസ്സിൽ നാട് വിട്ടു. ഭോപ്പാൽ നഗരത്തിന്റെ പ്രാന്തങ്ങളിൽ ബാലവേല ചെയ്തും കാർ തുടച്ചും ബാല്യം. മുതിർന്നപ്പോൾ പരിചയക്കാരനായ ഒരു ബംഗാളിയുടെ തുണിക്കടയിൽ ജോലി. എന്റെ മുതലാളി സെയൂബ്ഖാന് രോഗം മൂർച്ഛിച്ച് കിടപ്പിലായപ്പോൾ തൽക്കാലം കടയുടെ ചുമതല എന്നെ ഏൽപ്പിച്ചത് രക്ഷയായി. ആ ജോലി ആത്മാർത്ഥമായും സത്യസന്ധമായും ചെയ്തു. കച്ചവടം മെച്ചപ്പെട്ടു. രോഗശാന്തി വന്നപ്പോൾ മുതലാളിക്ക് എന്നോട് അതിയായ വാത്സല്യമാ

യി. സ്ഥിരമായി എന്നെ മാനേജരാക്കി. അവിടുന്ന് തുടങ്ങിയ ഉയർച്ച. സ്വന്തമായി തുണിക്കട, സ്വന്തം ഫാക്ടറി, ജോലിക്കാർ, പണം, സുഖ സൗകര്യങ്ങൾ... ഒടുവിൽ നാട്ടിലേയ്ക്ക് പോകാനുള്ള തീരുമാനം വന്നു. വീട്ടിലെത്തിയപ്പോൾ അവിടെ എന്നെ കാത്തിരുന്നത് വല്ലാത്ത ഒരു കാഴ്ചയാണ്. അമ്മയും അച്ഛനും മരിച്ചു. ആകെയുള്ള സഹോദരിയെ ഒരു ഗൾഫുകാരൻ കെട്ടി. അവർ അവിടെയാണ്.

പിന്നെ മറ്റൊന്നും ചിന്തിച്ചില്ല. സഹോദരിക്ക് ഒരു എഴുത്ത് എഴുതിയയച്ച് ഭോപ്പാലിലേയ്ക്ക് വണ്ടി കയറി. അവസാനമായി അച്ഛനമ്മമാരെ ഒന്നു കാണുവാനുള്ള ഭാഗ്യം ഉണ്ടായില്ലല്ലോ എന്ന ചിന്ത എന്നെ അലട്ടിക്കൊണ്ടിരുന്നു. അവസാനകാലത്ത് പോലും അവർക്ക് തന്നെക്കൊണ്ട് ഒരു പ്രയോജനവും ഉണ്ടായില്ലല്ലോ. വെട്ടിപ്പിടിക്കാനുള്ള ഓട്ടത്തിനിടയിൽ ഞാൻ എല്ലാം മറന്നെന്നോ? സാരമില്ല എന്ന് സ്വയമാശ്വസിച്ചു. അങ്ങിനെയിരിക്കുമ്പോഴാണ് സ്വാമി നിത്യാനന്ദന്റെ സത്സംഗങ്ങളിൽ പങ്കെടുക്കാനിട വന്നത്. ആ സൗഹൃദം വളർന്നു. അത് ഇവിടെ വരെയെത്തി.

ആരോ കുലുക്കി വിളിച്ചപ്പോഴാണ് ഞാൻ ചിന്തകൾക്ക് അവധി കൊടുത്തത്. ജീവിതത്തിന്റെ അർത്ഥമില്ലായ്മയിൽ നിന്നും ആത്മീയതയിലേയ്ക്ക് പുതിയ കാൽപ്പടവുകൾ താണ്ടി ഉയരങ്ങളെ പ്രാപിക്കുവാൻ മനസ്സ് വെമ്പൽ കൊണ്ടു...

7. അൽപ്പം ഇൻഷ്വറൻസ് ചിന്തകൾ

തിരുവനന്തപുരത്തേയ്ക്കുള്ള യാത്രയുടെ തുടക്കം. ബസ് സ്റ്റോപ്പിൽ വച്ചാണ് ഞാൻ അയാളെ കണ്ടത്. ബ്രൗൺ നിറത്തിലുള്ള ലതർ ബാഗ്, നന്നായി ചീകി വെച്ച മുടി. ടൈയും, ഇൻഷർട്ടുമൊക്കെയായി ഒരു എസ്കിക്യൂട്ടീവ് ലുക്ക്!. ചുണ്ടിൽ നേർത്ത ഒരു ചിരിയുമായി അദ്ദേഹം എന്നെ സമീപിച്ചു.

"സാറേ, സാറൊരു ഇൻഷ്വറൻസ് പോളിസി എടുക്കണം."

അയാളൊരു പുതുതലമുറ ഇൻഷ്വറൻസ് കമ്പനിയുടെ ഏജന്റാണ്. എന്റെ അയൽക്കാരൻ.

"ഓ ഇപ്പോൾ വേണ്ട. പിന്നെ ഒരിക്കലാകട്ടെ."

ഞാൻ പറഞ്ഞു.

"അതല്ല സാറേ. ആർക്ക്, എന്ത്, എപ്പോഴാണ് സംഭവിക്കുക എന്ന് പറയാനാകില്ലല്ലോ. മാത്രവുമല്ല ഇത് ഒരു മണി ബാക്ക് സ്കീമുമാണ്. പോളിസി പ്രീമിയം പൂർത്തീകരിച്ച് 18 വർഷം കഴിയുമ്പോൾ അഞ്ച് ലക്ഷം രൂപ കൈയിൽ കിട്ടും."

അയാൾ വാചകമടി തുടർന്നു. എല്ലാം മൂളിക്കേൾക്കുമ്പോഴും എന്റെ ശ്രദ്ധ മുഴുവൻ റോഡിലായിരുന്നു. ബസ്സ് വന്നാൽ വേഗം കയറണമല്ലോ.

"എടോ ഞാൻ പറഞ്ഞില്ലേ, എനിക്ക് ഇതിന്റെ യാതൊരു ആവശ്യവും ഇല്ല. താൻ വേറെ ആരെയെങ്കിലും നോക്ക്."

അപ്പോഴേയ്ക്കും ബസ്സ് വന്നു. തിക്കിത്തിരക്കി ഏണിപ്പടിക്കരികിൽ നിൽക്കുന്നതിനിടെ പുറകിൽ നിന്നൊരു തോണ്ടി വിളിക്കൽ.

തെല്ല് നീരസത്തോടെ തിരിഞ്ഞു നോക്കുന്നതിനിടയിൽ ഞാൻ കണ്ടു. വീണ്ടും അയാൾ തന്നെ.

"സാർ, എന്തായാലും സാർ ഈ കാർഡ് വച്ചോളൂ. എന്തെങ്കിലും ആവശ്യമുള്ളപ്പോൾ വിളിക്കണം.".

ഞാൻ ആ വിസിറ്റിംഗ് കാർഡ് വാങ്ങി.

"ശരി."

ആഴ്ചകളും മാസങ്ങളും കൊഴിഞ്ഞു പോയി. ഇതിനിടയിൽ പല മാറ്റങ്ങളും എന്റെ ജീവിതത്തെ പിടിച്ചുലച്ചു. എനിക്ക് സുഖമില്ലാതായി. ആശുപത്രിയിൽ ഒട്ടേറെ പണം ചെലവായി. ഒരു ബൈക്ക് വാങ്ങിയതിന്റെ കടം പെരുകി സി.സി.ക്കാർ അതെടുത്തുകൊണ്ട് പോയി.

അന്നൊരു വെള്ളിയാഴ്ചയായിരുന്നു. ബസ്സിൽ വച്ച് തിരക്കിനിടയിൽ അയാളെ വീണ്ടും കണ്ടുമുട്ടി. ഇക്കുറി അയാൾ അൽപ്പം

തടിച്ചിരുന്നു. ഒരു കൂളിംഗ് ഗ്ലാസ്സ് ഫിറ്റ് ചെയ്തിട്ടുണ്ട്. എന്നെക്കണ്ട് അയാൾ കൈ തന്നു. സൗഹൃദസംഭാഷണം നീണ്ടു. വൈകീട്ട് ഊണൊക്കെ കഴിഞ്ഞ് സ്വസ്ഥമായിരിക്കുമ്പോഴാണ് അയാളെ ഒന്ന് വിളിച്ചാലോ എന്ന് തോന്നിയത്. പഴയ വിസിറ്റിംഗ് കാർഡ് ചികഞ്ഞെടുത്തു.

അൽപ്പനേരത്തെ ഫോൺ സംഭാഷണം കൊണ്ട് തന്നെ ഇൻഷുറൻസ് എടുക്കാൻ അയാൾ എന്നെക്കൊണ്ട് തീരുമാനിപ്പിച്ചു.

പിറ്റേന്ന് തന്നെ അയാൾ വീട്ടിലെത്തി. പേപ്പറൊക്കെ റെഡിയാക്കി. ആദ്യപ്രീമിയം അയാൾ തന്നെ കമ്പനിയിലടച്ച് രസീത് കൊണ്ടുതന്നു.

അഞ്ച് ആണ്ടുകൾ വേഗം കടന്നു പോയി. മുടങ്ങാതെ പ്രീമിയം അടച്ചു തീർത്തു. പ്രീമിയം വാങ്ങാൻ എല്ലാ മാസവും അയാൾ നേരിട്ടെത്തുമായിരുന്നു. ഞാൻ റിട്ടയറായതു കൊണ്ട് മൂത്ത മകളെ വിവാഹം കഴിപ്പിച്ചയച്ചു. ആ വകയിലും കുറച്ച് കടമായി. അത് വീട്ടുന്നതിനായി പോളിസി സറണ്ടർ ചെയ്യാൻ തീരുമാനിച്ചിരിക്കേ ആയിരുന്നു ആ സംഭവം.

ഞാൻ ബൈക്കിൽ പോകുകയായിരുന്നു. ഒരു വളവിൽ വെച്ച് എതിരെ വന്ന കാർ എന്റെ ബൈക്കിലിടിച്ചു തെറിച്ചു വീണത് കാറിനടിയിലേയ്ക്ക്. ഒരിഞ്ചിന്റെ വ്യത്യാസത്തിൽ ജീവിതത്തിലേയ്ക്ക് മടക്കം. ഏറെ നാളുകളിലെ ചികിത്സയും പ്രാർത്ഥനയും കൊണ്ട് ആരോഗ്യം വീണ്ടു കിട്ടി. അങ്ങനെ വീണ്ടും ഒരു ദിവസം ഇൻഷ്വറൻസ് കമ്പനി ഓഫീസിലെത്തി. ഇൻഷ്വറൻസിൽ നിന്ന് എന്തെങ്കിലും കിട്ടിയാലോ!

ഇൻഷ്വറൻസ് കമ്പനി മാനേജരാണ് ഞെട്ടിക്കുന്ന ആ സത്യം എന്നെ അറിയിച്ചത്. അത് എന്റെ സകല പ്രതീക്ഷകൾക്കും മുകളിൽ വീണ ഉൽക്കയായിരുന്നു. ഇൻഷ്വറൻസ് പ്രീമിയമായി 5 വർഷവും ഞാനടച്ച തുക അവിടെ കിട്ടിയിട്ടില്ലത്രേ! മാത്രവുമല്ല, അങ്ങനെ ഒരു ഏജന്റിനെക്കുറിച്ച് അവർക്കറിയില്ല താനും! നെഞ്ചത്ത് കൈവച്ച് ഞാനിരുന്നു പോയി. അപ്പോൾ അയാളുടെ കൈവശമുണ്ടായിരുന്ന രേഖകളൊക്കെ വ്യാജമായിരുന്നോ? ഞാൻ കബളിപ്പിക്കപ്പെട്ടെന്നോ? വിവിധ ചിന്തകൾ മനസ്സിനെ അലട്ടിക്കൊണ്ടിരുന്നു.

വീട്ടിൽ വന്ന്, അന്നു തന്നെ ആ ഏജന്റിനെക്കുറിച്ച് അന്വേഷിച്ചു. കുറെ ദിവസമായി അയാളെ കാണാനില്ലത്രേ! അയാൾ വാടകയ്ക്ക് താമസിച്ചിരുന്ന വീടും ഒഴിഞ്ഞെന്ന്!

ഒടുവിൽ പോലീസിൽ ഒരു പരാതിയും കൊടുത്ത്, വീട്ടിൽ ചെന്ന് താടിക്ക് കൈയും കൊടുത്ത്, മാനം നോക്കി ഇരിക്കേണ്ടി വന്നു.

പോലീസ് ഇപ്പോഴും അന്വേഷണം തുടരുകയാണ്.

'മഹാനായ ആ ഇൻഷ്വറൻസ് ഏജന്റ്' ആകട്ടെ, സൈ്വരമായി ഏതോ നാട്ടിൽ സ്വതന്ത്രനായി വിലസുന്നു.

8. മഴ പെയ്ത് തോർന്നപ്പോൾ

കൊച്ചി നഗരം.

കടലും കരയും കിന്നാരം പറയുന്ന തീരം. ഒരു സായാഹ്നത്തിന്റെ ശാന്തതയിൽ അലസമായി കടൽക്കാറ്റേറ്റ് അങ്ങിങ്ങ് നിൽക്കുന്ന കാമുകീ കാമുകന്മാർ, കുടുംബത്തോടൊപ്പം സായാഹ്നം ആസ്വദിക്കാനെത്തിയവർ, കുട്ടികൾ. തിരക്കിട്ട് അങ്ങ്ങ്ങ് നടക്കുന്ന കച്ചവടക്കാർ. ഒരു പതിവ് കാഴ്ച.

"യാ, ഐ വിൽ കം, പിന്നെ മീറ്റ് ചെയ്യാം. ഓ ജെസ്റ്റ് എ സെക്കന്റ് ഇന്ന് രാത്രി ചാറ്റ് റൂമിൽ യു മസ്റ്റ് കം."

"ഒ.കെ. ബൈ".

മൊബൈലിലൂടെയുള്ള ഒരു കിളിക്കൊഞ്ചൽ. ഞാൻ ഐസ്ക്രീം പെട്ടിയുമായി സൈക്കിളുമുരുട്ടി മെല്ലെ ആ പെൺകുട്ടിയെ സമീപിച്ചു.

"മാഡം, ഐസ്ക്രീം. അടിപൊളിയാ. ഒരെണ്ണം വാങ്ങൂ."

"ഓ. ഹൗ മച്ച് ഇറ്റ് ഈസ്?"

"അഞ്ച് രൂപ."

ഞാൻ പ്രതിവചിച്ചു. നിർവികാരതയോടെ നൂറിന്റെ ഒരു പച്ച നോട്ടെടുത്ത് അവർ എന്റെ നേരെ നീട്ടി.

"ചില്ലറയില്ലല്ലോ മാഡം."

"ഓ! ഡോണ്ട് വറി. കീപ്പ് ഇറ്റ്."

"നന്ദി, മാഡം."

അവർ കടന്നു പോയി. കടലിനെ പ്രണയിച്ച സൂര്യൻ അവളിൽ ലയിക്കാൻ വെമ്പൽ കൊണ്ടു. ആകാശത്തിന് ഇപ്പോൾ ഹൃദയത്തിന്റെ നിറമാണ്. മേഘമാലകൾക്കിടയിലൂടെ കടൽക്കാക്കകൾ ഊഴിയിട്ടു പറന്നു പൊയ്ക്കൊണ്ടിരുന്നു.

അടുത്ത പ്രഭാതം. മഴ. നശിച്ച ഈ മഴ ഇന്നലെ രാത്രിയിലേ തുടങ്ങിയതാണ്. ഇന്ന് കച്ചവടത്തിന് പോകാൻ കഴിയുമെന്ന് തോന്നുന്നില്ല. പട്ടിണിയെക്കുറിച്ചുള്ള ഭയം എന്നെ ചിന്തിക്കാൻ പ്രേരിപ്പിച്ചു. ചായ്പ്പിൽ സൈക്കിളും പെട്ടിയും ഇരിപ്പുണ്ടായിരുന്നു. അകത്ത് കട്ടിലിൽ തളർന്ന് കിടക്കുന്ന അമ്മയ്ക്ക് മരുന്ന് വാങ്ങിയില്ല. ഇന്നലെ എന്താണെന്നറിയില്ല കച്ചവടം തീരെ മോശമായിരുന്നു.

'മഴയൊന്നു തോർന്നെന്നു തോന്നുന്നു. എന്നാലും ഈ തണുപ്പത്ത് ഐസ്ക്രീം ആര് വാങ്ങാനാണ്?' ഞാൻ ചിന്തിച്ചു.

സമയം 11 ആയി. മഴ ശമിച്ചു. പകലോൻ മുകിൽമാലകൾക്കിടയിലൂടെ രശ്മികളാകുന്ന തന്റെ അനന്തഹസ്തങ്ങൾ ഭൂമിക്ക് നേരെ

നീട്ടി.

വെയിൽ വന്നു. ഇനി കുഴപ്പമില്ല....

"അമ്മേ. ഞാനിറങ്ങുന്നു."

അകത്ത് നിന്ന് ഒരു മൂളൽ മാത്രം... വീണ്ടും കടൽത്തീരം ഐസ്ക്രീം. ഇന്ന്, വൈകിപ്പോയെന്ന് തോന്നുന്നു. കച്ചവടം കുറവ് തന്നെ.

എന്താണ് അവിടെ ഒരാൾക്കൂട്ടം? സൈക്കിൾ സ്റ്റാന്റിൽ വെച്ച് കടൽത്തീരത്തേയ്ക്ക് ഞാൻ ഓടി. തിക്കിത്തിരക്കി ആൾക്കാർക്കിട ലൂടെ നൂണ്ട് അകത്തേയ്ക്ക് കയറി.

"ദേ ആ പെണ്ണ് ഇന്നലെയും ഇവിടെ കിടന്ന് കറങ്ങുന്നത് കണ്ടതാ."

ഒരാൾ.

"ഓ ശരിയാണല്ലോ. ഇന്നലെ വൈകീട്ട് ചായപ്പീടികയിൽ വ ന്നിട്ട് നൂറിന്റെ നോട്ട് തന്ന് ബാക്കി വേണ്ടെന്ന് പറഞ്ഞ് പോയ കൊച്ചാ."

ഉസ്മാനിക്കയുടെ കമന്റ്.

തീരത്ത് കടൽത്തിരകൾ കൊണ്ടിട്ട ഒരു സ്ത്രീയുടെ മൃതദേ ഹമായിരുന്നു, അത്. ആൾക്കാർ അതിനെക്കുറിച്ച് പലതും പറഞ്ഞു കൊണ്ടിരുന്നു. ഇപ്പോഴും അതിന്റെ മുഖം ആരും ശരിക്ക് കണ്ടില്ല. പെട്ടെന്ന് ഒരു വലിയ തിര വന്നു. തീരത്തേയ്ക്ക് ആർത്തലച്ച് വന്ന അത് ആ ദേഹം മറിച്ചിട്ടു. ഞെട്ടിപ്പോയി, ഞാൻ. ഈശ്വരാ! ഇത് ഇന്നലെ വൈകീട്ട് ഐസ്ക്രീം വാങ്ങാൻ വന്ന മാഡം അല്ലേ! ഇത്... ഇതെങ്ങനെ സംഭവിച്ചു?

ഞാൻ ഒരു നെടുനിശ്വാസം ഉതിർത്തു. 'എന്തായാലും ഇവിടെ നിൽക്കണ്ട' എന്ന് തീരുമാനിച്ച് സൈക്കിളിനടുത്തേയ്ക്ക് പോയി. അന്ന് കൈ നിറയെ പണം കിട്ടി. അമ്മയ്ക്ക് മരുന്ന് വാങ്ങി നടക്കുമ്പോഴും ആ പെൺകുട്ടിയുടെ മുഖം മനസ്സിനെ വല്ലാതെ നോവിച്ചു കൊണ്ടിരു ന്നു.

പിറ്റേന്നത്തെ പത്രവാർത്ത.

'നഗരത്തിലെ കോടീശ്വരന്റെ മകൾ ആത്മഹത്യ ചെയ്തു. കൊലപാതകമാണെന്ന് സംശയമുണ്ടെന്ന് നാട്ടുകാർ ആരോപിച്ചു. വീടി നുള്ളിലെ അരക്ഷിതാവസ്ഥയും പ്രണയനൈരാശ്യവുമാണ് ആത്മ ഹത്യയ്ക്ക് കാരണമെന്ന് പോലീസ് പറഞ്ഞു'.

രാവിലെ ചായക്കടയിൽ വെച്ച് അത് വായിച്ചപ്പോൾ മനസ്സിൽ വീണ്ടും അവരുടെ ചിരിച്ച മുഖം. 'പാവം മാഡം.' മനസ്സിലോർത്തു. പിന്നെപ്പിന്നെ കാലം എല്ലാം വിസ്മൃതിയിലാക്കി. ഞാനും അമ്മയും ജീവിതവും അങ്ങനെ, അങ്ങനെ ഒരു നദി പോലെ ഒഴുകിക്കൊണ്ടിരി ക്കുന്നു. ഇപ്പോഴും.

9. അമരാവതിയിലെ കാഴ്ചകൾ

സാമാന്യം ഭേദപ്പെട്ട നിലയിലുള്ള കുടുംബമായിരുന്നു മാധവന്റേത്. സ്വച്ഛമായ ജീവിതസാഹചര്യങ്ങൾ. ജീവിക്കാൻ സർക്കാർ സ്ഥാപനത്തിൽ പ്യൂൺ ജോലി. ഭാര്യയും ഒരു മകളും. സ്വച്ഛം. സുഖം. അങ്ങനെയിരിക്കവേ, ഒരു ബസ് യാത്രക്കിടയിലാണ് അദ്ദേഹം ഒരാളെ പരിചയപ്പെട്ടത്. അയാളുടെ പേരാണ് തോമസ് ഐസക്.

"ഞാൻ ബാങ്കിന്റെ സെയിൽസ് എക്സിക്യൂട്ടീവാണ്."

അയാൾ സ്വയം പരിചയപ്പെടുത്തി.

"അതെയോ?"

ഇറങ്ങുന്നതിന് മുമ്പ് അവർ പരസ്പരം ഫോൺ നമ്പർ കൈമാറി.

ഒരു മാസത്തെ ഇടവേള. ഒരു ദിവസം പെട്ടെന്നാണ് ഐസക്കിന്റെ ഫോൺ വന്നത്. സാർ വീട് വെയ്ക്കാൻ ഞങ്ങളുടെ കമ്പനി ലോൺ നൽകുന്നുണ്ട്. ഇപ്പോൾ പലിശയും കുറവാണ്. തുടർന്ന് ഒരു വാചകമേള തന്നെ നടന്നു. മാധവന് സൗഹൃദത്തിന്റെ പേരിൽ അതിന് സമ്മതിക്കേണ്ടി വന്നു. മാത്രവുമല്ല എത്ര കാലമെന്ന് വെച്ചാ വാടക വീട്ടിൽ കഴിയുക? സ്വന്തമായി ഒരു വീട് പണിയണമെന്ന് വളരെ നാളായി ആഗ്രഹിക്കുന്നു.

ഭാര്യയുടെ വക കുറച്ച് വസ്തു കിടപ്പുണ്ട്. ക്യാപ്പിറ്റലായി ഒന്നര ലക്ഷത്തോളം ബാങ്കിലുമുണ്ട്. പിന്നെ ഭാര്യയുടെ കുറച്ച് ആഭരണങ്ങൾ. മകളുടെ പേരിൽ ഫിക്സഡ് ആയി ഇട്ട പണമാണ്. എങ്കിലും സാരമില്ല. സമയമാകുമ്പോൾ ഉണ്ടാക്കിയാൽ മതിയല്ലോ.

ഡോക്യുമെന്റ്സ് എല്ലാം റെഡിയായി. പ്ലാൻ വരച്ചു. വീട് പണി കഴിഞ്ഞ് പാല് കാച്ചി താമസവുമായി. തോമസ് ഇടയ്ക്കിടെ ക്ലോസപ്പ് സ്മൈലുമായി സൗഹൃദം പുതുക്കാനെത്തുമായിരുന്നു.

വർഷം മൂന്ന് കഴിഞ്ഞു. ഭാര്യക്ക് രോഗം.

ചികിത്സിക്കാൻ ഏറെ പണം ചെലവഴിക്കേണ്ടി വന്നു. കടം പെരുകി. ബാങ്കിലെ തവണ മുടങ്ങി. ഐസക്കിന്റെ മുഖം കറുത്ത് തുടങ്ങി. കൂനിൻ മേൽ കുരു പോലെ ചെയ്യാത്ത കുറ്റത്തിന് സസ്പെൻഷനും ആകപ്പാടെ പിരിമുറുക്കം. ഭദ്രമായ ആ കുടുംബത്തിന്റെ ആണിക്കല്ലുകൾ ആടി ഇളകിത്തുടങ്ങി. ബാങ്കുകാർ നോട്ടീസയച്ചു.

ജപ്തി.

'ശരി. ആകട്ടെ ജപ്തിയെങ്കിൽ ജപ്തി.'

ഒടുവിൽ ആ ദിവസം വന്നു. ജപ്തിക്കായി ഐസക്കും കൂട്ടാളികളും ബാങ്കധികൃതരും എത്തി. വാതിലിൽ മുട്ടി വിളിച്ചു. അനക്കമി

ല്ല. എല്ലാവരും ചേർന്ന് വാതിൽ തല്ലിത്തകർത്ത് അകത്ത് കയറി.

കാഴ്ച.

മൂന്ന് മൃതദേഹങ്ങൾ. ഒപ്പം ഒരു കത്തും.

കടം തീർക്കാൻ നിർവ്വാഹമില്ല. അതിനാൽ വിഷം കഴിച്ച് ആത്മഹത്യ ചെയ്യുന്നു. മറ്റാരും ഇതിന് ഉത്തരവാദികളല്ല.

10. സത്യാന്വേഷികൾ

നീണ്ട് മെലിഞ്ഞ ആറടിപ്പൊക്കത്തെ പൊതിഞ്ഞ് അയഞ്ഞ ജുബ്ബയും പാന്റ്സും. മുഖത്ത് ഹ്രസ്വദൃഷ്ടി പരിഹരിക്കാൻ വലിയ വട്ടക്കണ്ണട. ഫ്രഞ്ച് താടി. ഇത്രയുമാണ് ബുദ്ധിജീവിയെന്ന ആ സത്യാന്വേഷി! അയാൾ സത്യമെന്ന ലക്ഷ്യത്തിന് വേണ്ടി അഹോരാത്രം പ്രയത്നിച്ചു കൊണ്ടിരുന്നു.

സ്ഥലം. അനേകം പേരുടെ കാലടികൾ അനുനിമിഷം അങ്ങോട്ടുമിങ്ങോട്ടും ചലിച്ചു കൊണ്ടിരിക്കുന്ന നഗരത്തിന്റെ ഫുട്പാത്ത്. വിരിച്ച തോർത്തിനു മുകളിൽ വീഴുന്ന നാണയത്തുട്ടുകൾക്കിടയിൽ കൂടെക്കൂടെ പരതുന്ന ചെമ്പൻമുടിയുള്ള ഇരുകാലുകളും നഷ്ടപ്പെട്ട കുഷ്ഠരോഗിയായ സാധു. അയാൾ തേടുന്നത് സത്യത്തെ?

മിസ്തുബിഷി ലാൻസർ.

പുറകിലത്തെ സീറ്റിൽ രണ്ട് കൈകളും വിരിച്ച് വെച്ച് ചിരി കണ്ണുകളുമടച്ച് ധ്യാനത്തിലെന്ന പോലെ റോപ് മ്യൂസിക്കിൽ ലയിച്ച് ഒരാൾ. അയാളുടെ പത്ത് വിരലുകളിലും നിറയെ രത്നങ്ങൾ പതിച്ച മോതിരങ്ങൾ. പെട്ടെന്ന് റോപ്പിന്റെ താളഭംഗം... മോർച്ചറിയിൽ ഇപ്പോളയാൾ തേടുന്നതും സത്യത്തെ?

രാത്രിയുടെ ഇരുൾ നിർത്തിയിട്ട റെയിൽ വാഗണുകൾ. ഞരക്കം, പൊട്ടിച്ചിരികൾ, അടക്കം പറച്ചിലുകൾ... അവിടെയും ആരൊക്കെയോ തേടുന്നത് സത്യത്തെ.

സത്യം എന്താണ്? അന്ധകാരത്തിന്റെ അപാരതയ്ക്കിടയിൽ ഒളിപ്പിച്ചു വെച്ച ദീപം പോലെ, ചേറിനുള്ളിൽ പൂണ്ട വൈഡൂര്യം പോലെ, ചാരത്തിനുള്ളിലെ കനൽക്കട്ട പോലെ, നാവിനടിയിലും മേടയ്ക്കുള്ളിലും തടവിലാക്കപ്പെട്ട സഞ്ചാരിയോ? ഗാന്ധിയും ബുദ്ധനും മഹാവീരനും സാരഥികളായ കാലചക്രങ്ങളോ? അർജ്ജുനന്റെ നാഗലോകദർശനം പോലെ ഏഴ് കുതിരകളെപ്പൂട്ടിയ രഥത്തിൽ ദിനരാത്രങ്ങളുടെ ചരടിൽ കെട്ടിയ സത്യത്തിന്റെ കഴുത്ത് മുറുകിത്തുടങ്ങിയിരിക്കുന്നു. ചാറ്റിംഗിനിടയിൽ നിശാക്ലബ്ബുകളിൽ സത്യം ചിരിക്കുന്നു. മംഗ്ലീഷും സ്പാനിഷും സത്യത്തിന് ശരീരവും ശാരീരവും നൽകുന്നു.

ധർമ്മം ഒറ്റക്കാലിൽ നിൽക്കുന്ന കാളയെപ്പോലെ തേങ്ങി. കലിയുഗത്തിന്റെ കറുത്ത വേരുകൾ ഭൂമിയുടെ കരളിലേയ്ക്ക് ആഴ്ന്നിറങ്ങി ഇത്തിൾ പോലെ എല്ലാമൂറ്റിയപ്പോഴും തനിക്ക് ജനിച്ച കുഞ്ഞിനെ കഴുത്ത് ഞെരിച്ച് കൊന്ന് കുഴിച്ചിട്ടപ്പോഴും ആ അമ്മ മാത്രം സത്യമായി അവശേഷിച്ചു.

11. ഈ പാതയുടെ അന്ത്യം വരെ

കാലത്തിന്റെ പിന്നാമ്പുറങ്ങളിൽ നിന്ന് ഒരു കാളവണ്ടിയുടെ കടകട ശബ്ദം മെല്ലെ അടുത്തേയ്ക്ക് വന്നു കൊണ്ടിരിക്കുന്നു. അതിലെ യാത്രക്കാർ നമുക്ക് പരിചിതരല്ല. മണ്ണിന്റെ മണമുള്ള വിയർപ്പിന്റെ സ്നിഗ്ദ്ധതയുള്ള ഒരു കർഷക കുടുംബം.

ഒറ്റ വാക്യത്തിൽ, അതാണ് ആ യാത്രക്കാർ.

ഏറെ നാളുകൾക്ക് ശേഷം ഗൃഹനാഥന്റെ കുടുംബത്തിലേയ്ക്കാണ് ആ യാത്ര. അതവിടെ നിൽക്കട്ടെ!

ഇവരെ ഓരോരുത്തരെയായി പരിചയപ്പെടാം. കേശവപിള്ള ആ ഇടത്തരം കുടുംബത്തിന്റെ അത്താണി. പക്ഷേ ആ ചിന്ത അയാൾക്കില്ല. പകരം മദ്യവും മദിരാക്ഷിയും കടങ്ങളും അദ്ദേഹം നെഞ്ചോടു ചേർത്തു പിടിച്ചു. ഇന്നാണ് ആദ്യമായി കുടുംബസമേതം അവരൊരു യാത്രയ്ക്ക് പോകുന്നത്.

അയാളുടെ ഭാര്യ ഗോമതി സ്വർഗ്ഗഗംഗയെപ്പോലെ, വാർമഴക്കനവ്പോലെ, നിലാവ് പോലെ സ്വച്ഛമാർന്ന മനസ്സും ശരീരവുമുള്ളവൾ. വിധിയുടെ കൈകളിൽ കളിപ്പന്താകാൻ നിശ്ചയിക്കപ്പെട്ട സാധ്വി. രോഗിണിയും,ഭർത്താവിനാൽ നിത്യപീഡിതയും. അശാന്തിയുമായി ജീവിതം തള്ളി നീക്കിക്കൊണ്ടിരുന്നവർ. പരമ്പരാഗതമായി ലഭിച്ച വമ്പിച്ച ഭൂസ്വത്തിനുടമ. പക്ഷേ, അനുഭവിക്കാനുള്ള യോഗമില്ല. കഷ്ടം! കാരണം എന്തെന്നല്ലേ? അവരുടെ അമ്മാവന്റെ വകയായിരുന്നു ഈ സ്വത്തുക്കളെല്ലാം. അദ്ദേഹത്തിന് ഈശ്വരൻ സന്താനഭാഗ്യം നൽകിയില്ല. അതിനാൽ സ്വത്തുക്കളെല്ലാം തന്റെ സഹോദരീപുത്രിയായ ഇവരുടെ പേരിൽ എഴുതി വെച്ചു. തന്റെ മരണ ശേഷം ഈ സ്വത്തുക്കളെല്ലാം അനന്തരവൾക്ക് ലഭിച്ചാലും അത് കൈകാര്യം ചെയ്യാനും ക്രയവിക്രയം നടത്താനും ഉള്ള അവകാശം അവൾക്കുണ്ടാകുന്ന ഇളയ സന്തതിക്കായിരിക്കുമെന്നും വസ്തുവകകളിലെ ആദായം അനന്തരവൾക്ക് മരണം വരെ എംടുക്കാമെന്നുമുള്ള ഒരു വിചിത്ര കരാറും ഇതിന് പിന്നിലുണ്ടായിരുന്നു.

ഇനി കഥയിലേയ്ക്ക്.

അമ്മാവൻ മരിച്ചു. സർവ്വസ്വത്തുക്കളും ഒസ്യത്ത് പ്രകാരം മരുമകൾക്ക് ലഭിച്ചു. പക്ഷേ അവളുടെ ഭർത്താവ്, ആ ദ്രോഹി അതിൽ നിന്ന് കിട്ടുന്ന ആദായമെല്ലാം വിറ്റു തുലച്ചു. കുടിച്ചു കൂത്താടി. മർദ്ദനവും പീഡനവും അവൾക്കിപ്പോൾ പുത്തരിയല്ലാതായി. ഈ യാത്രയിലൂടെയെങ്കിലും ഒരു മനഃസമാധാനം. അതാണവൾ ആഗ്രഹിച്ചത്. അതുകൊണ്ട് തന്നെ തന്റെ മകനേയും മകളേയും കൂടെക്കൂട്ടാതെ അമ്മാ

വന്റെ വീട്ടിലാക്കിയാണ് യാത്ര തിരിച്ചത്. മലമ്പുഴയിലാണ് കുടുംബ വീട്. എത്ര നാളായി അവരെയൊക്കെ കണ്ടിട്ട്...! വിവാഹം കഴിഞ്ഞ് മൂന്ന് മാസം മാത്രമാണ് ഭർത്താവിന്റെ വീട്ടിൽ കഴിഞ്ഞത്. അതിന് ശേഷം സ്വന്തം നാട്ടിൽ മരിച്ചു പോയ അച്ഛനും അമ്മയും താമസിച്ചിരുന്ന ഈ വീട്ടിൽ. ജീവിതം വലയിലകപ്പെട്ട മത്സ്യത്തെപ്പോലെ. രക്ഷപ്പെടാനാവില്ലെന്നറിഞ്ഞിട്ടും ഓരോ നിമിഷവും പിടഞ്ഞു കൊണ്ടിരിക്കുന്ന നിസ്സഹായത. അവിടെയെനിക്ക് കൂട്ടായി, പ്രതീക്ഷയായി, എന്റെ കുഞ്ഞുങ്ങളുടെ ഓമനമുഖങ്ങൾ... അതെ, അതുമാത്രമാണ് ജീവിതത്തിൽ ഏക ആശ്വാസം. ആത്മഹത്യയിൽ നിന്നും എന്നെ പിന്തിരിപ്പിക്കുന്നതും അതു തന്നെ.

"എടീ, എടീ ഗോമതി എണീക്ക്."

ആ പരുക്കൻ ശബ്ദം എന്നെ ചിന്തകളിൽ നിന്നുണർത്തി.

"ഏത് പട്ടിയെയാണെടീ നീ പകൽക്കിനാവ് കാണുന്നത്?"

"ഞാനാരേയും സ്വപ്നം കണ്ടില്ല. പഴയ കാര്യങ്ങൾ ഓരോന്നോർത്തിരുന്നതാ."

"നിന്റെ ഒരു... ഹെന്നെക്കൊണ്ടൊന്നും പറയിക്കണ്ട. ങ്ഉം...ഇറങ്ങ്,കാപ്പിക്കടയായി, വല്ലതും കഴിച്ചിട്ട് യാത്ര തുടരാം."

"ശരി."

അവർ മറുപടി പറഞ്ഞു.

കാളകളെ വണ്ടിയിൽ നിന്നും അഴിച്ച് അയാൾ അടുത്തുള്ള പുൽത്തകിടിയിൽ കെട്ടി.

"തിന്നെടാ, നെറച്ച് തിന്ന്."

അവറ്റകളുടെ പുറത്ത് സ്നേഹത്തോടെ തട്ടിയിട്ട് അയാൾ തിരിഞ്ഞ് നടന്നു. ലോകത്ത് അയാൾക്ക് സ്നേഹമുള്ളത് ഈ രണ്ട് കാലികളോടാണ്. അയാൾ ഉറങ്ങിയാലും ഷാപ്പിൽ നിന്ന് അവറ്റകൾ കൃത്യമായി അയാളെ വീട്ടിൽ എത്തിച്ചിരുന്നു. കാപ്പിക്കടയുടെ പിന്നാമ്പുറത്ത് പോയി പഴയ കലത്തിൽ കാടിവെള്ളം വാങ്ങി അയാൾ കാളകളെ കുടിപ്പിച്ചു. അയാളും ഭാര്യയും കടയിൽ കയറി.

"എടീ നെറച്ച് തിന്നോ. ഡേയ്, രണ്ട് ഏത്തപ്പഴവും കൂടി. ഇനി തിന്നാൻ പറ്റിയെന്ന് വരത്തില്ലാ."

"അതെന്താ?"

"അത് അടുത്തെങ്ങും ഇനി കാപ്പിക്കടയില്ല."

ഭാര്യയുടെ സംശയത്തെ അയാൾ ഈ വാക്കുകളിലൂടെ മറി കടന്നു.

ആ സംഭാഷണം അവിടെ വെച്ച് അവസാനിപ്പിച്ചു. രണ്ട് പേരും കാപ്പി കഴിച്ച് കാളകളെ വണ്ടിയിൽ പൂട്ടി വീണ്ടും യാത്ര തുടർന്നു. അകലെ ഒരു കൂമന്റെ മൂളിച്ച കേട്ടുവോ? കാലൻകോഴിയുടെ കൊക്കിൽ ആരോ കടന്നു പിടിച്ചോ? മൂകത വീണ്ടും അവർക്കിടയിൽ ഒരു ഭാരമാ

യി. അംബരവീഥിയിൽ ഒരു നിഴലാർന്ന് ചോര ഇറ്റുന്ന കൈപ്പടം അവർക്ക് മീതെ പ്രത്യക്ഷമായോ? പ്രകൃതിക്ക് അസ്വാഭാവികമായ എന്തോ സംഭവിച്ചിരിക്കുന്നു. നാസാരന്ധ്രങ്ങളിൽ നിർവ്വികാരതയുടെ മൃതഗന്ധം. ഇനി ഉത്തരത്തിനായി ഒരു ചെറിയ കാത്തിരിപ്പ്.

കാറും കോളും മാറി ആശയുടെ പുതുകിരണങ്ങൾ അവരുടെ മനസ്സിലേയ്ക്ക് മെല്ലെ അരിച്ചരിച്ചിറങ്ങി. വഴിയുടെ ഓരം കൊടും വനമാണ്. ഏറെ ദൂരം സഞ്ചരിക്കണം. അടുത്തെങ്ങും മനുഷ്യവാസമുണ്ടെന്ന് തോന്നുന്നില്ല. അകലെ ഏതോ കാട്ടുമൃഗത്തിന്റെ നേരിയ മുരൾച്ച കാറ്റ് തന്നോടൊപ്പം കൊണ്ടു വന്നു.

“എടീ സന്ധ്യയാകാറായി. ഇനി യാത്ര തുടരുന്നത് അത്ര പന്തിയല്ല. കുറച്ച് ദൂരം കൂടി പോകട്ടെ. അടുത്തെങ്ങാനും വല്ല വീടും ഉണ്ടോ എന്ന് നോക്കാം.”

മറുപടിയായി അവർ ഒന്ന് മൂളുക മാത്രം ചെയ്തു. ഇരുട്ട് മെല്ലെ മെല്ലെ ഒരു നവവധുവിന്റെ നാണത്തോടെ ഭൂമിയെ പുൽകാൻ തുടങ്ങി.

“ങാ. അവിടെയൊരു വെളിച്ചം കാണുന്നല്ലോ. ഭാഗ്യം. അത് ഒരു കുടിലായിരുന്നെങ്കിൽ...”

കാട്ടുവഴിയിൽ നിന്ന് ഒരൽപ്പം ഇടത്തേയ്ക്ക് തിരിഞ്ഞ് കാണുന്ന പാതയിലൂടെ ആ വെളിച്ചത്തിന് നേർക്ക് കാളവണ്ടി തെളിച്ചു. അവരുടെ പ്രതീക്ഷ തെറ്റിയില്ല. അത് ഒരു ആദിവാസി കുടിലായിരുന്നു. പ്രാകൃതനായ കണ്ണിന് കാഴ്ച കുറഞ്ഞ വൃദ്ധനായ ആദിവാസിയും അയാളുടെ വയസ്സായ, ഭാര്യയും ഏക മകളും മാത്രമായിരുന്നു ആ വീട്ടിൽ.

കാര്യം പറഞ്ഞപ്പോൾ സസന്തോഷം അവർ അതിഥികളെ സ്വീകരിച്ചു. അന്ന് അവിടെ തങ്ങാൻ അനുവാദവും നൽകി.

സമയം അർദ്ധരാത്രി. കേശവപിള്ള മെല്ലെ എഴുന്നേറ്റു. അയാളുടെ കണ്ണുകൾ തീക്ഷ്ണമായി തിളങ്ങുന്നുണ്ടായിരുന്നു. എന്തോ ആലോചിച്ചുറപ്പിച്ച് അയാൾ, കാളവണ്ടിക്കരികിലേയ്ക്ക് നീങ്ങി. ചാക്കിനടിയിൽ ഒളിപ്പിച്ചു വെച്ചിരുന്ന നാടൻ പട്ടച്ചാരായം അയാൾ എടുത്ത് ഒറ്റ വലിക്ക് അകത്താക്കി.

ചാരായം മെല്ലെ അയാളുടെ സിരകളെ കീഴ്പ്പെടുത്തുവാൻ തുടങ്ങി. പുതിയ കുടിലിനുള്ളിൽ കയറി വാതിലടച്ചു. കാണിയുടെ മകളുടെ മുറിയായിരുന്നു അയാളുടെ ലക്ഷ്യം! മെല്ലെ വാതിൽ തള്ളിത്തുറന്ന് അകത്ത് പ്രവേശിച്ചു. അവിടെ ഭാര്യയും വൃദ്ധനായ കാണിയുടെ മകളും അടുത്തടുത്തായി കിടന്നുറങ്ങുന്നുണ്ടായിരുന്നു.

അയാൾ മെല്ലെ കാണിയുടെ മകളെ ആലിംഗനം ചെയ്തു. അവൾ ഞെട്ടിയുണർന്നു. തന്റെ ദേഹത്തിലൂടെ എന്തൊക്കെയോ ഇഴയുന്ന പ്രതീതി. ഒരു നിമിഷത്തെ അന്ധാളിപ്പിന് ശേഷം അവൾ അയാ

ളെ തള്ളി മാറ്റി. അസാമാന്യ കായികപാടവത്തോടെ അയാൾ പിന്നെയും ആക്രമിക്കാൻ അടുത്തു. ബഹളം കേട്ട് ഗോമതി ഉണർന്നു. അപ്പോൾ കണ്ട കാഴ്ച! ഏതൊരു പതിവ്രതയ്ക്കും സഹിക്കാവുന്നതിലേറെയായിരുന്നു.

"വിടവളെ."

അവൾ അലറി. അയാൾ ഒന്നു ഞെട്ടി. പിന്നെ സ്വബോധം ഒരൽപ്പം വീണ്ടെടുത്തു.

"എടീ എനിക്കൊരബദ്ധം..."

കാണിയുടെ മകളെ വിട്ടുകൊണ്ട് അയാൾ പറഞ്ഞു. അവളുടെ കണ്ണിൽ നിന്നും അശ്രുക്കൾ തുലാമഴ പോലെ പെയ്യാൻ തുടങ്ങി.

"കേൾക്കണ്ട എനിക്കൊന്നും. ഇനി എനിക്കിങ്ങനെയൊരു ഭർത്താവില്ല. സഹിക്കാവുന്നതിലേറെ സഹിച്ചു. ഇനി വയ്യ."

പെട്ടെന്ന് കാണിയും ഭാര്യയും ഉണർന്നു. ശബ്ദം കേട്ട് പുറത്ത് വന്നു. മകളെക്കുറിച്ചുള്ള പ്രതീക്ഷകളും സ്വപ്നങ്ങളും പേറി ജീവിക്കുന്ന അവർക്ക് ആ സംഭവം താങ്ങാവുന്നതിലേറെയായിരുന്നു. എന്നാലും ഗോമതിയുടെ കരളലിയിക്കുന്ന വിലാപങ്ങൾക്ക് മുന്നിൽ അവർ നിശ്ശബ്ദരായി.

ഗോമതിക്ക് അമർഷവും ദുഃഖവും സഹിക്കാനായില്ല. അവൾ ആലോചിച്ചു.

'ആത്മഹത്യ ചെയ്താലോ'?

ഇല്ല. കഴിയില്ല. തന്റെ കുഞ്ഞുങ്ങൾ, തന്നെപ്പോലെ അവരും അനാഥരാകരുതല്ലോ! കുഞ്ഞുങ്ങളെക്കുറിച്ചുള്ള ചിന്ത അവളെ അസ്വസ്ഥയാക്കി. അവരില്ലായിരുന്നെങ്കിൽ ഈ ശപിക്കപ്പെട്ട ജന്മം എന്നേ അവസാനിപ്പിച്ചേനെ. അവൾ സ്വയം ആശ്വസിച്ചു. ആ രാത്രിയുടെ ഓരോ യാമങ്ങളും ഓരോ യുഗങ്ങളായി ഇഴഞ്ഞിഴഞ്ഞു നീങ്ങി.

ഒടുവിൽ ഉദയസൂര്യന്റെ അരുണശോഭ ആകാശത്തെ ചിത്രപ്പലകയാക്കി. കിളികളുടെ കൂജനങ്ങൾ പ്രഭാതത്തിന് വിരുന്നൂട്ടി. വീണ്ടും പുതിയൊരു ദിനത്തിന്റെ ആരംഭം.

കാണിയോടും കുടുംബത്തോടും യാത്ര പറഞ്ഞ് അവർ വണ്ടിയിലേറി. പരസ്പരം ഒന്നും മിണ്ടിയില്ല. കേശവപിള്ളയുടെ ശ്രദ്ധ മുഴുവൻ കാളവണ്ടി നിയന്ത്രിക്കുന്നതിലായിരുന്നു. തലേന്ന് അങ്ങനൊരു സംഭവം നടന്നതായ ഒരു ഭാവം പോലും ആ മുഖത്തില്ല.

പക്ഷേ, ഗോമതിയുടെ ഹൃദയം പുകയുകയായിരുന്നു. ആയിരം അഗ്നിപർവ്വതങ്ങൾ അവളുടെ നെഞ്ചിനുള്ളിൽ എരിഞ്ഞുകൊണ്ടിരുന്നു.

മണിക്കൂറുകൾ ചിത്രശലഭങ്ങളായ് പാറിയകന്നു. മൗനത്തിന്റെ മടുപ്പിക്കുന്ന ഇടവേളകൾക്കൊടുവിൽ വണ്ടി വഴിയോരം ചേർത്ത് അയാൾ നിർത്തി. അങ്ങകലെ നീലക്കണ്ണുകളും ധവള മേഘപ്പട്ടുകുപ്പാ

യവും മഞ്ഞിൻകണമറിഞ്ഞ മാമലകളാകുന്ന നൂപുരവും ചാർത്തിയ സഹ്യാദ്രിപ്പെൺകൊടി അവരെ നോക്കി പുഞ്ചിരിച്ചു. നീണ്ടു നിവർന്ന ആ വീഥി ഇഴയുന്ന പെരുമ്പാമ്പിനെ ഓർമ്മിപ്പിച്ചു. അതിന്റെ ഒരു വശത്തെ അഗാധമായ കൊക്ക അവരെ നോക്കി പല്ലിളിച്ചു.

മണിക്കൂറുകൾ പിന്നിടവേ കേശവപിള്ള മൗനം ഭഞ്ജിച്ചു.

“എടീ. എന്താടീ, ഞാൻ എന്തു തെറ്റു ചെയ്തു? കുറച്ചു നേരമായല്ലോ നീ ശവത്തിനെപ്പോലെ നാവിറക്കാൻ തുടങ്ങിയിട്ട്.”

മറുപടിയില്ല. രൂക്ഷമായ ഒരു നോട്ടം മാത്രം.

“ഛീ. നീ നോക്കി പേടിപ്പിക്കുന്നോ?...കുറെ കണ്ടവനാ ഈ കേശവൻ.”

“അതേ. അതെനിക്കറിയാം. നിങ്ങള് കണ്ടതും കാണിച്ചതുമൊക്കെ നന്നായറിയാം, എന്റെ കുട്ടികളെ ഓർത്ത് ഇത്രയും കാലം ക്ഷമിച്ചു. നാട്ടിൽ ചെല്ലട്ടെ. കാണിച്ചു തരാം.”

ഗോമതിക്ക് പിടിച്ചു നിൽക്കാനായില്ല.

“നീ എന്തു കാണിക്കുമെടീ എന്നെ?”

വർദ്ധിച്ച കോപത്തോടെ വണ്ടിയിൽ നിന്നും ചാടിയിറങ്ങി അയാൾ അവരെ വലിച്ച് പുറത്തിട്ടു.

”നിങ്ങളെന്നെ.... തെറ്റ് ചെയ്തതും പോരാ. അത് പറഞ്ഞതിന് എന്നോട് പോരിനും വരുന്നോ? നാണമില്ലേ നിങ്ങൾക്ക്?”

അവൾ അമർഷത്തോടെ ചീറി.

“എനിക്ക് നാണമില്ല. ഇനിയും ചെയ്യും. നീ എന്തു ചെയ്യുമെടീ പട്ടിച്ചീ.”

ഇതും പറഞ്ഞ് അവരുടെ മുടിയിൽ കുത്തിപ്പിടിച്ച് അയാൾ ഒരു ഉന്ത് കൊടുത്തു. അവരുടെ തല വണ്ടിയുടെ കാലിലിടിച്ചു പൊട്ടി ചോരയൊഴുകി. കലിയോടെ അവർ അയാളുടെ കരണക്കുറ്റിക്ക് ആഞ്ഞൊരടി. അന്നാദ്യമായി അവർ അയാൾക്കെതിരെ പ്രതിഷേധസ്വരമുയർത്തി. അതോടെ കേശവപിള്ളയുടെ സകലനിയന്ത്രണവും തെറ്റി. കാളവണ്ടിയിൽ സൂക്ഷിച്ചിരുന്ന ഇരുമ്പ് വടിയെടുത്ത് അവരുടെ തലയിൽ ആഞ്ഞടിച്ചു. തലച്ചോർ ചിതറി. അൽപ്പനിമിഷത്തെ അന്ധാളിപ്പ്! ഭയം. ഒടുവിൽ കുറ്റബോധം അയാളെ വേട്ടയാടിത്തുടങ്ങി. അൽപ്പനേരത്തെ ആലോചലയ്ക്ക് ശേഷം അയാൾ തീരുമാനമെടുത്തു. ഭാര്യയുടെ ജഡം കാളവണ്ടിയോട് കൂടി കൊക്കയിൽ തള്ളുക. സംഭവിക്കാനുള്ളത് സംഭവിച്ചു. അവൾ പോയി... സ്വന്തം തടി രക്ഷിക്കുക!. അതായിരുന്നു ലക്ഷ്യം. എന്തോ തീരുമാനിച്ചുറപ്പിച്ച് അയാൾ കാളവണ്ടിക്കരികിലേയ്ക്ക് നീങ്ങി. വലിയ ശബ്ദത്തോടെ ആ കാളവണ്ടിയെ മലമടക്കിന്റെ നിഗൂഢതയിൽ നിന്ന് വാ പിളർന്ന് വന്ന കൊക്കയെന്ന രാക്ഷസൻ വിഴുങ്ങി.

ആ കൃത്യം കഴിഞ്ഞു.

പിന്നിലേയ്ക്കയാൾ നോക്കിയില്ല. മനസ്സിൽ മനുഷ്യത്വത്തിന്റെ കനലുകൾ എരിഞ്ഞടങ്ങി. കാലം മഴയത്തെ ചാമ്പൽക്കൂന പോലെയായി. ബന്ധങ്ങളുടെ ചരടുകൾ ചിതലരിച്ചു. അകലേയ്ക്ക് ആ രണ്ട് കാളകളും അയാളും നീങ്ങി.

ഒരു ചെറുനിശ്വാസം കേശവപ്പിള്ളയിൽ നിന്നുമുയർന്നു. എങ്കിലുമയാൾ നിർവ്വികാരനാണ് എന്ന് പറയാനാകില്ല. എത്ര കളിപ്പിച്ചാലും ഒളിക്കാത്ത എന്തോ ഒന്ന് അയാളെ അസ്വസ്ഥനാക്കി. കാളകളേയും കൂട്ടി അവറ്റകളുടെ കയറും പിടിച്ച് അയാൾ മുന്നോട്ട് നടന്നു.

ഇനി...

അയാൾ കണക്കില്ലാത്ത ഭാര്യയുടെ സ്വത്തിന് അവകാശിയായേക്കാം. സർ സി.പി.യുടെ നിക്കർ പോലീസ് അയാളെ ബന്ധനസ്ഥനാക്കിയേക്കാം.

ഒരു വേള, പശ്ചാത്താപവിവശനായി അയാൾ സർവ്വശക്തന്റെ വഴിയേ നടന്നേക്കാം. അതുമല്ലെങ്കിൽ മറ്റെന്തെങ്കിലുമാകാം. എന്തായാലും ആ കാത്തിരിപ്പ് നീളട്ടെ. ഈ പാതയുടെ അന്ത്യം വരെ.

12. ഗോൾ

വലത്തേയ്ക്ക് ഡ്രിബ്ബിൾ ചെയ്ത പന്ത് അയാൾ അനായാസം കാലുകളിലേയ്ക്ക് ആവാഹിച്ചു കൊടുത്തു. ഒരുഗ്രൻ ഇടങ്കാലൻ ഷോട്ട്. ഗോളിയെ കീഴ്പ്പെടുത്തി അത് വലയിൽ പതിച്ചപ്പോൾ നിശ്ചലമായിരുന്ന ഗ്യാലറികൾ പൊട്ടിത്തെറിച്ചു. ഗ്രൗണ്ടിന് ചുറ്റും വലം വെച്ച അയാളെ കൂട്ടുകാർ എടുത്തുയർത്തി. സമയം ഇനി മൂന്ന് മിനിറ്റ് മാത്രം ബാക്കി.

വിജയം ഉറപ്പിച്ച് മികച്ച പ്രതിരോധത്തിലൂന്നിക്കളിച്ച കേരളം അന്തർസംസ്ഥാന ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. അതിന്റെ വിജയശിൽപ്പിയായ അജിലാലിനെ ജനങ്ങൾ അഭിനന്ദനപ്രവാഹങ്ങൾ കൊണ്ട് മൂടി. അതോടെ നാട്ടിൽ അജിക്ക് ഒരു താരപരിവേഷവും കൈവന്നു. ദേശീയ ടീമിലേയ്ക്ക് വൈകാതെ അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. തുടർന്നുള്ള സംഭവങ്ങൾക്ക് സാക്ഷിയാണ് എഴുത്തുകാരൻ.

തുടർന്ന് സാക്ഷിക്ക് വിവരണം നൽകാൻ അനുമതി നൽകണമെന്ന് ബഹുമാനപ്പെട്ട ജനകീയകോടതിയോട് അഭ്യർത്ഥിക്കുന്നു.

“പെർമിഷൻ ഗ്രാന്റഡ്.”

ഗ്രാമപഞ്ചായത്തിൽ ക്ലാർക്കായി സ്പോർട്സ് ക്വാട്ടയിൽ അജിലാലിന് നിയമനം കിട്ടി. വളരെ പരിതാപകരമായിരുന്നു അജിയുടെ വീട്ടിലെ അവസ്ഥ. മൂന്ന് സഹോദരിമാരും ഇളയ അനുജനും അച്ഛനുമമ്മയും അടങ്ങുന്ന കുടുംബം. ഒരോലപ്പുരയുടെ അസൗകര്യങ്ങളിൽ വീർപ്പുമുട്ടി കഴിഞ്ഞ് കൂടുകയായിരുന്നു അവർ.

പൊഴിയുന്ന മഴയിൽ ചോരുന്ന വീട്. പൊരിവെയിലിൽ പൊള്ളുന്ന വയറുകൾ. അച്ഛന്റെ കൂലിപ്പണിയിൽ നിന്നുള്ള വരുമാനവും പെങ്ങന്മാരുടെ തയ്യലുമൊക്കെയാണ് അവരുടെ ജീവിതം മുന്നോട്ട് കൊണ്ടു പോകാനുള്ള ഉപാധികൾ. അങ്ങനെയിരിക്കെയാണ് പഞ്ചായത്തിൽ അജിലാലിന് ജോലി കിട്ടുന്നത്.

ആദ്യമായി ജോലിക്ക് ചേർന്ന അന്ന്, അച്ഛൻ അയാളുടെ മൂർദ്ധാവിൽ ചുംബിച്ച് നെറുകയിൽ കൈ വെച്ച് അനുഗ്രഹിച്ചു. നാളുകൾ മാസങ്ങളായും വർഷങ്ങളായും കടന്നു പോകവേ, അവരുടെ കുടുംബം പച്ച പിടിച്ചു തുടങ്ങി. സഹോദരിമാരെ അജി മാന്യമായി വിവാഹം ചെയ്തയച്ചു. അനുജനെ പോളിടെക്നിക്കിൽ ചേർത്തു. അച്ഛന് പഞ്ചായത്താഫീസിന് സമീപം ഒരു ചെറിയ കാന്റീൻ ഇട്ടു കൊടുത്തു. ബാധ്യതകളൊക്കെ ഒഴിഞ്ഞപ്പോൾ അജി സ്വന്തം കാര്യത്തെക്കുറിച്ച് ആലോചിച്ച് തുടങ്ങി.

വീട്ടുകാർ മുൻകൈയെടുത്ത് വിവാഹം നടത്തിക്കൊടുത്തു.

നല്ല സാമ്പത്തികം, കുടുംബമഹിമ ഇതെല്ലാമുള്ള ഭാര്യയെയാണ് കഥാനായകന് ലഭിച്ചത്. എങ്കിലും എന്തോ ഒരു കുറവ്. ഏച്ച് കെട്ടിയ കയറിന് നടുവിലെന്ന പോലെ മുഴച്ചു നിന്നില്ലേ? എന്താണത്?

വിവാഹം കഴിഞ്ഞ ശേഷം ഫുട്ബോൾ അയാൾ തീരെ ഉപേക്ഷിച്ചു. അൽപ്പസ്വൽപ്പം മദ്യപാനവുമാരംഭിച്ചു. ആ നീലക്കണ്ണുകളിൽ നിറഞ്ഞു നിന്നിരുന്ന പ്രസരിപ്പ് മെല്ലെ മെല്ലെ പടിഞ്ഞാറ് താണു തുടങ്ങി. അജിയെ മുതലെടുക്കാനും പങ്കു പറ്റാനും ആളുകളുണ്ടായി. കിട്ടുന്ന ശമ്പളം വീട്ടിലെത്താതായി. ഭാര്യക്ക് അയാളെ പുച്ഛമായി. വാക്കേറ്റവും ബഹളങ്ങളും വീട്ടിൽ പതിവായി. ചിട്ടി നടത്തിയും പലിശയ്ക്ക് കൊടുത്തും കുടുംബത്തെ കര കയറ്റിയ അയാളുടെ സമ്പാദ്യങ്ങൾ അന്യാധീനപ്പെട്ടു. അദ്ദേഹത്തിന്റെ പിതാവ് എന്നെ കാണുമ്പോഴൊക്കെ അയാളുടെ കാര്യം പറഞ്ഞ് സങ്കടപ്പെടും. ഒരു ദിവസം അജിലാലിനെ ഒന്ന് ഉപദേശിക്കുകയും ചെയ്തു. പക്ഷേ, അയാൾ നന്നായില്ല.

പഞ്ചായത്തിൽ ഓരോരോ കാര്യങ്ങൾക്കായി വരുന്നവരിൽ നിന്ന് അയാൾ വല്ലപ്പോഴുമൊക്കെ ചില്ലറ വാങ്ങുമായിരുന്നു. അങ്ങനെയിരിക്കേ, ഒരു ദിവസം അത് സംഭവിച്ചു.

അന്നൊരു ശനിയാഴ്ചയായിരുന്നു. ഡ്യൂട്ടി കഴിഞ്ഞ് വിജനമായ പഞ്ചായത്ത് വളപ്പിലിരുന്ന് അയാളും കൂട്ടുകാരും സൊറ പറഞ്ഞ് മദ്യപിച്ചിരിക്കുകയായിരുന്നു.

ഇതിനിടയിലാണ് അക്കൂട്ടത്തിലുണ്ടായിരുന്ന രാഷ്ട്രീയ നേതാവുമായി എന്തോ പറഞ്ഞ് തർക്കമുണ്ടായത്. തർക്കം തല്ലിലെത്തി. ഒടുവിൽ അ ജിലാലിനെ വെല്ലു വിളിച്ച് അയാൾ കടന്നു പോയി.

രണ്ടു മൂന്ന് ദിവസം കഴിഞ്ഞ് ഒരു കിണർ കുഴിക്കുന്നതിനുള്ള സാമ്പത്തിക സഹായം പഞ്ചായത്തിൽ നിന്ന് ലഭിക്കുന്നതിനെന്ന് പറഞ്ഞ് ഒരു മദ്ധ്യവയസ്കൻ അജിലാലിനെ സമീപിച്ചത്. ആദ്യം അയാളെ ഒഴിവാക്കാൻ നോക്കിയെങ്കിലും പിന്നീട് സമ്മതിച്ചു.

“നിങ്ങളൊരു കാര്യം ചെയ്യൂ. ആ അപേക്ഷ ഇങ്ങ് തരൂ. ഞാൻ വേ ണ്ടത് ചെയ്തേക്കാം. ഇനി അടുത്ത ബുധനാഴ്ച വന്നാൽ മതി. പഞ്ചായത്ത് പ്രസിഡണ്ടിനെ ഒതുക്കേണ്ടി വരും. സാരമില്ല. എല്ലാം ശരിയാക്കാം. നിങ്ങൾ വേണ്ടത് പോലെ ചെയ്യേണ്ടത് ചെയ്താൽ മതി. ഒ.കെ.”

അജിലാൽ പറഞ്ഞു.

“ശരി സാർ. ഞാൻ ബുധനാഴ്ച വരാം.”

അത് പറഞ്ഞിട്ട് അയാൾ ഒരു ബ്രൗൺ കവറെടുത്ത് ചെറുചിരിയോടെ അജിലാലിന് നേരെ നീട്ടി. അയാൾ അത് വാങ്ങി കവറിനുള്ളിലേയ്ക്ക് പാളി നോക്കി. നൂറിന്റെ രണ്ട് നോട്ട്. ഇരുനൂറെങ്കിൽ ഇരുനൂറ്. ഒരു ഫുള്ളിനുള്ള ക്യാഷായി. മനസ്സിലോർത്തു. യാത്ര പറഞ്ഞിറങ്ങിയ മധ്യവയസ്കന് പിന്നാ ലെ ഒരു സംഘം ആളുകൾ ഇരച്ചെത്തി.

അങ്ങനെ അജിലാൽ വിജിലൻസിന്റെ പിടിയിലായി.

ആറുമാസം സസ്പെൻഷൻ. അതിനുള്ളിൽ രാഷ്ട്രീയ സ്വാധീനം ഉപയോഗിച്ച് അയാൾ സർവ്വീസിൽ തിരിച്ചു കയറി. ആ അനുഭവത്തോടെ അയാൾ ഒരു പാഠം പഠിച്ചു. സസ്പെൻഷനിലായിരുന്നപ്പോൾ തന്നെ തിരിഞ്ഞ് നോക്കാതിരുന്ന സഹജീവനക്കാരേയും കപടസുഹൃത്തുക്കളേയും അയാൾ ആട്ടിയോടിച്ചു.

ആ വീട്ടിൽ വീണ്ടും സന്തോഷം പടർന്നു. അങ്ങനെയിരിക്കെയാണ് പഞ്ചായത്തിൽ നിന്ന് എല്ലാവരും മൂകാംബികയ്ക്ക് ടൂർ പോയത്. ദേവീ സന്നിധിയിൽ നിന്ന് തിരിച്ച് വന്നശേഷം അജിലാൽ താടി വളർത്തി. കാവി ജുബ്ബ ധരിച്ചു. ഭാര്യ അയാൾക്കൊരു പെൺകുഞ്ഞിനെ സമ്മാനിച്ചു. അതോടെ അയാൾ കൂടുതൽ കർമ്മോത്സുകനായി. നാട്ടിൽ ഒരു ഫുട്ബോൾ സ്റ്റേഡിയം പഞ്ചായത്ത് വകയായി ഉണ്ടായിരുന്നു. അവിടെ അജിലാലും സുഹൃത്തുക്കളും ചേർന്ന് ഒരു ചെറിയ കെട്ടിടം നിർമ്മിച്ചു. ഗ്രാമപഞ്ചായത്തും അവരെ അതിന് സഹായിച്ചു. മിടുക്കരായ കോച്ചുമാരെ അവിടെ കൊണ്ടു വന്ന് നാട്ടിലെ കുട്ടികളെ ഫുട്ബോളും മറ്റ് സ്പോർട്സ് ഇനങ്ങളും പരിശീലിപ്പിച്ചു. അങ്ങനെയാണ് അയാൾക്ക് മികച്ച സർക്കാരുദ്യോഗസ്ഥനുള്ള അവാർഡ് കിട്ടുന്നത്.

ജീവിതത്തിൽ ശുക്രൻ ആധിപത്യം തെളിഞ്ഞിരിക്കുന്ന ആ സമയത്ത് ആരെങ്കിലും 'ഇത് സംഭവിക്കു'മെന്ന് കരുതിയാതാണോ? മിന്നിത്തിളങ്ങുന്ന ശുക്രനെ ശനിയുടെ കറുത്ത കരങ്ങൾ പിന്തുടരുന്നത് ആരും അറിഞ്ഞിരുന്നില്ല.

അന്ന് ഒരു ഞായറാഴ്ചയായിരുന്നു. എല്ലാ ദിവസത്തേയും പോലെ ക്ലബ്ബിലേയ്ക്ക് പോകാനിറങ്ങിയപ്പോഴാണ് ഭാര്യ പറഞ്ഞത്.

"ചേട്ടാ, കുഞ്ഞിന് നല്ല പനി. ഞാൻ നെറ്റിയിൽ തുണി നനച്ചിട്ടു നോക്കി. പാരസെറ്റമോളിന്റെ സിറപ്പും കൊടുത്തു. പനി മാറുന്നില്ല.ആശുപത്രിയിൽ കൊണ്ടുപോയാലോ?"

അത് കേട്ടപ്പോൾ മനസ്സിൽ ആധി ഉരുണ്ടു കയറി. ദൈവമേ എന്റെ കുഞ്ഞ്.

"എവിടെ?"

അയാളന്വേഷിച്ചു.

കുഞ്ഞിന്റെ നെറ്റിയിൽ കൈ വെച്ച് നോക്കി. പൊള്ളുന്ന ചൂട്. പെ ട്ടെന്ന് തന്നെ തയ്യാറായി. കുഞ്ഞിനേയും എടുത്ത് ഭാര്യയേയും കൂട്ടി ആശുപത്രിയിലേയ്ക്കോടി. പരിശോധനയ്ക്ക് ശേഷം കുഞ്ഞിനെ അഡ്മിറ്റ് ചെയ്തു. ഡോക്ടർ മരുന്നുകൾക്ക് കുറിച്ചു കൊടുത്തു. രണ്ട് ദിവസം കഴിഞ്ഞു. കുഞ്ഞിന്റെ പനി ഇടയ്ക്കിടയ്ക്ക് കുറഞ്ഞും കൂടിയുമിരുന്നു. ഇടയ്ക്കയാൾ കുട്ടിയെ മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റുന്നതിനെപ്പറ്റി ഡോക്ടറോട് സംസാരിച്ചപ്പോൾ ഇത് സീരിയസ്സായ ഒ

രു രോഗമല്ലെന്നും ഭയപ്പെടേണ്ടെന്നുമുള്ള ഉപദേശമാണ് ലഭിച്ചത്. നാലാമത്തെ ദിവസം കുട്ടിക്ക് പനി വളരെ കൂടി. കുഞ്ഞിനെ ഐ.സി.യു. വിലേയ്ക്കും പിന്നീട് വെന്റിലേറ്ററിലേയക്കും മാറ്റി. വൈകുന്നേരം നാല് മണിയോടെയാണ് നഴ്സ് വന്നു പറഞ്ഞത്.

"അതുൽ മരിച്ചു."

ആ വിവരം അജിലാലിനെ പിടിച്ചുലച്ചു. ആയിരം ഇടിമുഴക്കം ഒന്നിച്ച് പ്രളയം തീർക്കുന്ന പോലെ, നക്ഷത്രവിസ്ഫോടനങ്ങൾ പോലെ അയാളുടെ മനസ്സ് വിങ്ങിപ്പൊട്ടി. മിഴികളിലൂടെ നൂറുനൂറ് കൈത്തോടുകളായി കണ്ണുനീർ ഒഴുകിയിറങ്ങി.

മകന്റെ ശ്രാദ്ധകർമ്മങ്ങൾ കഴിഞ്ഞ് മൂന്ന് ദിവസങ്ങൾക്ക് ശേഷം നവോഢയായ വധുവിനെപ്പോലെ നെറ്റിയിൽ സൂര്യകുങ്കുമം ചാർത്തിയ സന്ധ്യയിൽ അയാൾ പഴയ ചില കൂട്ടുകാരെ കണ്ടു. ആത്മബന്ധത്തിന്റെ ആദ്യ നൂലിഴ. അതുലിന്റെ വേർപാടും ദുഃഖങ്ങളും അയാൾ അവരോട് പങ്ക് വെച്ചു. അവനെ ആശ്വസിപ്പിച്ച സുഹൃത്തുക്കൾ നിർബന്ധിച്ചപ്പോൾ അവരോടൊപ്പം അഞ്ചാറ് പെഗ്ഗ് മദ്യം അയാൾ അകത്താക്കി.

ഒടുവിൽ എല്ലാവരും യാത്ര പറഞ്ഞ് അവരവരുടെ വഴിക്ക് പോയി. അജിലാൽ ബൈക്ക് സ്റ്റാർട്ടാക്കി ഓടിച്ചു പോയി. കുറേ ദൂരം ചെന്നപ്പോൾ തലയ്ക്കുള്ളിലെ മദ്യമെന്ന ചെകുത്താൻ അയാളുടെ നിയന്ത്രണം മെല്ലെ ഏറ്റെടുത്ത് തുടങ്ങി. വൈകാതെ നല്ല ഫോമിലായിരുന്ന അജിലാലിന് വണ്ടി ശരിക്ക് നിയന്ത്രിക്കാൻ കഴിഞ്ഞില്ല. മുന്നിൽ പോകുന്ന ഒരു കാറിനെ ഓ വർടേക്ക് ചെയ്യുന്നതിനിടെ എതിരെ വന്ന ടിപ്പർ ലോറി ബൈക്കിലിടിച്ചു. ഒരുപാട് കളികൾ ജയിപ്പിച്ചിട്ടുള്ള ആ മനോഹരമായ 'ഹെഡ്', ടിപ്പറിന്റെ ച ക്രങ്ങൾക്കടിയിൽപ്പെട്ട് ചതരഞ്ഞരഞ്ഞു. അൽപ്പമകലെ വിധിയെന്ന ഭ്രാന്തൻ കൈ കൊട്ടിച്ചിരിച്ചു.

ഇപ്പോൾ അജിലാൽ ഇവിടത്തെ സ്ട്രൈക്കറാണ്. തളരാത്ത പോരാളിയെപ്പോലെ മുഴുവൻ മൂടിയ തലയുമായി അയാൾ ഈ പരലോകത്തിൽ പാഞ്ഞു നടക്കുന്നു. എന്നെപ്പോലുള്ള കാഴ്ചക്കാർ ഗ്രൗണ്ടിന് ചുറ്റും പറന്ന് നടന്ന് അവർക്ക് ആവേശം പകരുന്നു. അതാ, അതാ അജിലാൽ മുന്നേറുകയാണ്. ഇടത്തേയ്ക്ക് വെട്ടിച്ച് ഗോൾ പോസ്റ്റിലേയ്ക്ക് മറ്റൊരുശിരൻ ഷോട്ട്. അത് ചിത്രഗുപ്തൻ നിയോഗിച്ച ഗോളിയെ തോൽപ്പിച്ച് വലയിലേയ്ക്ക്.

"ഗോൾ....ഗോൾ..."

അയാൾ ആഹ്ലാദനൃത്തം ചവിട്ടി. അങ്ങനെ അയാൾക്ക് മുന്നിൽ സ്വർഗ്ഗകവാടം തുറന്നു.

13. നിലാവുള്ള രാത്രിയിൽ

മീനത്തിലെ നിലാവുള്ള രാത്രിയിൽ വിജനമായ വയൽവരമ്പിലൂടെ ഏകനായി നടന്നു പോകുമ്പോൾ അകലെ ഒരു ഇലയനക്കം കേട്ട് ആദിത്യൻ ഒന്ന് ഞെട്ടി.

വരമ്പിനടുത്തുള്ള വയൽ നികത്തിയ പറമ്പിലെ ഔതച്ചന്റെ വീടിനു പുറകിലായിരുന്നു ആ ആളനക്കം.

"ആരാപ്പോ ഈ അസമയത്ത് ആ വീടിന്റെ പിന്നാമ്പുറത്ത്?"

അയാൾ ചിന്തിച്ചു. അയാൾ സൂക്ഷിച്ചുനോക്കി. വീണ്ടും നിരീക്ഷിച്ചു. അവിടെയൊന്നും ആരെയും കണ്ടില്ല... തോന്നിയതാകും. അയാൾ ആശ്വസിച്ചു. ഭഗവതിക്കാവിലെ ഉത്സവത്തിന് കഥകളി ഉണ്ടായിരുന്നു... അയാൾ അത് കണ്ടിട്ടുള്ള മടക്കത്തിലായിരുന്നു. ഉറക്കം കണ്ണുകളോട് കിളിത്തട്ട് കളിക്കാൻ തുടങ്ങിയിട്ട് ഏറെ നേരമായി. അതുകൊണ്ട് എത്രയും പെട്ടെന്ന് വീടെത്തിച്ചേരാനുള്ള തിരക്കിലായിരുന്നു അയാൾ. എങ്കിലും ഇലയനക്കം കേട്ട ഭാഗത്തേയ്ക്ക് തിരിഞ്ഞ് നോക്കാതിരിക്കാനായില്ല.

ഇണ ചേരുന്ന രണ്ട് ദിവ്യ സർപ്പങ്ങൾ... അവരുടെ സീൽക്കാരവും നിശ്വാസവും അവിടമെല്ലാം അലയടിച്ചു. കാറ്റിനെപ്പോലും വ്രീളാവതിയാക്കി ഇലഞ്ഞിപ്പൂക്കളുടെ ഗന്ധം അവിടെയെല്ലാം പരന്നൊഴുകി. ആ കാഴ്ച കണ്ട് സ്തബ്ധനായി ആദിത്യൻ. അൽപ്പനേരത്തെ നിശ്ശബ്ദതയ്ക്കൊടുവിൽ ആ സർപ്പരൂപികൾ ദേവരൂപം പൂണ്ടു. ആദിത്യന്റെ സാന്നിദ്ധ്യം എങ്ങനെയോ മനസ്സിലാക്കി അന്തർധാനം ചെയ്തു. വടക്ക് ദിക്കിൽ നിന്നും ഒരു കൊള്ളിയാൻ വെട്ടം അയാളുടെ ശിരസ്സിനു മുകളിലൂടെ പാഞ്ഞുപോയി.

തെക്കേപറമ്പിലെ മൂവ്വാണ്ടൻ മാവിന്റെ കൊമ്പിൽ നിന്നും വെള്ളിമൂങ്ങയുടെ ഭയപ്പെടുത്തുന്ന കുറുകൽ ഉയർന്നു. ആദിത്യന്റെ കാലുകൾക്ക് അശ്വവേഗമാർന്നു സ്വന്തം ഇല്ലത്തെത്താനുള്ള വ്യഗ്രതയിൽ അവ അതിദ്രുതം ചലിച്ചു.

ഇല്ലത്തിന്റെ ഉമ്മറക്കോലായിൽ കാൽ കഴുകാനായി വച്ചിരുന്ന പിച്ചളക്കിണ്ടിയെ ശ്രദ്ധിക്കാതെ പരിഭ്രമത്തോടെ മുൻവാതിൽ മുട്ടി വിളിച്ചു... തനിക്കു മുന്നിൽ തുറക്കപ്പെട്ട പൂമുഖവാതിൽപ്പടികൾ ധൃതിയോടെ കയറുമ്പോൾ താൻ കണ്ട കാഴ്ചയുടെ സംഭ്രമാത്മകത അയാളുടെ മനസ്സിനെ അപ്പോഴും ചൂഴുകയായിരുന്നു.

എങ്കിലും ആ കാഴ്ചയെക്കുറിച്ച് അയാൾ ആരോടും മിണ്ടിയില്ല, ഭക്ഷണം കഴിച്ചതിന് ശേഷം മുഖവും കൈകാലുകളും കഴുകി തേവാരപ്പുരയുടെ ഉള്ളിൽക്കയറി പരദേവതാസങ്കൽപ്പത്തിന് മുന്നിൽ ധ്യാ

നനിരതനായി മനസ്സിനെ സംഭ്രമത്തിൽ നിന്നും മോചിപ്പിക്കാൻ അയാൾ ശ്രമിച്ചു. അകലെ വെള്ളോട്ടു മനയിലെ രക്തപിശാചിനി നിഗൂഢമായി പുഞ്ചിരിക്കുന്നതറിയാതെ മെല്ലെ നിദ്രയെ പുൽകി.

പ്രതികാരദുർഗ്ഗയായ രക്തപിശാചിനിയുടെ ക്രൂരദംഷ്ട്രകൾക്കിരയായവർ പലരുമുണ്ടായിരുന്നു. കൂടുതലും അന്യനാട്ടുകാരായ യാത്രക്കാരായിരുന്നു. ഏറെയും അവളുടെ ഇരകൾ. യാത്രാക്ഷീണം മൂലം തല ചായ്ക്കാൻ ഇടമില്ലാതെ വിഷമിക്കുന്ന അവർ രക്തപിശാചിനിയുടെ സങ്കേതമാണ് എന്നറിയാതെ ഏക്കറുകളോളം വിജനമായ ഒറ്റപ്പെട്ട വെള്ളോട്ടുമനയെ വഴിയമ്പലമായി കരുതി അന്തിയുറങ്ങാൻ എത്തുമ്പോൾ അവളുടെ ക്രൂരദംഷ്ട്രകൾക്ക് ഇരയാവാറാണ് പതിവ്. മഹാമാന്ത്രികരായ പലരും അവളെ തളയ്ക്കാൻ ശ്രമിച്ച് കാലപുരി പൂകിയിട്ടുണ്ട്.

അത്ര എളുപ്പമല്ല, അവളെ തളയ്ക്കാൻ. കാരണം ജീവിച്ചിരുന്നപ്പോൾ നാഗയക്ഷിയുടെ പ്രീതിക്ക് പാത്രീഭൂതയായിരുന്നു അവൾ. വെള്ളോട്ട് മനയിലെ സുന്ദരിയായ ദേവകി അന്തർജ്ജനത്തിന്റെയും സുപ്രൻതിരുമേനിയു ടേയും മകൾ.

സാവിത്രി. പേര് പോലെത്തന്നെ സുശീലയായിരുന്നു അവൾ. പതിനേഴാമത്തെ വയസ്സ് വരെ ഒരു അപ്സരസ്സിനെപ്പോലെ പാറി നടന്നവൾ. കാണുന്നവർക്കെല്ലാം ആരാധനാപാത്രമായവൾ.

അങ്ങനെയിരിക്കേ ആ കറുത്ത ദിനം വന്നെത്തി. ദേവകി അന്തർജ്ജനവും സുപ്രൻതിരുമേനിയും മറ്റു വാല്യക്കാരുമെല്ലാം ദൂരെയുള്ള ഇല്ലത്ത് ഒ രു പുടവ കൊടുപ്പിനു പോയ സമയം. സാവിത്രിയും അടിച്ചുതളിക്കാരിയാ യ അംബുജവും മാത്രമായിരുന്നു മനയിലുണ്ടായിരുന്നത്. അപ്പോളാണ് തെമ്മാടിയായ അംബുജത്തിന്റെ സഹോദരൻ വാരിജാക്ഷൻ അവിടെ എത്തിയത്.

സുപ്രൻതിരുമേനിയുടെ രഹസ്യക്കാരിയായിരുന്നു അംബുജം. വെ ള്ളോട്ടുമനയുടെ കണക്കില്ലാത്ത സ്വത്ത് കൈവശപ്പെടുത്താൻ അവർ പദ്ധതിയിട്ടിരുന്നു. അപ്പോഴാണ് ആ മനയുടെ ഏക അവകാശിയായ സാവിത്രിക്കുട്ടിയെ അപായപ്പെടുത്താനുള്ള അസുലഭാവസരം അംബുജത്തിനും ആ ങ്ങളയ്ക്കും കൈവന്നത്. അതവർ ശരിക്കും വിനോഗിച്ചു.

സാവിത്രിയുടെ കഴുത്ത് മുറുക്കി ശ്വാസം മുട്ടിച്ചു. ആത്മഹത്യയാണെന്ന് വരുത്തിത്തീർക്കാൻ ആ മനയുടെ പിന്നാമ്പുറത്തുള്ള കാഞ്ഞിരക്കൊമ്പിൽ കെട്ടിത്തൂക്കി...

തിരിച്ചു വന്ന ദേവകി അന്തർജ്ജനം കണ്ടത് കാഞ്ഞിരക്കൊമ്പിൽ തൂങ്ങിയാടുന്ന തന്റെ പൊന്നുമോളുടെ മൃതദേഹമാണ്. അവരുടെ കണ്ഠഞരമ്പുകൾ വലിഞ്ഞു മുറുകി ഹൃദയവും ആഞ്ഞ് മിടിച്ചു. രണ്ടു തവണ. ഒടുവിൽ അത് നിശ്ശബ്ദമായി.. ഹൃദയം തകർന്നു മരിച്ച

ദേവകി അന്തർജ്ജനത്തിന്റെയും ആത്മഹത്യ ചെയ്ത സ്വന്തം മകളുടെയും വിയോഗത്തിൽ മനം നൊന്തു കുറ്റബോധത്തിന്റെ അഗ്നിയിൽ സുപ്രൻതിരുമേനിയുടെ മനോനില തെറ്റി.

കാലക്രമേണ തകർന്ന ആ തറവാടിന്റെ ഭിത്തികൾക്കു മേൽ വീണ വിള്ളലുകളിൽ കൊച്ചുകൊച്ചു ആൽമരങ്ങൾ മുളച്ചു. ദേവകി അന്തർജ്ജനത്തിന്റേയും സാവിത്രിയുടേയും വിയോഗത്തിന്റെ കൃത്യം ഒരു വർഷം തികയുന്ന അന്ന് രാത്രി വിജനമായ വെള്ളോട്ടു മനയിലേയ്ക്കുള്ള നടവഴിയിൽ നീണ്ടു വളർന്ന ദംഷ്ട്രകളും രക്തമിറ്റിറ്റ് വീഴുന്ന തേറ്റപ്പല്ലുകളും വെളുത്തു നീണ്ട കുപ്പായവും പനങ്കുല തോൽക്കുന്ന എണ്ണക്കറുപ്പാർന്ന മുടിയിഴകളുമായി ദേവസുന്ദരിയെപ്പോലെ യക്ഷകന്യകയായി സാവിത്രി പുനർജ്ജനിച്ചു.

അവളുടെ അട്ടഹാസത്തിൽ ദിഗന്തങ്ങൾ നടുങ്ങി... നായകൾ ഓരിയിട്ടു... കൂമന്മാർക്ക് വിശ്രമം നഷ്ടപ്പെട്ടു. പാലപ്പൂവിന്റെ വശ്യഗന്ധം അവിടമെല്ലാം പരന്നൊഴുകി... ഗതി കിട്ടാത്ത ആത്മാവുകളുടെ ലോകത്ത് നിന്നും ഭൂമിയിലെ പൂർത്തിയാവാത്ത മനോഹരസാമ്രാജ്യത്തിലേയ്ക്ക് മടങ്ങി വന്ന അവളുടെ തേങ്ങലുകൾ മനോഹരഗാനങ്ങളായി ശ്രുതിയിടാൻ ആരുമില്ലാതെ ആ അന്തരീക്ഷത്തെ സാന്ദ്രമാക്കിക്കൊണ്ടേയിരുന്നു...

തികഞ്ഞ സാത്വികനായിരുന്നു ആദിത്യൻ. കുട്ടിക്കാലം മുതലേ വേദങ്ങളിലും ജ്യോതിഷത്തിലും മന്ത്രതന്ത്രാദികളിലും പ്രാവീണ്യം നേടി. മഹാതപസ്വിയും ജ്ഞാനിയുമായിരുന്ന യോഗേന്ദ്രശാസ്ത്രികളുടെ ശിഷ്യൻ. എന്നിരുന്നാലും അലസത അവന്റെ സ്വഭാവസവിശേഷതകളിൽ കളങ്കം ചാർത്തി. മടികൊണ്ട് ഉപാസനകളിൽ വലിയ ശ്രദ്ധ കാണിച്ചിരുന്നില്ല, അവൻ. നാട്ടുകാർക്കൊക്കെ അവനെക്കുറിച്ച് വലിയ അഭിപ്രായം ഉണ്ടായിരുന്നില്ല. എങ്കിലും കുടുംബപരദേവതയെ നിത്യവും ധ്യാനിക്കാനും യമനിയമങ്ങൾ പാലിക്കാനും അവൻ ശ്രദ്ധിച്ചിരുന്നു. മഹാമാന്ത്രികൻ ആയിരുന്ന അവന്റെ പൂർവ്വികർ നിലവറയ്ക്കുള്ളിൽ പത്തായപ്പെട്ടിയിൽ സൂക്ഷിച്ചു വച്ചിരുന്ന അപൂർവമാന്ത്രികഗ്രന്ഥങ്ങൾ ഒന്ന് തുറന്നു നോക്കാൻ പോലും അവൻ മിനക്കെട്ടിരുന്നില്ല.

സത്യത്തിൽ ജ്യോതിഷം പഠിച്ചതും യോഗേന്ദ്രശാസ്ത്രിയുടെ ശിഷ്യത്വവും സ്വീകരിച്ചതും ആദിത്യന്റെ അമ്മാവന്റെ നിർബ്ബന്ധം മൂലമായായിരുന്നു. എങ്കിലും, ജ്യോതിഷം അവന് ഇഷ്ടവിഷയമായിരുന്നു അതുകൊണ്ടു തന്നെ ജ്യോതിഷസംബന്ധമായ ഗ്രന്ഥങ്ങൾ കൂടുതൽ ശ്രദ്ധയോടെ അവൻ പഠിച്ചു. ആദിത്യന്റെ അമ്മാവൻ ആദികേശവശാസ്ത്രികൾ അറിയപ്പെടുന്ന മാന്ത്രികനും ജ്യോതിഷിയും വൈദ്യനും ആയിരുന്നു. സർപ്പരാജാവായ വാസുകിയുടെ ഉപാസകനും ബ്രഹ്മജ്ഞനുമായ അദ്ദേഹം ഏത് കൊടിയ വിഷബാധയേയും നിമി

ഷനേരം കൊണ്ട് ഇല്ലാതാക്കാൻ പ്രാപ്തനായിരുന്നു. മാന്ത്രികകർമ്മ ങ്ങളിൽ ശ്രേഷ്ഠനായ ആദികേശവശാസ്ത്രിയുടെ പെരുമ നാടുകൾ കടന്നും പരന്നൊഴുകി. വിദൂരദേശങ്ങളിൽ നിന്ന് വരെ അദ്ദേഹത്തെ കാണുവാൻ വിഷബാധയേറ്റ ആളുകൾ വരുമായിരുന്നു.

അമ്മാവന്റെ നിർദ്ദേശപ്രകാരം ഒഴിവ് സമയങ്ങളിൽ ആദിത്യൻ അദ്ദേഹത്തെ സഹായിച്ചു. ഒരു പരികർമ്മിയായി കൂടെ നിന്നു.

തന്റെ മരുമകനോട് അതിയായ വാത്സല്യമായിരുന്നു അദ്ദേഹ ത്തിന്. മക്കളില്ലാതിരുന്ന ആ മഹാനുഭാവന് അവൻ സ്വന്തം മകനെ പ്പോലെയായിരുന്നു. എങ്കിലും ആദിത്യന്റെ നന്മയെ കരുതി അമിത സ്നേഹം കാണിക്കുമായിരുന്നില്ല, ആദികേശവശാസ്ത്രികൾ. അദ്ദേ ഹത്തിന്റെ ഹൃദയത്തിന്റെ പരിമള വാടികയിൽ ഒരു വണ്ടിനെപ്പോലെ ആദിത്യനോടുള്ള വത്സലമധുപം ശബ്ദമില്ലാതെ പറന്നു നടന്നു.

ഒടുവിൽ ആ ദിനം വന്നെത്തി.

ആകാശത്തിലെ വെൺമേഘങ്ങൾ കറുപ്പുടുത്ത, തീ പാറുന്ന ഉലപോലെ ചാറ്റൽമഴ ചിതറിത്തെറിച്ചു ജീവിത രഥചക്രത്തിലെ മുച്ചാനി ഇളകിയ കറുത്ത ദിനം.

തെക്ക് ദിക്കിൽ നിന്നും കുറെ ആളുകൾ ഇല്ലത്തിന്റെ പടി കട ന്നെത്തി. നാട് വാഴുന്ന കോലത്തിരിയുടെ തിട്ടൂരവുമായാണ് വരവ്.

“വെള്ളോട്ടു മനയിലെ രക്തപിശാചിനിയുടെ വിളയാട്ടം അധി കരിച്ചിരിക്കുന്നു. ജനങ്ങളുടെ സ്വൈരജീവിതം ഭംഗപ്പെട്ടിരിക്കുന്നു. മഹാ മാന്ത്രികരായ പലരും അവളുടെ ദംഷ്ട്രകൾക്ക് ഇരയായിരിക്കുന്നു ശാസ്ത്രികൾ അവളെ ബന്ധിക്കണം. ആവാഹിച്ചു തളയ്ക്കണം. ഇത് അപേക്ഷയോടൊപ്പം രാജകൽപ്പനയായിക്കൂടി കരുതിക്കൊള്ളണം.”

ഇതായിരുന്നു തിട്ടൂരത്തിലെ ഉള്ളടക്കം. വന്നവർ, ആദികേ ശവ ശാസ്ത്രികളോട് തങ്ങളുടെ സങ്കടങ്ങൾ ഉണർത്തിച്ചു.

“അവൾ കാരണം സന്ധ്യ കഴിഞ്ഞാൽ ആരും പുറത്തിറങ്ങാ ണ്ടായിരിക്കണൂ. കൊച്ചു കുട്ടികളുടെ പോലും രക്തം ഊറ്റി ഊറ്റി കുടിക്കണ ആ പിശാചിന്റെ ഉപദ്രവത്തിൽ നിന്നും ശാസ്ത്രികൾ ഞങ്ങളെ രക്ഷിക്കണം, വേറെ ആരും ഇല്ല ഞങ്ങളെ സഹായിക്കാൻ. അവൾ അതീവശക്തിശാലിയാണ്. ഒരുവിധം മാന്ത്രികകർമ്മ ങ്ങൾക്കൊന്നും അവളെ തളയ്ക്കാൻ ആകില്ല. ശാസ്ത്രികളുടെ പൂർവ്വി കർ ഇതിലും എത്രയോ വലിയ ദുരാത്മാക്കളെ തളച്ചിരിക്കണൂ..”

“ശാസ്ത്രികൾ ഞങ്ങളെ കൈവെടിയരുത്.”

ദേശം ക്ഷേത്രപൂജാരിയായ നമ്പൂതിരിയായിരുന്നു അത് പറ ഞ്ഞത്.

“എന്റെ ഒരേ ഒരു മകനേയും അവൾ കൊണ്ടുപോയി. കൈ വളരുന്നോ കാൽ വളരുന്നോ എന്ന് നോക്കി വളർത്തിതാ... ഞങ്ങൾക്കി

നി ആരുമില്ല."

നാട്ടുപ്രമാണിയുടെ ദീനസ്വരം ഉയർന്നു. ആ കണ്ണുകളിൽ നിന്നും അശ്രുകണങ്ങൾ ഉരുണ്ടു വന്ന് ഭൂമിയെ സ്പർശിച്ചു. ഒപ്പം കൂടെ വന്നവരും തങ്ങളുടെ അനുഭവങ്ങൾ വിതുമ്പിക്കൊണ്ട് അവതരിപ്പിച്ചു. നാട്ടുകാരുടെ ദയനീയമായ വിലാപം ആദിത്യന്റെ മനസ്സലിയിച്ചു.

"അവളുടെ ഉപദ്രവം ഞാൻ അവസാനിപ്പിക്കുന്നുണ്ട്. നിങ്ങൾ ധൈര്യമായി പൊയ്ക്കൊള്ളുക. വരുന്ന വ്യാഴാഴ്ച ഞാൻ അവിടെ എത്തും. അവളുടെ ശക്തി കുറയ്ക്കുന്നതിന് നിങ്ങളുടെ നാടിന്റെ അധിദേവതാസ്ഥാനത്ത് കുംഭാഭിഷേകവും ഭഗവതി സേവയും നടത്തണം. ഞാൻ ഒരു രക്ഷ പൂജിച്ചു നൽകാം. അത് നാടിന്റെ നാലതിർത്തികളിലും കുഴിച്ചിടണം."

വന്നവരെ ഉപചരിക്കാൻ അകത്തുള്ളവരോട് പറഞ്ഞ് അദ്ദേഹം തേവാരപ്പുരയിൽ കയറി.

നാഗരാജാവായ വാസുകിയേയും ദേവി പരാശക്തിയേയും ധ്യാനിച്ച് മഹിഷാസുരമർദ്ദിനീയന്ത്രവും നാഗപാശയന്ത്രവും വെള്ളിത്തകിടിൽ എഴുതി വിധിപ്രകാരം പൂജിച്ചു. ശക്തമായ മന്ത്രങ്ങൾ കൊണ്ട് ബന്ധിച്ച ഏലസ്സുകളും തയ്യാറാക്കി. വന്നവരെ വിളിച്ചു വരുത്തി നെട്ടൂർപ്പെട്ടിയിൽ അടച്ചു ഭദ്രമാക്കിയ യന്ത്രങ്ങൾ നാട്ടുപ്രമാണിയെ ഏൽപ്പിച്ചു. ഏലസ്സുകൾ അവർക്കെല്ലാവർക്കും നൽകി അറയിൽ അപ്പോൾ തന്നെ ബന്ധിച്ചു.

"സൂക്ഷിക്കണം തടസ്സങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. എന്ത് തടസ്സമുണ്ടായാലും ഈ നെട്ടൂർപ്പെട്ടി നാടെത്തും വരെ നിലത്ത് വെയ്ക്കാൻ പാടില്ല. അങ്ങിനെ വ ന്നാൽ ഞാൻ ചെയ്യുന്ന കർമ്മങ്ങൾക്ക് ഫലം ഉണ്ടാകില്ല. അറയിൽ ഈ ഏലസ്സുകൾ ഉള്ളിടത്തോളം നിങ്ങൾക്ക് ഒന്നും സംഭവിക്കില്ല. പരദേവതകളും കാരണവന്മാരും നാഗരാജാവും നിങ്ങളെ അനുഗ്രഹിക്കട്ടെ."

ഒരു ദീർഘനിശ്വാസത്തോടെ അവർ പടി കടന്നു പോകുന്നത് ആദികേശവശാസ്ത്രികൾ നോക്കി നിന്നു.

വെള്ളോട്ടുമനയിലെ രക്തപിശാചിനിയെ തളയ്ക്കാൻ ഉള്ള തയ്യാറെടുപ്പുകൾ ആദികേശവശാസ്ത്രികൾ ആരംഭിച്ചു. നിലവറയ്ക്കുള്ളിലെ അ പൂർവ്വഗ്രന്ഥക്കെട്ടുകൾ അദ്ദേഹം തുറന്നു. രാപ്പകലുകൾ ഇല്ലാതെ അതിനുള്ളിലെ മന്ത്രങ്ങൾ ഉരുക്കിട്ടു സ്വായത്തമാക്കാൻ ശ്രമിച്ചുകൊണ്ടേയിരുന്നു.

അതിദിവ്യമായ ആ മന്ത്രങ്ങളുടെ ശക്തിപ്രഭയിൽ ആദികേശവശാസ്ത്രികളുടെ മുഖം തേജോമയവും ഗംഭീരവുമായിക്കൊണ്ടിരുന്നു. എന്നാൽ ഗുരുവില്ലാതെ അവയെല്ലാം സമ്പൂർണ്ണമായി സ്വായത്തമാക്കുക എന്നത് ദുഷ്കരമായിരുന്നതിനാലും അനുവദനീയമല്ലാ

യിരുന്നതിനാലും ചില ഗ്രന്ഥക്കെട്ടുകൾ അദ്ദേഹം തുറന്നില്ല. അക്കൂട്ടത്തിൽ അതീവശക്തിയേറിയ ഒരു ഗ്രന്ഥം ഉണ്ടായിരുന്നു. അതിലെ മന്ത്രങ്ങൾ സാക്ഷാൽ കൈലാസനാഥനായ ശ്രീപരമേശ്വരന്റെ സ്വ ന്തം കരങ്ങളാൽ നിർമ്മിച്ചവയായിരുന്നു എന്ന നിഗൂഢ രഹസ്യം ആദികേശവശാസ്ത്രികൾക്ക് അറിവുണ്ടായിരുന്നില്ല. മഹാതപസ്വികളായ പൂർവ്വികർക്ക് വരദാനത്തിലൂടെ ലഭിച്ച ആ മഹാഗ്രന്ഥം ഷോഡശപ്പൂജയിലേയും മാന്ത്രികത്തിലേയും മഹേന്ദ്രജാലകത്തിലേയും അതീന്ദ്രീയശക്തികൾ നേടുവാനുള്ള അത്ഭുതമന്ത്രതന്ത്രങ്ങൾ ഉൾക്കൊള്ളുന്നതായിരുന്നു. എന്നാൽ ഒരിക്കൽ പോലും ആ മഹാഗ്രന്ഥത്തിലെ മന്ത്രങ്ങൾ ആ മനയിലെ ആരും ഉപയോഗിച്ചതായി കേട്ടുകേൾവി പോലും ഇല്ലായിരുന്നു.

മന്ത്രപഠനം അവസാനിപ്പിച്ച് പുറത്തേയ്ക്ക് വന്ന ആദികേശവശാസ്ത്രികൾ നേരെ പോയത് കാവിലേയ്ക്കാണ്. അവിടെ നിലത്തെ മാന്ത്രികത്തറയിൽ മഞ്ഞൾപ്പൊടി കൊണ്ട് പത്മമിട്ട് വിളക്ക് വെച്ച് നിവേദ്യം കഴിച്ച് വാസുകിയ ആവാഹിച്ചു. നീണ്ട നാഴികകളുടെ ഇടവേളകൾക്കൊടുവിൽ വാസുകിയുടെ സാന്നിധ്യം കാവറിഞ്ഞു. മരച്ചില്ലകളിൽ കാറ്റ് ശംഖ് വിളിച്ചു. ഓട്ടുമണികൾ താനേ ചിലച്ചു. മഞ്ഞൾപ്പൊടിയുടെ മണം അവിടമെല്ലാം പ്ര സാദം പരത്തി.

ആയിരം പൂർണ്ണചന്ദ്രപ്രഭയിൽ ആ കാവിൽ ശിവകണ്ഠത്തിൽ ആഭരണമാക്കിയ വാസുകി ഒരു ബാലകനായി തന്റെ ഭക്തന്റെ മുന്നിൽ പ്രത്യക്ഷനായി. കാവിലെ നാഗങ്ങൾ സീൽക്കാരം പൊഴിച്ചു കൊണ്ട് അനുസരണയോടും ഭക്തിയോടും വാസുകിക്ക് ചുറ്റും നിരന്നു. അവയിൽ ചിലതിനെ വാത്സല്യപൂർവ്വം കൈയിൽ എടുത്ത് വിട്ടയച്ച അദ്ദേഹം തന്റെ ഭക്തന്റെ ഇംഗിതം ആരാഞ്ഞു.

“പ്രഭോ! വെള്ളോട്ടുമനയിലെ രക്തപിശാചിനിയുടെ ആക്രമണത്തിൽ നിന്നും നാടിനെ രക്ഷിക്കാനുള്ള നിയോഗം രാജകൽപ്പനയാൽ എന്നിൽ വന്നു ചേർന്നിരിക്കുന്നു. അങ്ങയുടെ തുണയും അനുഗ്രഹവും എനിക്ക് ഉണ്ടാകാൻ എന്നെയും മനയേയും കാത്തു രക്ഷിക്കുമാറാകണേ.”

“ശാസ്ത്രികളേ. അവൾ ആഗ്രഹം ഒടുങ്ങാതെ മരിച്ചവളാണ്. നാഗ ക്കളത്തിനും നാഗയക്ഷിക്കും പ്രിയങ്കരിയായ അവളെ നശിപ്പിക്കാൻ ഞാൻ എങ്ങിനെ കൂട്ട് നിൽക്കും?”

“പ്രഭോ. അവൾ മഹാദുഷ്ടയും നിരപരാധികളെ ഹിംസിക്കുന്നവളുമായി അധഃപതിച്ചിരിക്കുന്നു. മാനവരാശിയുടെ രക്ഷയ്ക്കായി അവളെ നശിപ്പിച്ചേ മതിയാകൂ..”

ആദികേശവശാസ്ത്രികളുടെ വാക്കുകൾ ശ്രവിച്ച വാസുകി ചിന്താമഗ്നനായി. ഒടുവിൽ ഇങ്ങനെ അരുളിച്ചെയ്തു.

"അപ്രകാരമെങ്കിൽ ഒരു കാര്യം ഞാൻ ചെയ്യാം. നീ എന്റെ പരമഭക്തൻ ആണല്ലോ. ആയതുകൊണ്ട് നിനക്ക് ആപത്ത് ഉണ്ടാകാതെ ഞാൻ സംരക്ഷിക്കാൻ 'ശ്രമിക്കാം.' എന്നാൽ അവളെ നശിപ്പിക്കാൻ എന്റെ ശക്തി പ്രയോഗിക്കില്ല. എന്റെ മന്ത്രങ്ങളും നീ പ്രയോഗിക്കരുത്. നാഗപാശബന്ധ നയന്ത്രം തയ്യാർ ചെയ്ത് നീ ആ നാട്ടുകാർക്ക് നൽകിയിരുന്നല്ലോ. ഉപാസനാമൂർത്തിയുടെ അനുവാദമില്ലാതെ അക്കാര്യം ചെയ്തതിൽ നിന്നിൽ ഞാൻ അതൃപ്തനാണ്. ദൈവഹിതം അറിഞ്ഞ് വേണം കാര്യങ്ങൾ പ്രവർത്തിക്കേണ്ടത്. അത് മഹാജ്യോതിഷിയായ നിനക്ക് ഉപദേശിക്കേണ്ടി വരുന്നത് ലജ്ജാകരം തന്നെയാണ്."

വാസുകിയോട് ക്ഷമ യാചിച്ച ആദികേശവശാസ്ത്രികൾ ആ യന്ത്രം തയ്യാർ ചെയ്യേണ്ടി വന്നതിന് പിന്നിലുള്ള സാഹചര്യങ്ങൾ വിവരിച്ചു.

"ശരി... ശുഭം ഭവിക്കട്ടെ."

വാസുകി ആശീർവ്വദിച്ചു. അദ്ദേഹത്തിന്റെ അന്തർധാനത്തിൽ കാവി ലെ വിളക്കുകൾ കണ്ണ് പൂട്ടി... നാവ് മുട്ടിയ ഓട്ടുമണിക്ക് പിന്നിൽ ധ്യാനനിരതനായ ആദികേശവശാസ്ത്രികൾ മനസ്സുകൊണ്ട് ഉപാസനാമൂർത്തിക്ക് നന്ദി പറഞ്ഞു. കാവിന്റെ പടിയിറങ്ങി മനപ്പടി ലക്ഷ്യമാക്കി നടന്നു.

വാസുകിയുടെ വാക്കുകൾ വല്ലാതെ മഥിച്ച ആ ശുദ്ധഹൃദയത്തിന്റെ അന്തരംഗം വെള്ളോട്ടുമനയിലെ സാവിത്രിയുടെ അന്ത്യത്തിനുള്ള വഴിയെക്കുറിച്ച് ചിന്തിച്ചുകൊണ്ട് ഭാരഭരിതമായി പ്രക്ഷുബ്ധത പ്രാപിച്ചു. എങ്കിലും മുന്നോട്ട് വച്ച കാൽ പിന്നിലേയ്ക്ക് വലിക്കാൻ ആ മനുഷ്യന് ആകുമായിരുന്നില്ല... അവിടെ മറ്റൊരു അദ്ധ്യായം പിറവിയെടുക്കുകയായിരുന്നു.

വെള്ളി കെട്ടിയ ചൂരൽ വടി വലതു കൈയിൽ ധരിച്ച് ഇടതു തോളിൽ യജ്ഞസാമഗ്രികളടങ്ങിയ ഭാണ്ഡവും പേറി ഘോരപിശാചിനിയെ ബന്ധിക്കാൻ ഉമ്മറപ്പടിയിറങ്ങി അകലേയ്ക്ക് നടന്നു പോയ അമ്മാവനെ നിറകണ്ണുകളോടെ നോക്കി നിന്നു, ആദിത്യൻ. പോകുന്നതിന് മുമ്പ് അവനെ മാറോട് ചേർത്ത് മൂർദ്ധാവിൽ ചുംബിച്ചു. ആദികേശവശാസ്ത്രികൾ പറഞ്ഞ വാക്കുകൾ അവന്റെ കാതുകളിൽ മുഴങ്ങി.

"മകനേ, ഈ തറവാടിന്റെ പാരമ്പര്യം കാത്ത് സൂക്ഷിക്കേണ്ട ഉത്തരവാദിത്തം ഇനി നിന്റേതാണ്. വിശേഷപ്പെട്ട മാന്ത്രികഗ്രന്ഥങ്ങൾ അറയിലുണ്ട്. ഈ തറവാടിന്റെ പാരമ്പര്യസ്വത്താണത്. അത് കാത്ത് സൂക്ഷിക്കണം. എല്ലാ കലകളിലും ശാസ്ത്രങ്ങളിലും വിദ്യകളിലും നീ അധ്വിതീയനായി തീരട്ടെ. അമ്മൂമ്മയുടെ അനുഗ്രഹം നിന്നോടൊപ്പം ഉണ്ട്. അമ്മയേയും അമ്മായിയേയും നന്നായി നോക്ക

ണം ട്ടോ.”

“ശരി അമ്മാവാ.”

ആദിത്യന്റെ പ്രതിവചനം ശാസ്ത്രികളുടെ മനസ്സിൽ സംതൃപ്തിയുടെ ചെറുപൂരം സൃഷ്ടിച്ചു.

പാരഡിവാതകളേയും വാസുകിയേയും ധ്യാനിച്ച് ആ പടി കടക്കുമ്പോൾ അറിയാതെ ഇടം കണ്ണിട്ടു താൻ ജനിച്ചു വളർന്ന മണ്ണിനേയും പ്രിയപത്നിയേയും അവസാനമെന്നോണം ഒന്ന് നോക്കി.

ആ പോക്ക് അക്ഷരാർത്ഥത്തിൽ അവസാനയാത്രയായിരുന്നു. ശാ സ്ത്രിയുടെ മാന്ത്രികവിദ്യകൾ ഒന്നും സാവിത്രിയോട് ഫലിച്ചില്ല. വിജനമായ വെള്ളോട്ട്മനയിലെ കരിമ്പനച്ചുവട്ടിൽ നീണ്ട മാന്ത്രിക പോരാട്ടങ്ങൾക്കൊടുവിൽ പരാജിതനായ ശാസ്ത്രിയുടെ മാംസം വേർപെട്ട അസ്ഥികൂടം നാട്ടുകാരെ നോക്കി ചിരിച്ചു. അദ്ദേഹത്തിന്റെ വെള്ളി കെട്ടിയ മാന്ത്രികവടി കരിഞ്ഞ വിറകുകൊള്ളി പോലെ മണ്ണിൽ കുത്തി നിറയ്ക്കപ്പെട്ടിരുന്നു. ഗംഭീരമായ കണ്ഠത്തെ അലങ്കരിച്ചിരുന്ന സ്വർണം കെട്ടിയ രുദ്രാക്ഷമാല രക്തത്തിൽ കുളിച്ച് മുത്തുകൾ വേർപെട്ട് ചിതറിത്തെറിച്ചു. മണ്ണിൽ പൊടിയും ചെളിയും പുരണ്ടു കിടന്നു. ശാസ്ത്രിയുടെ ജീവരക്തം കൊണ്ട് അഭിഷേകം ചെയ്യപ്പെട്ട സാവിത്രിയുടെ ജഡം ശിലയിൽ വെറിയുടെ നെരിപ്പോടിൽ അഗ്നി ആളിക്കത്തി.

ശാസ്ത്രിയുടെ മരണവാർത്ത ആദിത്യന്റെ ഇല്ലത്തെ അക്ഷരാർത്ഥത്തിൽ മൂകമായ ശവപ്പറമ്പാക്കി.

ശാസ്ത്രികളുടെ മരണം നൽകിയ ശൂന്യതയിൽ നിന്നും മുക്തനാകുവാൻ ആദിത്യന് അൽപ്പം സമയം വേണ്ടി വന്നു. മുപ്പത്തിയാറ് പകലുകൾ സൂര്യനാരായണൻ അവർക്ക് സമ്മാനിച്ച് കടന്നു പോയിരുന്നു, അതിനിടയിൽ. ആദിത്യന്റെ മനസ്സിൽ പ്രതികാരത്തിന്റെ വിത്തുകൾ മുള പൊട്ടി. സ്വന്തം അമ്മാവന്റെ കണിരക്തപിശാചിനിയെ അവസാനിപ്പിക്കണം. പക്ഷേ, അവൾ അതീവശക്തിശാലിനിയാണ്. തന്ത്രമന്ത്രങ്ങൾക്കൊന്നും അവളെ ഒന്നും ചെയ്യാനാകില്ല. അവളെ ബന്ധിക്കണമെങ്കിൽ അതീവശക്തിയാർജ്ജിച്ചേ മതിയാവൂ... അതിനായി ഒരുറച്ച തീരുമാനത്തിൽ അവൻ എത്തി. അവന്റെ തീരുമാനം കേട്ട അമ്മ വിലക്കി.

“മകനേ. അപകടം പിടിച്ച വഴിയാണത്. നീ സൂക്ഷിച്ചും കണ്ടും വേണം പ്രവർത്തിക്കാൻ.”

ആദിത്യന്റെ തീരുമാനത്തിൽ പക്ഷേ, മാറ്റമുണ്ടായില്ല. വടക്ക് ദിക്കിലെ നാഗത്തറ ഇല്ലത്തെ മഹാമാന്ത്രികനും സിദ്ധയോഗിയുമായ അനന്യദത്തന്റെ ശിഷ്യത്വം സ്വീകരിക്കുക. അതായിരുന്നു തീരുമാനം. എന്നാൽ അതത്ര എളുപ്പമല്ല. അനന്യദത്തൻ അഥർവമന്ത്രങ്ങളിൽ അതിപ്രാവീണ്യമുള്ള യോഗ്യനാണ്. മാടനും അറുകൊലയും കാക്കുന്ന ആ

ഇല്ലപ്പറമ്പിലേയ്ക്ക് അനുവാദമില്ലാതെ ഒരു ഈച്ച പോലും കടക്കില്ലായിരുന്നു.

ശാസ്ത്രിയുടെ ശിഷ്യത്വത്തെ മോഹിച്ച് ഒരിക്കൽ ഇല്ലത്തെത്തിയ അനന്യദത്തനെ പക്വത എത്തിയില്ലെന്ന കാരണത്താൽ നിരാശനാക്കി മടക്കി അയച്ചിരുന്നു ആദികേശവശാസ്ത്രികൾ. തന്മൂലം വൈരാഗിയായിത്തീർന്ന അയാൾ പന്തീരാണ്ടുകാലം കൊടുംതപം അനുഷ്ഠിച്ചു. ഗന്ധർവ്വരാജാവായ ചിത്രരഥനെ പ്രത്യക്ഷപ്പെടുത്തി. വരമായി താന്ത്രിക-മാന്ത്രികവിദ്യകളും അഷ്ടസിദ്ധികളും നേടി. അതിന് ശേഷം മഹാമന്ത്രങ്ങളാൽ അനേകം ശക്തികളെ ആവാഹിച്ച് ദാസരാക്കി. പുറം ലോകവുമായി ഒരു ബന്ധവും ഇല്ലാതെ കഴിഞ്ഞുവരുന്ന അദ്ദേഹത്തിന്റെ ഇല്ലപ്പറമ്പിൽ ഉയരുന്ന അട്ടഹാസങ്ങളും പൊട്ടിച്ചിരികളും പകൽ പോലും ഭീകരമായ അന്തരീക്ഷം അവിടെ സൃഷ്ടിച്ചിരുന്നു. അവിടേയ്ക്കാണ് ആദിത്യൻ കടന്ന് ചെന്നത്.

ഇല്ലപ്പറമ്പിൽ കയറുന്നതിന് മുമ്പ് ഗുരുക്കന്മാരെയും പരദേവതകളെയും ധ്യാനിച്ച് കൈയിൽ കരുതിയിരുന്ന പരദേവതയുടെ ദിവ്യമായ ചൂരൽ വടി തനിക്ക് ചുറ്റും ഉഴിഞ്ഞ് ആത്മരക്ഷാമന്ത്രം നൂറ്റൊന്ന് ഉരു ഉരുക്കഴിച്ചു, ആദിത്യൻ. ആ ചൂരൽ മുന്നിലേയ്ക്ക് നീട്ടിപ്പിടിച്ചു മഹാശൂലിനിമന്ത്രം ഉരുവിട്ട് കൊണ്ടാണ് ഓരോ ചുവടും അയാൾ വെച്ചത്. പെട്ടെന്ന് ഒരലർച്ച. കത്തിജ്ജ്വലിക്കുന്ന ഒരു തീനാളം ആദിത്യന് നേരെ പാഞ്ഞു വന്നു. മാടനായിരുന്നു അത്. വലംകൈയാൽ തന്റെ ഭാണ്ഡത്തിലെ ദേവീവിഗ്രഹത്തിൽ മുറുകെപ്പിടിച്ചു. തീനാളത്തിനു നേർക്ക് ദേവീപ്രസാദമായ കുങ്കുമം ശൂലിനി മന്ത്രപ്രയോഗത്തോടെ തന്നെ വിക്ഷേപിച്ചു. ആ തീഗോളം കരിക്കട്ടയായി നിലത്തു വീണു.

ഇല്ലത്തിന്റെ പൂമുഖം ലക്ഷ്യമാക്കി നീങ്ങിക്കൊണ്ടിരുന്ന ആദിത്യന് പാലപ്പൂവിന്റെ ഗന്ധം അനുഭവപ്പെട്ടു. ആ ഗന്ധം അടുത്തടുത്ത് വരുന്നതായി ഒരു തോന്നൽ. അമ്മ കാണാതെ അകത്തെ നിലവറയ്ക്കുള്ളിൽ സൂക്ഷിച്ചിരുന്ന തന്റെ കാരണവന്മാർക്ക് വരദാനമായി ലഭിച്ച ദിവ്യഗ്രന്ഥങ്ങളിൽ ഒന്നെടുത്ത് രഹസ്യമായി തന്റെ ഭാണ്ഡത്തിൽ നിക്ഷേപിച്ചിരുന്നു, അയാൾ.

പെട്ടെന്ന് ഒരു പൊട്ടിച്ചിതറൽ. അട്ടഹാസം. അറുകൊല ഭീകരരൂപം പൂണ്ട് ആദിത്യനു മുന്നിൽ പ്രത്യക്ഷപ്പെട്ടു. മനസ്സുകൊണ്ട് വെട്ടിവിറച്ചു പോയെങ്കിലും തൊണ്ട വരണ്ടെങ്കിലും അതൊന്നും പുറത്ത് കാട്ടാതെ പെട്ടെന്ന് സ മചിത്തത വീണ്ടെടുത്ത ആദിത്യൻ തന്റെ ഭാണ്ഡത്തിൽ പരതി. കൈയിൽ തടഞ്ഞത് ആ ഗ്രന്ഥമാണ്. അതെടുത്ത് മുന്നിലേയ്ക്ക് നീട്ടിയപ്പോൾ തന്നെ അറുകൊല ഏഴടി പിന്നാക്കം പോയി. ദിവ്യമായ പ്രകാശം പൊഴിയുന്ന ആ ഗ്രന്ഥത്താളുകളിൽ നിന്നും ആദ്യമന്ത്രം ആദിത്യൻ വായിച്ചു. ആ ക്ഷണം അറുകൊലയുടെ തല ഏഴ് നുറുങ്ങായി പൊട്ടിച്ചിതറി. ആദിത്യനാകട്ടെ, ആ ഗ്രന്ഥത്തിലെ ആദ്യ

അദ്ധ്യായം മുഴുവൻ വായിച്ചു തീർന്നിട്ടേ നിർത്തിയുള്ളൂ... അതിനിടയിൽ മറ്റ് പല ദുർമൂർത്തികളുടേയും നിലവിളികൾ അവിടെ ഉയർന്നു. അന്തരീക്ഷത്തിൽ പ്രക്ഷുബ്ധതയുടെ കൊടുങ്കാറ്റ് വീശി. വേനൽച്ചൂടില്ലാതിരുന്നിട്ടും ആദിത്യൻ വിയർത്തു കുളിച്ചു. പൊടുന്നനെ എല്ലാം നിലച്ചു. ആ പൂമുഖപ്പടിയിലെ കരിവീട്ടി വാതിൽ ഗംഭീര മണിനാദം മുഴക്കി താനേ തുറന്നു. വാതിൽപ്പഴുതിലൂടെ നരിച്ചീറുകൾ വെളിച്ചത്തിലേയ്ക്ക് പാഞ്ഞു. പഴമയുടെ നഖമുനകൾ ചിതൽ ചിത്രം വരച്ച ആ ഉത്തരത്തിൽ നിന്നും പല്ലികൾ കൂട്ടമായി ഓടിയൊളിച്ചു. ഇരുട്ടിൽ നിന്നും ഗാംഭീര്യം തുളുമ്പുന്ന ദിവ്യതേജസ്സാർന്ന ഒരു മുഖം പ്രത്യക്ഷപ്പെട്ടു. അത് അനന്യദത്തനായിരുന്നു.

"എന്റെ മൂർത്തികളെ നശിപ്പിക്കാൻ മാത്രം വളർന്ന നീയാര്? കിഴക്ക് ദിക്കിൽ നിന്നും വിളയാട്ടത്തിനു വന്ന പരദേശിയോ? അതോ എന്റെ ശിഷ്യത്വം സ്വീകരിച്ച് മാന്ത്രികവിദ്യകൾ അപഹരിച്ചു കൊണ്ടു പോകാം എന്നു കരുതി മൂഢസ്വർഗ്ഗം സ്വപ്നം കാണുന്ന ചാരനോ? നിനക്ക് ആര് പഠിപ്പിച്ചു തന്നു ഈ ചെപ്പടിവിദ്യകൾ? ഉത്തരം പറഞ്ഞില്ലെങ്കിൽ ഇവിടെ നിന്ന് മടക്കം ഉണ്ടാകില്ല നിനക്ക്."

ആ മഹാത്മാവിനെ പ്രണമിച്ച് ആദിത്യൻ തന്റെ യാഥാർത്ഥ്യം വെളിപ്പെടുത്തി. തന്റെ അമ്മാവനുണ്ടായ ദുർഗ്ഗതി വിവരിച്ചു. ആ ഘോരപിശാചിനിയെ നശിപ്പിക്കുവാനുള്ള വഴികൾ ആരാഞ്ഞു.

അനന്യദത്തന്റെ കണ്ണുകളിൽ നിന്ന് രണ്ട് തുള്ളി കണ്ണുനീര് പൊടിഞ്ഞു. തനിക്ക് ശിഷ്യത്വം നിരസിച്ചെങ്കിലും, തന്റെ വൈരാഗ്യജീവിതത്തിന് അദ്ദേഹം നിമിത്തമായെങ്കിലും ശാസ്ത്രികളെ പൂർണ്ണമായി വെറുക്കാൻ അനന്യദത്തനാകുമായിരുന്നില്ല. ആരും അറിയാത്ത ആ രഹസ്യം കൂടി അതിനു പിന്നിലുണ്ടായിരുന്നു. ശാസ്ത്രിയുടെ രഹസ്യബന്ധത്തിൽ ഉണ്ടായ മകനാണ് അനന്യദത്തൻ എന്ന സത്യം.

കഥകൾ കേട്ടു കഴിഞ്ഞ് ആദിത്യനെ തന്റെ നെഞ്ചോടണച്ചു അനന്യദത്തൻ.

"ഈ ഇല്ലം വിട്ട് എനിക്ക് പുറത്തേയ്ക്ക് പോകാനാവില്ല. എന്റെ സിദ്ധികൾ നഷ്ടമാകാൻ അത് കാരണമാകും. ചിത്രരഥഗന്ധർവ്വസ്വാമി ആജ്ഞാപിക്കും വരെ അത് തുടരുകയും വേണം. അല്ലായിരുന്നെങ്കിൽ ഭസ്മമാക്കാൻ ഒരു നിമിഷം മതി എനിക്ക്."

"അവളുടെ ഉപദ്രവം അവസാനിപ്പിക്കാൻ എന്താണ് വഴിയെന്ന് ഒന്ന് വിശദമായി പറഞ്ഞു തരാമോ?"

ആദിത്യൻ ചോദിച്ചു.

"അതു തന്നെയാണ് ഞാനും ചിന്തിക്കുന്നത്...."

പൊടുന്നനെ മുഖഭാവം മാറിയ അനന്യദത്തൻ തന്റെ മാന്ത്രികദണ്ഡ് ധ്യാനിച്ച് വരുത്തി. അൽപ്പനേരം കണ്ണുകൾ അടച്ച് ഇരുന്ന ശേഷം എഴുന്നേറ്റ് പൂജാ അറയിലേയ്ക്ക് നടന്നു. ഒപ്പം ആദിത്യനും.

അനന്യദത്തൻ പൂജ അറയിലേയ്ക്ക് പോയി. ആവണിപ്പലക മേൽ ധ്യാനനിരതനായി അഞ്ചു തിരിയിട്ട വിളക്കിനു നേരെ ഒന്ന് ഇടം കണ്ണാൽ നോക്കവേ അത് താനേ തെളിഞ്ഞു. പഞ്ചകോലം ഇട്ടു പത്മാസനത്തിൽ ഇരുന്ന് പഞ്ചഭൂതങ്ങളെ ആവാഹിച്ചു.

ഹോമദ്രവ്യങ്ങൾ നിരന്നു. നാഴികകൾ കടന്നു പോയി. പുറത്ത് കാത്തു നിന്ന ആദിത്യന്റെ ചിന്തകൾ സ്വന്തം ഇല്ലത്തിന്റെ അകത്തളത്തിൽ ഉലാത്തി നടന്നു. യാമങ്ങൾ കടന്നു പോകവേ പൂജാമുറിക്കുള്ളിൽ ജ്വലിച്ചു നിന്ന ഹോരമന്ത്രം ഹോമപ്പുകയണഞ്ഞു. അനന്യദത്തൻ പുറത്തു വന്നു. എന്തോ കണ്ടെത്തിയ നിർവൃതിയോടെ ഉമ്മറക്കോലായിലേയ്ക്ക് നടന്ന അദ്ദേഹത്തെ ആദിത്യൻ വീണ്ടും അനുഗമിച്ചു.

ഉമ്മറക്കോലായിലെ ചാരുകസേരയിൽ അമർന്നിരുന്ന് ഒരു ദീർഘശ്വാസം വിട്ടുകൊണ്ട് അനന്യദത്തൻ ആദിത്യനോട് സംസാരിച്ചു തുടങ്ങി.

"അവളെ, ആ സാവിത്രിയെ ബന്ധിക്കണമെങ്കിൽ കടുത്ത മാന്ത്രിക പ്രയോഗങ്ങളോടൊപ്പം യുക്തിയും പ്രയോഗിക്കേണ്ടതുണ്ട്."

"അതെങ്ങനെ?"

ആദിത്യൻ ജിജ്ഞാസാഭരിതനായി.

"അവൾക്ക് നാഗലോകാധിപതിയുടേയും നാഗയക്ഷിയുടേയും സംരക്ഷണം പ്രാപ്തമാണ്. എല്ലാ നാഗപഞ്ചമിക്കും മായാശക്തിയാൽ അവൾ സ്വയം തീർക്കുന്ന ഹോമകുണ്ഠത്തിൽ സ്വന്തം ആത്മശക്തി ബലിയർപ്പിച്ച് നാഗയക്ഷിയെ പ്രസാദിപ്പിച്ച് ലഭിക്കുന്ന നാഗശക്തിരസായനം അവൾ പാനം ചെയ്യും. അഭൗമമായ ശക്തിയുടെ ഉറവിടമാണ് ആ രസായനം. നാഗലോകത്ത് അഷ്ടനാഗങ്ങളാൽ പരിരക്ഷിക്കപ്പെടുന്ന ആ രസായനം അതിവിശിഷ്ടമാണ്."

"അവളുടെ അഭൗമമായ മായാശക്തിയുടെ രഹസ്യമായ ആ രസായനം അവൾക്ക് ഇനി മേൽ ലഭിക്കാതെയാകണം. ഒപ്പം അവളുടെ മായാശക്തികൾ ഇല്ലായ്മ ചെയ്യുവാൻ അഥർവ്വാധിഷ്ഠിതമായ ഘോരമാന്ത്രികകർമ്മങ്ങൾ അനുഷ്ഠിച്ച് ബലഹീനയാക്കി, അവളുടെ ആവാസസ്ഥാനത്തു തന്നെ കാഞ്ഞിരക്കുറ്റിയിൽ ആണിയിൽ ആവാഹിച്ച് ബന്ധിച്ച് ഏഴ് നാഴിക പിന്നിടും മുമ്പ് ഉച്ചാടനം ചെയ്ത് അവളെ ഭസ്മീകരിക്കണം. എങ്കിലേ അവളുടെ ശല്യം ഇല്ലാതാക്കാനാവുകയുള്ളൂ.

ആദിത്യൻ ഇതെല്ലാം കേട്ട് കൺമിഴിച്ചു. എങ്ങനെ ഇത്ര കഠിനമായ കർമ്മം അനുഷ്ഠിക്കുമെന്ന ചിന്ത അയാളെ അലോസരപ്പെടുത്തി. അനന്യദത്തൻ തുടർന്നു.

"ആദിത്യന് അവളെ നശിപ്പിക്കണമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നുവോ, ഇനിയും?"

മറുപടി ദൃഢമായിരുന്നു.

"അതെ. എന്റെ അമ്മാവന്റെ രക്തം പാനം ചെയ്ത അവളെ ഉന്മൂലനം ചെയ്താലേ പരദേവതകൾ പോലും എന്നോട് പൊറുക്കൂ... അങ്ങ് സഹായിക്കണം."

"ശരി. എങ്കിൽ ഇന്ന് മുതൽ നിന്റെ ജീവിതം മാറുകയാണ്. നീ പഠിച്ച മൂന്ന് വേദങ്ങളേയും ഇവിടെ ഉപേക്ഷിക്കണം. നിന്റെ തറവാട്ടിൽ സൂക്ഷിച്ചിരിക്കുന്ന അപൂർവ്വമാന്ത്രികഗ്രന്ഥങ്ങൾ അഥർവ്വാധിഷ്ഠിതമാണ്. അതുകൊണ്ടാണ് സാത്വികരായ നിന്റെ കാരണവന്മാർ ആരും അതൊന്നും പഠിക്കാത്തത്. ആ ഗ്രന്ഥങ്ങൾ മുഴുവൻ ഇവിടെ ഈ ഇല്ലത്തു നീ കൊണ്ടുവരണം.

അതിന് മുമ്പ് നാഗദേവതകളെ പ്രസാദിപ്പിക്കുവാൻ അതിലെ അപൂർവ്വമന്ത്രങ്ങൾ ഉരുക്കഴിച്ച് വിധിപ്രകാരം നാഗചാമുണ്ഡിഹോമം നടത്തണം. നാഗചാമുണ്ഡിയെ പ്രസാദിപ്പിച്ച് വരമായി നാഗരസായനം ഇനി മേൽ സാവിത്രിക്ക് നൽകില്ല എന്ന വരം വാങ്ങണം. അതിന് ശേഷം പഞ്ചാഗ്നിമദ്ധ്യേ കഠിനമായ അനുഷ്ഠാനങ്ങളോടെ നഗ്നനേത്രങ്ങളാൽ സൂര്യനിൽ ദൃഷ്ടി പതിപ്പിച്ച് തപം ചെയ്ത് പ്രത്യങ്കിരസിദ്ധികളും അതിദിവ്യമായ മാതൃകാദണ്ഡും അഷ്ടസിദ്ധികളും ദേവിയിൽ നിന്നും വരമായി വാങ്ങണം. സിംഹരൂപിണിയായ ദേവി പ്രത്യങ്കിരാഭക്തനായി ശിഷ്ടകാലം കഴിച്ചു കൂട്ടണം.

അനന്യദത്തന്റെ വാക്കുകൾ ആദിത്യന്റെ മനസ്സിനെ ചിന്താവിവശനാക്കി. അൽപ്പനേരം അവർക്കിടയിൽ മൗനം ലാസ്യനടനമാടി.

അര നാഴിക നേരത്തെ ഇടവേളയ്ക്ക് ശേഷം ആ പാദങ്ങളിൽ ആദിത്യൻ നമസ്കരിച്ചു. തന്റെ ഭാണ്ഡത്തിൽ കരുതിയിരുന്ന അടയ്ക്കയും വെറ്റിലയും ദക്ഷിണയായി സമർപ്പിച്ചു. ആദിത്യനെ പിടിച്ചെഴുന്നേൽപ്പിച്ച് വാത്സല്യപൂർവ്വം തന്റെ നെഞ്ചോടടുക്കിപ്പിടിച്ചതിന് ശേഷം ആ ചെവിയിൽ ആദ്യമന്ത്രോപദേശമായി പ്രത്യങ്കിരഗായത്രി പകർന്നു നൽകി, അനന്യദത്തൻ.

നാളുകൾ കടന്നു പോയി...

ആദിത്യൻ മനയിൽ പോയി കൊണ്ട് വന്ന ദിവ്യമായ മാന്ത്രികഗ്രന്ഥങ്ങളിലെ മന്ത്രസഹസ്രങ്ങൾ രാപകലില്ലാതെ ഉരുവിട്ട് സ്വായത്തമാക്കി, അനന്യദത്തൻ. ഓരോ ഗ്രന്ഥങ്ങൾ പഠിച്ചു തീരുമ്പോഴും അവന്റെ തേജസ്സ് പൂർണതയിലേയ്ക്ക് ദിനം പ്രതി വർദ്ധിതമായിക്കൊണ്ടിരിക്കുന്ന ചന്ദ്രസമം വർദ്ധിച്ചു വർദ്ധിച്ചു വന്നു. എഴുപത്തെട്ടു പകലുകളും രാത്രികളും കൊണ്ട് മുഴുവൻ ഗ്രന്ഥങ്ങളിലെ മന്ത്രങ്ങളും സ്വായത്തമാക്കി ആ ഗ്രന്ഥസഹസ്രങ്ങളിൽ

നിന്നും ഒരു സൂര്യസമാനതേജസ്സുയർന്നു അവനിൽ ലയിച്ചു. ഒപ്പം ആ ഗ്രന്ഥങ്ങൾ തനിയെ കത്തിജ്ജ്വലിച്ച് ഒരു പിടി ചാരമായി. ഗുരുവായ അനന്യദത്തൻ ഗന്ധർവ്വസാധനാമന്ത്രം ആദിത്യന് ഉപദേശിച്ചു,

ഗന്ധർവ്വാനുഗ്രഹത്തിനായി.

ഏഴ് തിരിയിട്ട വിളക്കിനു മുന്നിൽ പുഷ്പദീപധൂമങ്ങൾ കൊളുത്തി, വെളുത്ത വസ്ത്രം ധരിച്ചു. വില്വപാത്രങ്ങളും റോസാദള ങ്ങളും അർപ്പിച്ചു. ഗന്ധർവ്വ ആകർഷണയന്ത്രം ധരിച്ചു. 10108 മുത്തു മാലയിൽ സഹസ്രം ഗന്ധർവാഃ ആവാഹനമന്ത്രം ജപിച്ചു 80 ദിന ങ്ങൾ ഗന്ധർവ്വരാജനെ പൂജിച്ച് പ്രതിപ്പെടുത്തി.

ആ പൂജയുടെ മഹിമയാൽ ഗന്ധർവ്വരാജൻ ആദിത്യന് സമ്പൂർ ണ്ണമായി വശംവദനായി. ഗന്ധർവ്വലോകത്തെ വിശിഷ്ടമായ ദിവ്യമണി അദ്ദേഹം ആദിത്യന് വരമായി നൽകി. ഒപ്പം തന്റെ അനുഗ്രഹങ്ങളും. വിളിച്ചാൽ വിളിപ്പുറത്തെത്തുമെന്ന ഉറപ്പും നൽകി.

ഗന്ധർവ്വരാജൻ അപ്രത്യക്ഷനായതിനു പിന്നാലെ തന്നെ ആദി ത്യൻ നാഗചാമുണ്ഡിഹോമത്തിനുള്ള ഒരുക്കങ്ങളും ആരംഭിച്ചു.

അതീവ ദുർലഭമായ മന്ത്രങ്ങളാൽ നാഗചാമുണ്ഡിയെ ആവാ ഹനം ചെയ്ത ആദിത്യൻ തന്റെ ഗുരുവായ അനന്യദത്തന്റെ മുഖം ഹോമകുണ്ഡത്തിൽ നിന്നും ഉയരുന്ന അഗ്നിജ്വാലയിൽ കൂടുതൽ പ്രജ്വ ലിതമാകുന്നത് സാകൂതം വീക്ഷിച്ചുകൊണ്ട് അഗ്നിയിൽ ഹവിസ്സു പകർന്നുകൊണ്ടിരുന്നു.

യജ്ഞസമാപ്തിയിൽ നാഗചാമുണ്ഡി ജ്വാലാരൂപിയായി ആദി ത്യന് മുന്നിൽ പ്രത്യക്ഷയായി. അവൻ ആവശ്യപ്പെട്ട വരം നൽകി. അവന്റെ മുഖത്ത് തെളിഞ്ഞ സംതൃപ്തിയുടെ പ്രകാശം ഞാറ്റടി കഴിഞ്ഞ വയൽ പോലെ പ്രശാന്തമായി ചുറ്റി നടന്നു. താൻ ആവശ്യ പ്പെട്ട വരം ലഭിച്ചിരിക്കുന്നു. തന്റെ ശത്രുവായ രക്തപിശാചിനിക്ക് ഇനി ദിവ്യരസായനം ലഭിക്കുകയില്ല. അങ്ങനെ അവൾ ശക്തിയില്ലാതെ തന്റെ മുന്നിൽ വഴിപ്പെടാൻ കളമൊരുങ്ങിയിരിക്കുന്നു. ആഹ്ലാദചിത്ത നായ ആദിത്യൻ തന്റെ ഗുരുവായ അനന്യദത്തന്റെ അറയിലേയ്ക്കോ ടി. അവിടെ തന്റെ ഗുരുവായ അനന്യദത്തനെ യോഗധ്യാനാവസ്ഥ യിൽ ദർശിക്കാനാണവന് കഴിഞ്ഞത്. യോഗാധ്യാനങ്ങളുടെ പരകോ ടിയിൽ നിന്നും മണ്ണിന്റെ പരിമൃദുഭൂസ്പർശത്തിന്റെ ബോധതലത്തി ലേയ്ക്ക് അനന്യദത്തൻ മടങ്ങിയെത്തുന്നത് വരെ കാത്ത് നിന്നു. യോഗ നിദ്രയിൽ നിന്നുണർന്ന അദ്ദേഹത്തിനോട് ആദിത്യൻ തന്റെ വിജയ ത്തിന്റെ വഴിയിലെ പ്രഥമഖണ്ഡം പൂർത്തിയാക്കിയ വാർത്ത ആഹ്ലാ ദചിത്തനായി ഉണർത്തിച്ചു.

“മകനേ, നീ ഇനിയും ഇന്ദ്രിയങ്ങളെ അടക്കുവാൻ പഠിച്ചിട്ടി ല്ല. അമിതമായ ആത്മവിശ്വാസം നന്നല്ല... അവൾ ഇപ്പോഴും നിന്റെ ശക്തികളേക്കാളും വളരെ മുകളിലാണ്. അതിനെ ജയിക്കാൻ മഹാ ദേവിയായ പ്രത്യങ്കിരയെ പ്രസാദിപ്പിച്ച് പ്രത്യക്ഷനാക്കി അഭൗമശക്തി കൾ സ്വായത്തമാക്കണം. അത് അത്ര എളുപ്പമല്ല എന്നറിയുക. മഹാ തപം ആരംഭിക്കാനുള്ള സമയം ആഗതമായി. യുഗങ്ങൾ നീണ്ട് നിൽ

നിൽക്കുന്ന തപം ചെയ്തിട്ട് പോലും പ്രത്യക്ഷപ്പെടാത്ത ശക്തിയാണ് പ്രത്യങ്കിര. അതിനാൽ നീ കഠിനനിഷ്ഠ സ്വീകരിച്ച് ജീവദാനം പോലും നൽകാൻ തയ്യാറായി വേണം, സാധന ആരംഭിക്കേണ്ടത്."

"ഗുരോ.. അങ്ങയുടെ അനുഗ്രഹവും കാരണവന്മാരുടെയും പര ദേവതയുടെയും തുണയുമുണ്ടെങ്കിൽ എത്ര വലിയ ദുർഘടവും എനിക്ക് വിലങ്ങുതടിയാകില്ല."

ആദിത്യൻ ആത്മവിശ്വാസത്തോടെ പറഞ്ഞു.

"ശരി. ആ കാണുന്ന നിലവറയ്ക്കുള്ളിൽ മറ്റൊരു അറയുണ്ട്. ആ അറയിലെ നിരപാളികൾ നീക്കിയാൽ ഒരു ഗുഹാമാർഗ്ഗം കാണാം അത് ചെന്നെത്തുന്നത് ദേവിയുടെ പുരാതനമായ ഒരു ഭൂഗർഭക്ഷേത്രമുറ്റത്താണ്. ആ ക്ഷേത്രത്തിലെ പ്രത്യങ്കിരാ വിഗ്രഹം പ്രതിഷ്ഠിച്ചത് വീരഭദ്രസ്വാമിയുടെ നിർദ്ദേശപ്രകാരം ശിവഭൂതങ്ങളാണ്. ചൈത്രമാസത്തിലെ എല്ലാ വെളുത്തവാവിനും വീരഭദ്രസ്വാമി അവിടെ ആരാധന നടത്താറുണ്ട്. ആ ക്ഷേത്രത്തിൽ ഒരു ദിവ്യനീലാമ്പൽക്കുളമുണ്ട്. പഞ്ചാഗ്നി സമം ചൂട് നീരുറവയായ ആ കുളത്തിനു നടുവിലെ ഒറ്റക്കൽത്തൂണിൽ സൂചിപ്പലകമേൽ തപം ചെയ്താൽ ദേവി വേഗം ദർശനം നൽകും. വേഗം അവിടേയ്ക്ക് ചെല്ലൂ...ചെന്ന് ദേവിയെ നീ പ്രസാദിപ്പിക്കൂ... ഇതാ ഈ മന്ത്രം ജപിച്ചോളൂ."

ഇപ്രകാരം പറഞ്ഞ് അതിദിവ്യമായ പ്രത്യങ്കിരമൂലമന്ത്രം കാതുകളിൽ ഉപദേശിച്ചു, അനന്യദത്തൻ. ബദ്ധശ്രദ്ധനായി ഗുരോപദേശം ശ്രവിച്ച ആദിത്യൻ അമാന്തിക്കാതെ അദ്ദേഹത്തിന്റെ വാക്കുകൾ അനുസരിച്ചു.

ഘോരമായ തപസ്സ്.

മന്ത്രമുഖരിതമായ ആ ക്ഷേത്രപരിസരത്ത് ആദിത്യന്റെ തപനവേളകൾ ലാവാഗ്നിപ്രവാഹം പോലെ ചൂളിയിറങ്ങി. ഒറ്റക്കാലിൽ നിന്ന് കൊണ്ട് ദേവി പ്രത്യങ്കിരയെ ആവാഹിച്ചുകൊണ്ടു കടന്ന പോയ മാസങ്ങളും ഋതുക്കളും വിശപ്പും ദാഹവും ഉപേക്ഷിച്ച് തപസ്സ് ചെയ്യുന്ന ആദിത്യനെ സ്പർശിച്ചതേയില്ല. കഠിനനിഷ്ടഠയിൽ കത്തിയെരിയുന്ന സൂര്യനെപ്പോലെ ജ്വലിച്ചുകൊണ്ട് സിദ്ധിയുടെ മറുകരകൾ തേടി ആദിത്യൻ നടത്തുന്ന ആ യോഗ സഞ്ചാരം പരിസമാപ്തിയിലേയ്ക്ക് അടുക്കുമ്പോൾ അതിഭീഷണമായ അട്ടഹാസം ആ ദിവ്യക്ഷേത്രത്തെ പ്രകമ്പനം കൊള്ളിച്ചു. ഭൂമി കുലുങ്ങി. ദിവ്യമായ പ്രകാശം പറന്ന് ആകാശത്ത് നിന്നും സിംഹഗർജ്ജനം പൊഴിച്ച് കൊണ്ട് പുഷ്പമാലകൾ അണിഞ്ഞ് സിംഹവദനയായി ഇരുകൈകളിലും കാളസർപ്പങ്ങളെ ധരിച്ച് കവചകുണ്ഡലങ്ങൾ അണിഞ്ഞ് ചതുർബാഹുക്കളിൽ ശൂലം, മുസലം, ചക്രം ഇത്യാദികൾ ധരിച്ചു ഇറ്റ് വീഴുന്ന രക്തത്തുള്ളികളോടുള്ള മുണ്ഡമാലകൾ അണിഞ്ഞ്, ഘണ്ടാസുരന്റെ ശിരസ്സും പാനപാത്രവും പിടിച്ചു. അതിഘോരരൂപം ധരിച്ച് ദേവി പ്രത്യങ്കിര ആദിത്യന് മുന്നിൽ പ്രത്യ

ക്ഷയായി.

കണ്ണുകൾ തുറന്ന് ദേവി പ്രത്യങ്കിരയെ സാഷ്ടാംഗം നമിച്ചു, ആദിത്യൻ. തന്റെ കുടുബത്തേയും നാടിനെയും ബാധിച്ച വിനാശത്തിന്റെ കഥ ലഘുവായി ദേവിയോട് വിവരിച്ചു. സഹായം അഭ്യർത്ഥിച്ചു. അഷ്ട സിദ്ധികളും മഹാമാന്ത്രികശക്തികളും അപരിമിതശക്തിയാർന്ന മാന്ത്രികദണ്ഡും മഹാപ്രത്യങ്കിര രക്ഷാകവചവും മായാശക്തികളും ദീർഘായുരാരോഗ്യവും നൽകി ആശീർവ്വദിച്ചു. ദേവി പ്രത്യങ്കിര ആദിത്യനെ അനുഗ്രഹിച്ച് അന്തർധാനം ചെയ്തു.

അതി സന്തോഷവാനായി തന്റെ ഗുരുവിന് സമീപം എത്തിയ ആദിത്യനെ തലയിൽ കൈ വെച്ച് ആശീർവാദം നൽകിയ അനന്യദത്തനോട് വിട പറഞ്ഞ് ഇല്ലപ്പടികൾ വിട്ടിറങ്ങി, ആദിത്യൻ. ആ ഇല്ലത്തിലേയ്ക്കുള്ള ഇടവഴിയിൽ അൽപ്പദൂരം നടന്ന് പിന്തിരിഞ്ഞു നോക്കിയ ആദിത്യൻ കണ്ടത്, ഉമ്മറപ്പടിയിൽ നിന്ന് ഒരു ദിവ്യജ്യോതി ഉയർന്ന് ആകാശത്തിൽ ലയിക്കുന്നതായിരുന്നു.

തന്റെ നിയോഗം പൂർത്തിയാക്കിയ അനന്യദത്തൻ തന്റെ ഭൗതികശരീരം ഉപേക്ഷിച്ച് ആത്മാവിനെ നിത്യസായൂജ്യത്തിൽ ലയിപ്പിക്കുകയായിരുന്നു, അപ്പോൾ.

ആകാശസീമയെ നോക്കി നിറമിഴികളാൽ കൈകൾ കൂപ്പി ഗുരുവന്ദനം ചെയ്തു. ദൃഢമായ കാൽവെയ്പ്പുകളോടെ തന്റെ ലക്ഷ്യത്തിലേയ്ക്ക് നീങ്ങി, ആദിത്യൻ.

മഹാപ്രത്യങ്കിരയുടെ അനുഗ്രഹത്താൽ മഹാമാന്ത്രികനായിത്തീർന്ന ആദിത്യൻ ആദ്യം പോയത് തന്റെ തറവാട്ടിലേയ്ക്കാണ്. അമ്മയേയും കാരണവന്മാരേയും വണങ്ങി. കാവിൽ വിളക്ക് വെച്ച് വാസുകിക്ക് നൂറും പാലും ഊട്ടി. പരദേവതാസ്ഥാനത്ത് പൂജ ചെയ്തു. തറവാട്ടിലെ ഈശാനകോണിൽ ദേവി പ്രത്യങ്കരിയെ പ്രതിഷ്ഠിച്ചു.

അയൽപ്പക്കത്തെ തെക്കേടത്ത് തറവാട്ടിലെ കാരണവർ രാമപ്പൻ അടിതിരിയുടെ മകൾ രുഗ്മിണി അതിസുന്ദരിയായിരുന്നു. അവൾ ഒരു മിന്നായം പോലെ ആദിത്യന്റെ തറവാടിന്റെ പിന്നാമ്പുറത്തൂടെ ഒരു പാൽപാത്രവുമായി കടന്നു പോയി. അവരുടെ കണ്ണുകൾ തമ്മിൽ ഉടക്കി. പരിചയം ഒരു പുഞ്ചിരിയിൽ ഒതുക്കി. എന്നിട്ടും ഒരു വാക്കു പോലും പരസ്പരം ഉരിയാടിയില്ല. നാണം കൊണ്ട് ചുവന്നു തുടുത്ത അവളുടെ കവിളിൽ അരുണശോഭയേറി. ആ കാലുകളിൽ ധരിച്ചിരുന്ന പാദസരത്തിന്റെ കിലുക്കം പൊടുന്നനെ ഉച്ചത്തിലായി. നിലത്തേയ്ക്ക് നോക്കി കണ്ണുകൾ പിൻവലിച്ച് അവൾ ഉൾവലിഞ്ഞു.

നാളുകൾക്ക് മുമ്പേ തന്നെ അവളുടെ മനസ്സിൽ ആദിത്യനെ പ്രതി അനുരാഗം മൊട്ടിട്ടിരുന്ന കാര്യം ആദിത്യനറിയില്ലായിരുന്നു. എന്നിരുന്നാലും അവളുടെ സാമീപ്യം, ആ ചാരുകസേരയിൽ നീണ്ടു നിവർന്ന് കിടന്ന് താംബൂലചർവ്വണം ചെയ്തുകൊണ്ടിരുന്ന അവന്റെ ഉള്ളിൽ അറി

യപ്പെടാത്ത ഏതോ ഒരനുഭൂതിയുടെ സുഖം നൽകുന്നുണ്ടായിരുന്നു. ബ്രഹ്മചാരിയായി ഈ ജന്മം മുഴുവൻ ജീവിക്കേണ്ടി വരുന്നവനാണ് താൻ എന്ന് അറിഞ്ഞിരുന്നിട്ടും പറയാത്ത അനുരാഗത്തിന്റെ തപ്തമായ സുഖം അവനും രഹസ്യമായി ആസ്വദിച്ചുകൊണ്ടിരുന്നു എന്ന് പറയുന്നതാണ് ശരി.

ഏതാനും ദിനങ്ങൾക്ക് ശേഷം നാടുവാഴിയുടെ ദൂതുമായി കുറേ ആളുകൾ വീണ്ടും ആദിത്യനെ തേടിയെത്തി. സാവിത്രിയുടെ ഉപദ്രവം സഹിക്കാവുന്നതിന്റെ പരിധികൾ ലംഘിച്ചിരിക്കുന്നു. കൊച്ചുകുട്ടികളുടെ രക്തം അവളുടെ വിശിഷ്ടഭോജ്യം ആയിരിക്കുന്നു. രാത്രി നാട്ടുകാർക്ക് കാലന്റെ പ്രത്യക്ഷദർശനവേളകളായി പരിവർത്തനപ്പെട്ടിരിക്കുന്നു. പരിഹാരം കണ്ടേ തീരൂ... രാജകൽപ്പനയുടെ ഓലച്ചുരുൾ മടക്കുമ്പോൾ ആദിത്യൻ തന്റെ കർത്തവ്യത്തിന്റെ ആഴം അളന്നിരുന്നു.

പൂജാമുറിയിൽ കയറി പഞ്ചശിരസ്സുള്ള വിളക്ക് തെളിയിച്ച പ്രത്യങ്കരിയെ ആവാഹിച്ച് വരുത്തി അനുഗ്രഹം വാങ്ങി. മന്ത്രവാദി തൊട്ടു പ്രാർത്ഥിച്ചെടുത്തു പുറത്തു വന്നു. മഹാഹവനത്തിനുള്ള ചാർത്ത് നൽകി. മഹാപ്രത്യങ്കിരായന്ത്രം സ്വർണ്ണത്തകിടിൽ എഴുതി ഗ്രാമമുഖ്യനെ ഏൽപ്പിച്ചു. ഗ്രാമക്ഷേത്രത്തിൽ പ്രതിഷ്ഠിക്കാൻ ഏർപ്പാട് നൽകി. തന്റെ ഉപാസനാമൂർത്തിയായ ഗന്ധർവ്വസ്വാമിയെ അദൃശ്യനായി അവരോടൊപ്പം പറഞ്ഞു വിട്ടു. ആ യന്ത്രം സ്ഥാപിക്കുന്നത് വരെയുള്ള അവരുടെ സുരക്ഷയ്ക്കായിരുന്നു അങ്ങിനെ ചെയ്തത്.

അന്ന് തൊട്ട് ഏഴുനാൾ വെള്ളിയാഴ്ച വരെ തറവാട്ടുനിലവറയിൽ പ്രവേശിച്ചു. ഒറ്റക്കാലിൽ മഹായോഗസാധനസിദ്ധിവർധക സാധന ചെയ്തു. തന്റെ യോഗബലവും മന്ത്രബലവും വർദ്ധിപ്പിച്ചു. മഹാപ്രത്യങ്കരിയും ഗന്ധർവ്വരാജനും പൂർണ്ണ സൂര്യപ്രഭയോടെ ആദിത്യന് മുന്നിൽ പ്രത്യക്ഷരായി തങ്ങളുടെ പിന്തുണയും അനുഗ്രഹവും നൽകി.

ഏഴാം നാൾ വെള്ളിയാഴ്ച മാന്ത്രികദണ്ഡും മഹായോഗീചിഹ്നങ്ങളും ധരിച്ച് കാറ്റിന്റെ വേഗതയിൽ വെള്ളോട്ടുമനയുടെ തിരുമുറ്റത്ത് ആദിത്യൻ എത്തിച്ചേരുമ്പോഴേയ്ക്കും രാജകൽപ്പന അനുസരിച്ച് പരികർമ്മികളും യന്ത്ര-മന്ത്ര-പുഷ്പഗന്ധധൂമാദികളും തയ്യാറായിരുന്നു. ആദിത്യന്റെ സാമീപ്യം മനസ്സിലാക്കിയ സാവിത്രി കോപിഷ്ഠയായി. ചുഴലിക്കാറ്റ് വീശിയടിച്ചു. ഹോമത്തിനായി കരുതിയിരുന്ന കിണ്ടികളും പാത്രങ്ങളും ആകാശത്തിൽ ധൂളികൾ പോലെ പറന്നു.

മഹാപ്രത്യങ്കരിയെ ധ്യാനിച്ച് മഹാസ്ത്രമന്ത്രം ജപിച്ച് നിലത്തു നിന്ന പുൽക്കൊടിയിൽ സന്നിവേശിപ്പിച്ച ആദിത്യൻ ആ പുൽക്കൊടി ആകാശത്തിലേയ്ക്ക് ഉയർത്തി വിട്ടു. പൊടുന്നനെ ഒരു നിലവിളി അഷ്ടകോണിൽ ഒന്നിൽ എവിടെ നിന്നോ ഉയർന്നു. പ്രകൃതി നിശ്ശബ്ദയായി. ഭയന്ന് വിറച്ചിരുന്ന പരികർമ്മികൾ ആശ്വാസത്തോടെ ദീർഘനിശ്വാസം വിട്ടു. കർമ്മങ്ങൾ ആരംഭിച്ചു. ഹോമകുണ്ഡത്തിൽ പവിത്രാഗ്നി

ജ്വലിച്ചു. മന്ത്രങ്ങൾ അക്ഷരലക്ഷം കഴിഞ്ഞു. മന്ത്രക്കളത്തിനു ചുറ്റും കാവലായി മഹാഗന്ധർവ്വസേന അദൃശ്യരായി നില കൊണ്ടു. പിഴയ്ക്കാത്ത മന്ത്രമാണ് ഒന്നൊന്നായി ഉരുക്കഴിക്കും തോറും ചുവന്ന് തുടുത്ത ആദിത്യനിൽ സിംഹരാജശൗര്യഭാവം ഏറി വന്നു. യാഗത്തിന്റെ ആദ്യഭാഗം പിന്നിടവേ സ്വരക്ഷയന്ത്രനിർമ്മിതി പൂർത്തിയാക്കി, മന്ത്രക്കളത്തിൽ സ്ഥാപിച്ചു. സ്വന്തം സുരക്ഷയും പരികർമ്മികളുടെ സുരക്ഷയും ഉറപ്പാക്കി ആവാഹനഹോമം തുടങ്ങി.

കാഞ്ഞിരമരത്തിലെ പൊത്തിൽ മൂങ്ങയുടെ രൂപത്തിൽ ഒളിച്ചിരുന്ന സാവിത്രി നാഗയക്ഷിയുടെ സന്നിധിയിൽ അഭയം തേടി.

“നിന്റെ പൈശാചിക കർമ്മങ്ങൾക്ക് ഇനിയും കുട പിടിക്കാൻ നാഗകുലത്തെ കിട്ടില്ല, സാവിത്രീ. അനിവാര്യമായ വിധി നീ അനുഭവിക്കണം. ഇവിടെ നിന്റെ ദുഷ്കർമ്മങ്ങൾക്ക് ചിത്രപ്പൂട്ട് വീഴുന്ന ദിനമാണ് ഇന്ന്. നീ അത് അംഗീകരിക്കുക. ഇന്ന് മുതൽ ഈ വാസസ്ഥാനം ഞാൻ ഉപേക്ഷിക്കുകയാണ്. നിന്നെ നീ തന്നെ പ്രതിരോധിച്ച് കൊള്ളുക...”

നാഗയക്ഷി അരുളിച്ചെയ്തത് കേട്ട് സാവിത്രി നിരാശയിലാണ്ടു. അവളുടെ തറവാടായ വെള്ളോട്ടുമനയുടെ നിലവറയിൽ ചിത്രകൂടത്തിനുള്ളിലെ നാഗഫണത്താലിയിൽ നിന്നും അഭൗമമായ ഒരു തേജസ്സുയർന്ന് ആകാശത്തസ്തമിച്ചു.

നാഗയക്ഷി ഈ തറവാടിനെയും തന്നെയും എന്നന്നേക്കുമായി ഉപേക്ഷിച്ചുപോയ കാഴ്ച. നിർവികാരയായി നോക്കി നിൽക്കുമ്പോഴും അവളുടെ കണ്ണുകളിൽ രണ്ടു തുള്ളി നീർക്കണം എന്തിനോ വേണ്ടി പൊടിഞ്ഞു വീണു.

ആ നീർക്കണങ്ങൾ തുടച്ച് അവൾ തന്റെ അവസാനയുദ്ധത്തിനായി തയ്യാറെടുത്ത് ആദിത്യന്റെ നേർക്ക് അടുത്തു. ആവാഹനമന്ത്രഹോമാഗ്നിയിൽ നിന്ന് ദിവ്യമായ ഒരു തേജസ്സ് ഉയർന്നു. ഘോരമായി അട്ടഹസിച്ച് ആ സത്വം സാവിത്രിയുടെ നേർക്കടുത്തു. തന്റെ പനംകുല പോലെ നീണ്ട മുടിയിഴകളിൽ ഒന്ന് പറിച്ചെടുത്ത് സാവിത്രി സത്വത്തിനു നേർക്കെറിഞ്ഞു. അതൊരു കാളസർപ്പമായി സത്വത്തെ വലയം ചെയ്തു.

ആദിത്യൻ പ്രതിമന്ത്രം ജപിച്ച് ആ ബന്ധനം വിടുവിച്ചു. യജ്ഞപുരുഷനായ ആ സത്വം ആകാശത്തോളം വളർന്നു. സാവിത്രിയുടെ മുടിക്ക് ചുറ്റിപ്പിടിച്ച് വലിച്ചിഴച്ച് മന്ത്രക്കളത്തിൽ എത്തിച്ചു. ആദിത്യന് മുന്നിൽ വായപൊത്തി ഒരു ഭൃത്യനെപ്പോലെ കാവൽ നിന്നു.

മന്ത്രവടി സാവിത്രിയുടെ നേർക്ക് നീട്ടി ആദിത്യൻ അവളെ തന്റെ വരുതിയിൽ ആക്കി. തീക്ഷണമായ ചോരക്കണ്ണുകൾ കൊണ്ട് അവനെ നോക്കി അവന്റെ രക്തത്തിനായി അവൾ നാവു നുണഞ്ഞു വെള്ളമിറക്കി.

അവളെ ഭസ്മീകരിക്കാനുള്ള ഉച്ചാടന ഹോമത്തിന്റെ ആദ്യ മന്ത്രം ഉരുവിട്ട് തുടങ്ങി, ആദിത്യൻ.

ഉഗ്രമായ മാന്ത്രികപ്പോരാട്ടമാണ് പിന്നെ നടന്നത്. ബന്ധിതയെങ്കിലും സാവിത്രി തന്റെ മുഴുവൻ ശക്തിയുമെടുത്ത്ം ഉച്ചാടനഹോമം തടസ്സപ്പെടുത്താൻ ശ്രമിച്ചു അവളുടെ അട്ടഹാസങ്ങൾ ദിഗന്തങ്ങളെ നടുക്കി. തീക്ഷ്ണമായ വേഗത്തിൽ വായു ചുറ്റിയടിക്കവേ ഹോമകുണ്ഡത്തിലേയ്ക്ക് അവസാനമന്ത്രവും ആഹൂതി ചെയ്ത് മന്ത്രസാധന പൂർത്തിയാക്കി, ആദിത്യൻ.

കിഴക്കൻ ചക്രവാളത്തിൽ നിന്നും ഒരു വിദ്യുത്പ്രഭ പൊടുന്നനെ മന്ത്രക്കാലത്തെ വലയം ചെയ്തു. സാവിത്രി ആകാശത്തേയ്ക്ക് എടുത്തുയർത്തപ്പെട്ടു. അവളുടെ ദേഹം ആ പ്രഭാവലയത്തിനുള്ളിൽ തീയിൽ അകപ്പെട്ട ഈയ്യാമ്പാറ്റ പോലെ വെന്തുരുകി ശൂന്യതയിൽ അസ്തമിച്ചു.

അൽപ്പനേരത്തെ നിശ്ശബ്ദത ദേവി പ്രത്യങ്കരി ആദിത്യന് മുന്നിൽ പ്രത്യക്ഷയായി. ദേവിയുടെ ചരണങ്ങളിൽ അയാൾ ചെത്തിപ്പൂക്കൾ അർപ്പിച്ചു സാഷ്ടാംഗം പ്രണമിച്ചു. ആദിത്യനെ മനം നിറഞ്ഞനുഗ്രഹിച്ച ദേവി തന്റെ ഇംഗിതം ഇപ്രകാരം അരുളിച്ചെയ്തു.

"മകനേ, നിന്നിൽ ഞാൻ സംപ്രീതയാണ്. സത്യത്തിനും ധർമ്മസ്ഥാപനത്തിനും വേണ്ടി നിന്റെ മാന്ത്രികസിദ്ധികൾ എന്നും ഉപയോഗിക്കുക. എന്റെ സാന്നിധ്യം ഇനി മുതൽ ഈ നാട്ടിൽ ഉണ്ടാകും. എനിക്കായി നീ ഈ മനയുടെ കാവിൽ ഈ വിഗ്രഹം പ്രതിഷ്ഠിച്ച് കുടിയിരുത്തുക ഇനി മേൽ നീ ഈ വിഗ്രഹത്തെ പൂജിച്ചു പരിപാലിച്ചു വസിച്ചാൽ മതിയാകും. നിന്റെ മാന്ത്രികസിദ്ധികൾ നന്മയ്ക്കായി മാത്രം പ്രയോഗിക്കുക. മകനേ, നിനക്ക് സർവൈശ്വര്യങ്ങളും ഉണ്ടാകും. മേലിൽ ഇവിടം മഹാപ്രത്യങ്കരി സ്ഥാനമെന്ന നിലയിൽ കീർത്തിയെഴും. ആയതിനാൽ നിന്നെ നാം ആജീവനാന്ത സമ്പൂർണ്ണബ്രഹ്മചര്യവ്രതനിഷ്ഠയിൽ നിന്നും മുക്തനാക്കിയിരിക്കുന്നു. സൽസന്താനങ്ങൾ ഉണ്ടായി നാളനേകം പുകൾ പെറ്റ് വാഴ്ക. ശുഭം ഭവിക്കട്ടെ."

ഇപ്രകാരം അരുളിച്ചെയ്ത് മഹാപ്രത്യങ്കരീദേവി തന്റെ ആത്മാംശമായ സ്വയംഭൂവിഗ്രഹം നൽകി ആദിത്യനെയും പരിജനങ്ങളേയും അനുഗ്രഹിച്ച് അന്തർധാനം ചെയ്തു.

രാജസഭയിൽ ആദിത്യൻ ക്ഷണിക്കപ്പെട്ടു. രാജ്യത്തിന്റെ പരമോന്നത ബഹുമതി നൽകി ആദരിച്ചു, ആദിത്യനെ. സാവിത്രി വാണ വെള്ളോട്ട്മനയും കാവും ആയിരം ഏക്കറും കരമൊഴിവാക്കിയ ഭൂമിയും വീരശൃംഖലയും നൽകി ആദിത്യനെ ആദരിച്ചു. മഹാപ്രത്യങ്കരിക്ക് വേണ്ടി കാവിൽ ക്ഷേത്രമൊരുങ്ങി.

ആദിത്യന്റെ കാർമ്മികത്വത്തിൽ മഹാപൂജകൾ നടത്തി ദേവി വിഗ്രഹം പ്രതിഷ്ഠിച്ചു. നാട് സമ്പൽസമൃദ്ധിയിൽ ആറാടി. ആദിത്യന്റെ ജീവിതവും പുഷ്പിച്ചു. അവിടെ പുതിയൊരദ്ധ്യായം പിറവിയെടുത്തു. ശാന്തിയുടെ സൂര്യകിരണങ്ങൾ ആ നാടിനെ പുളകിതമാക്കി.

14. വസന്തങ്ങൾ ഒഴിഞ്ഞപ്പോൾ

ഫേസ്ബുക്കിന്റെ താളുകൾക്കിടയിൽ ഒരിടനേരത്താണ് അവളുടെ പ്രൊഫൈൽ കണ്ണിൽപ്പെട്ടത്. വിടർന്ന് നിറഞ്ഞ പുഞ്ചിരിയോടെ ഒരു പനിനീർദളം പോലെ അവളുടെ സൗകുമാര്യത ഹൃദയത്തെ സ്പർശിച്ചു. മെസ്സഞ്ചറിൽ വെറുതെ ഒരു ഹായ് വിട്ടു. തിരികെ മറുപടി ലഭിച്ചില്ല.

മറുപടി ലഭിക്കാത്തതിനാൽ പിന്നെ ശ്രദ്ധിക്കാൻ പോയില്ല. അൽപ്പനാളത്തേയ്ക്ക്അ വളുടെ അറിവുകളില്ലാതെ എന്റെ ലോകം തിരിഞ്ഞുകൊണ്ടിരുന്നു. അന്നത്തെ സായാഹ്നത്തിൽ വെറുതെ മൊബൈലിൽ ഫേസ്ബുക്ക് പേജിൽ പരതിക്കൊണ്ടിരുന്നപ്പോൾ അവൾ ഇട്ട കവിതയുടെ പോസ്റ്റ് കണ്ണിൽപ്പെട്ട് മനസ്സ് അൽപ്പം വിജൃംഭിച്ചു.

സുന്ദരമായ ഒരു കമന്റും പാസ്സാക്കി ലൈക്കും ഇട്ടു.

അധികം വൈകാതെ അവളുടെ നന്ദിയർപ്പിച്ചുകൊണ്ടുള്ള മറുപടി എത്തി. അതിന് ശേഷമുള്ള ദിവസങ്ങളിൽ അവളുടെ പോസ്റ്റുകൾക്കായി ഞാൻ കാത്തിരുന്നു. അവയെത്തുമ്പോളെല്ലാം കമന്റുകൾ കൊടുത്ത് അവളെ ഉത്തേജിതയാക്കാൻ എനിക്ക് കഴിഞ്ഞു. നാളുകൾ കൊഴിഞ്ഞു പോകേ, ദൃഢമായ ആ സൗഹൃദം ഫേസ്ബുക്ക് മെസ്സേജുകളിലൂടെ പ്രണയസല്ലാപസീമകൾ തരണം ചെയ്തു വഴി വിട്ട് യാത്ര ചെയ്തു. പിന്നീടുള്ള ദിനങ്ങളിൽ മേഘം കണ്ട് മനസ്സ് നിറഞ്ഞു നൃത്തം ചെയ്യുന്ന മയിൽപ്പേടയെപ്പോലെ എന്റെ ഹൃദയം അവളുടെ മെസ്സേജുകൾക്കായി വെമ്പൽ കൊണ്ട് ആനന്ദസാഗരത്തിൽ നീന്തിത്തുടിച്ചുകൊണ്ടിരുന്നു.

അച്ഛനും അമ്മയ്ക്കും ഏക മകളാണ് താൻ. കണക്കില്ലാത്ത സ്വത്തിന്റെ ഉടമ. പക്ഷേ, സ്നേഹിക്കപ്പെടാനും സ്നേഹിക്കാനും മാതാപിതാക്കൾക്ക് തിരക്കൊഴിയാറില്ലായിരുന്നു. വിദേശത്തെ ബിസിനസ്സ് തിരക്കുകൾക്കിടയിൽ ടൂർ വരുന്ന പോലെ വല്ലപ്പോഴും വീട്ടിലേയ്ക്ക് എത്തുന്ന പിതാവ്, അദ്ധ്യാപികയായ മാതാവിന്റെ കാർക്കശ്യം. എല്ലാം അവളെ വീർപ്പ് മുട്ടിച്ചു കൊണ്ടിരുന്നു. സ്നേഹിക്കപ്പെടാൻ കൊതിച്ച അവൾക്ക് താങ്ങാകുമെന്ന് അവൾക്ക് വാക്ക് കൊടുത്തു. ഹൃദയം തുറന്ന് അവളെ സ്നേഹിച്ചു. ഫേസ്ബുക്ക് മെസ്സഞ്ചറിലൂടെ ഫോൺ നമ്പറുകൾ കൈമാറിയ ഞങ്ങളുടെ ബന്ധം ഒരു സായന്തനത്തിൽ സുഭാഷ് പാർക്കിനുള്ളിലെ പൂവാകച്ചോട്ടിൽ വരെ എത്തി. പ്രണയചുംബനങ്ങളാൽ ഞാൻ അവളെ പൂത്തുലച്ചു. ഫേസ്ബുക്കിലെ ഫോട്ടോ പോലെ അത്ര സുന്ദരിയല്ലെങ്കിലും അൽപ്പം പ്രായക്കൂടുതൽ എന്നെക്കാളും തോന്നിച്ചു അവൾക്ക് എങ്കിലും പ്രണയപയോധിയിൽ മുങ്ങിപ്പോയ എന്റെ കണ്ണുകൾ അന്ധമായി തീർന്നിരിക്കുന്നു.

അവളെ എന്തിനേക്കാളും ഞാൻ വിശ്വസിച്ചു സ്നേഹിച്ചു. സ്വന്തമാക്കാൻ ആഗ്രഹിച്ചു. പക്ഷെ ഒരുനാൾ ചില്ലുകൂട്ടിൽ മറഞ്ഞിരുന്ന സത്യത്തിന്റെ

തിരശ്ശീല താനേ നീങ്ങി.

ആ ദിനം മറക്കാനാവാത്തതാണെനിക്ക്,. അവളോടൊത്ത് ജീവിക്കാൻ തീരുമാനിച്ചു. എന്റെ സകല സമ്പാദ്യങ്ങളും എടുത്ത് വസ്ത്രങ്ങളും മറ്റ് അത്യാവശ്യസാധനങ്ങളുമടങ്ങിയ ബാഗുമെടുത്ത് അവളുടെ വാക്ക് വിശ്വസിച്ച്, എന്റെ ഉറ്റവരെയെല്ലാം ഉപേക്ഷിച്ചു. ആദ്യമായി ഞങ്ങൾ കണ്ടുമുട്ടിയ അതെ പൂമരച്ചോട്ടിൽ ഒരു സന്ധ്യ മുഴുവൻ കാത്തു നിന്ന ദിനം. മണിക്കൂറുകൾ കാത്ത് നിന്നിട്ടും അവൾ എത്താതായപ്പോൾ വെകിളിയെടുത്തു അവളെ വിളിച്ച ഫോൺ വിളികൾക്ക് ഒരുത്തരമേ ലഭിച്ചുള്ളൂ.

“നിങ്ങൾ വിളിച്ച സബ്സ്ക്രൈബർ ഇപ്പോൾ സ്വിച്ചോഫ് ആണ് ദയവായി പിന്നീട് വിളിക്കൂ.”

ഹൃദയം തകർന്നു നിരാശനായി കൈയിലിരുന്ന ബാഗ് നിലത്തേയ്ക്ക് വലിച്ചെറിഞ്ഞു. തലയ്ക്ക് കൈയും കൊടുത്ത് ഇരിക്കുമ്പോൾ ഞാൻ അറിഞ്ഞില്ല ദുരന്തപ്പേമാരികൾ ഇനിയും എനിക്ക് മേൽ പെയ്തൊഴിയാൻ കാത്തിരിപ്പാണെന്ന്. രണ്ട്നാൾ കഴിഞ്ഞ് എന്നെത്തേടി ഒരു ഫോൺകാൾ എത്തി.

“ഹലോ ഇത് പോലീസ് സ്റ്റേഷനിൽ നിന്നാണ്. തനിക്ക് ഒരു സൂര്യയെ അറിയുമോ?”

“അറിയാം സർ”

“ശരി, നീ ഇന്ന് തന്നെ പോലീസ് സ്റ്റേഷനിൽ ഹാജരാവണം. ഇല്ലെങ്കിൽ നിന്നെ അറസ്റ്റ് ചെയ്യേണ്ടി വരും.”

“എന്താ സാർ കാര്യം?”

എന്റെ ചോദ്യത്തിന് മറുപടി ലഭിച്ചില്ല. ഫോൺ കട്ട് ആയി. ഞാൻ അടുത്തുള്ള ഒരു പാർട്ടിക്കാരനെയും കൂട്ടി സ്റ്റേഷനിൽ എത്തി എസ്.ഐയെ കണ്ടു. എന്നോട് വിവരങ്ങൾ ആരാഞ്ഞു എസ്.ഐ എന്നെ അപ്പോൾ തന്നെ ലോക്കപ്പിൽ ആക്കി. തട്ടിക്കൊണ്ടുപോയി പീഡിപ്പിക്കാൻ ശ്രമിച്ചു. അതാണ് കേസ്.

സൂര്യയെന്ന എന്റെ കാമുകിയെ കാണാനില്ല എന്ന അവളുടെ വീട്ടുകാരുടെ പരാതിയിൽ ആയിരുന്നു അറസ്റ്റ്. അവിടെ വെച്ചാണ് എന്റെ ഹൃദയം തകർക്കുന്ന ആ വാർത്ത ഞാൻ കേട്ടത്. വിവാഹിതയും രണ്ട് കുട്ടികളുടെ മാതാവുമായിരുന്നു അവൾ. അത് കേൾക്കേ എന്റെ മനസ്സ് പിടഞ്ഞുലഞ്ഞു. ഹൃദയത്തിൽ ആയിരം കതിനകൾ ഒന്നിച്ചു പൊട്ടി.

ആ വെള്ളിടിയിൽ പഴുത്ത ഉലയിലെ ഇരുമ്പ് പോലെ സ്വയം നീറിനിൽക്കുന്ന എന്റെ കാതുകൾക്ക് വൃത്താന്തങ്ങളുടെ തുടർച്ചകളിൽ ബധിരത ബാധിച്ചു.

പോലീസുകാരുടെ മർദ്ദനങ്ങൾ. ചോദ്യം ചെയ്യലുകൾ. എന്റെ നിരപരാധിത്വം ബോധ്യപ്പെടുത്താൻ ഒരുപാട് വിയർപ്പൊഴുക്കേണ്ടി വന്നു. അവളെ ഏറ്റവും കൂടുതൽ ഫോൺ വിളിച്ചിരിക്കുന്നതും സോഷ്യൽ മീഡിയയിൽ ചാറ്റ് ചെയ്തിരിക്കുന്നതും ഞാൻ ആണെന്ന് അവർ കണ്ടെത്തി കോടതി എന്നെ റിമാന്റ് ചെയ്തു. പതിനാലു ദിനങ്ങളിലെ ആ കാരാഗൃഹവാസത്തി

നിടയിൽ എന്റെ ചിന്ത ഒന്ന് മാത്രമായിരുന്നു. സൂര്യ... അവൾ എവിടെ പോയി? അവൾക്ക് എന്ത് സംഭവിച്ചു? അവൾ എന്തിന് എന്നെ ചതിച്ചു?

അവളെ കാണാതാകുന്നതിന്റെ തലേദിവസം വീട്ടിൽ എഴുതി വെച്ച കത്ത് പോലീസുകാർ കണ്ടെത്തി.

'ഭർത്താവിനൊപ്പം ജീവിക്കാൻ ഇനി സാധിക്കില്ല. തന്നെ സ്നേഹിക്കാതെ പണത്തിനു പിന്നാലെ പായുന്ന ഒരു കിഴങ്ങനെ അല്ല തനിക്ക് ആവശ്യം. എന്നെ അറിയുന്ന എനിക്കായി ജീവിക്കുന്ന ഒരാൾക്കൊപ്പം ഞാൻ പോകുന്നു. എന്നെ അന്വേഷിക്കണ്ട.'

ഞാനല്ലാതെ അവൾ രഹസ്യമായി സ്നേഹിച്ച ആ മറ്റൊരാൾ ആരാണ്?

ആ ചോദ്യം ഉത്തരമില്ലാതെ, ഇരുമ്പഴിക്കുള്ളിലെ ചുവരുകളി ലൂടെ അക്ഷരരൂപത്തിൽ ഉറുമ്പുകളായി അരിച്ചു നടന്നു. അവ എന്നെ ഭ്രാന്ത് പിടിപ്പിച്ചു.

പക്ഷെ അതിനും ഉത്തരം അണിയറയിൽ നിന്നും വൈകാതെ അരങ്ങിലെത്തി. എറണാകുളത്ത് തന്നെ ഉള്ള ഒരു ബിസിനസ്സുകാ രൻ ആയിരുന്നു അയാൾ. പണച്ചാക്ക്. പാവം അയാൾക്കറിയില്ലല്ലോ ഈ രക്തയക്ഷിയുടെ ഇരകളിൽ ഒരാൾ മാത്രമാണ് താനെന്ന്.

പോലീസ് സ്റ്റേഷനിലേക്ക് സൂര്യ അയച്ച കത്തിൽ അവൾക്ക് എന്ത് സംഭവിച്ചാലും ഞാനാണ് ഉത്തരവാദി എന്നാണല്ലോ എഴുതി യിരുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് എന്നെ റിമാന്റ് ചെയ്ത് ജയിലിൽ അടച്ചത്.

സത്യം വെളിച്ചത്ത് വന്നതോടെ ഞാൻ സുരക്ഷിതനായി ജയിൽ മോചിതനായി പുറത്തു വന്നു.

പ്രണയമെന്ന കാപട്യത്തെ ഇന്ന് ഞാൻ വെറുക്കുന്നു. സോഷ്യൽ മീഡിയകളിലെ സ്ഥിരതാമസം ഞാൻ ഉപേക്ഷിച്ചു. എന്റെ മനസ്സിനെ പരുവപ്പെടുത്തിയെടുക്കുന്നതിൽ അൽപ്പം കാലതാമസം നേരിട്ടെങ്കിലും പുതിയ ഒരു മനുഷ്യനായി പുനർജനി നൂണ്ട് എന്റെ കർമ്മങ്ങളിൽ മനസ്സർപ്പിച്ച് ജീവിച്ചു വരുമ്പോഴും ചതിക്കപ്പെട്ടവന്റെ ആത്മസംഘർഷങ്ങൾ ഹൃദയത്തിൽ ഇടയ്ക്കിടെ മുറിക്കപ്പെട്ട ബന്ധ ത്തിന്റെ നീരാളിക്കൈകളായി സ്വപ്നാടങ്ങളിൽ കടന്നു വന്നുകൊണ്ടി രുന്നു. സൂര്യയെന്ന അവളുടെ മുഖം വായിച്ചു മറന്നുവച്ച പാഠപുസ്ത കത്തിലെ മറിഞ്ഞു പോയ താളുകൾ പോലെ അവ്യക്തമായിക്കൊ ണ്ടിരുന്നു.

15. ഒരു കൊച്ചുസ്വപ്നം

നാളുകൾ കൂടി കാത്തിരുന്നു കിട്ടിയ ആ മഴയത്ത്, മാളത്തിനുള്ളിൽ ഒളിച്ചിരുന്ന തവളക്കൂട്ടങ്ങൾ സംഘഗാനം പാടി തുള്ളിച്ചാടി.

അവരുടെ നേതാവായിരുന്ന ചൊറിയൻ തവളച്ചാരുടെ കണ്ഠത്തിൽ നിന്നും പുറത്തേയ്ക്ക് വന്ന ശ്രുതിമധുരമായ ആലാപനം കേട്ട്, കുളത്തിലെ അവസാനതുള്ളി വെള്ളത്തിനടിയിൽ പൊന്തക്കാട്ടിലെ പാറയ്ക്കിടയിൽ ഒളിച്ചിരുന്ന നീർക്കോലിക്കുട്ടപ്പൻ തല പൊക്കി നാവുനുണഞ്ഞു.

ഏറെ നാളായി നീർക്കോലി കുട്ടപ്പൻ ഇത്തരം ഒരു സംഘഗാനം കേട്ടിട്ട്. കുളത്തിൽ അവശേഷിച്ചിരുന്ന ചെളിവെള്ളം കുടങ്ങളിലാക്കാൻ വരുന്ന പെണ്ണുങ്ങളുടെ കലമ്പൽ ഏറെ നാളായി സഹിച്ചു. വല്ലപ്പോഴും ലഭിച്ചിരുന്ന മാനത്ത്കണ്ണിയേയും വരാലിനേയും പക്ഷികളേയും ഭുജിച്ചിരുന്ന അവന് മാനത്ത് തലപ്പ് കരിഞ്ഞു മണ്ട വീഴാറായ തെങ്ങിൻ മുകളിലെ ചെല്ലി കാർന്നു തിന്നു ചവച്ചു തുപ്പപ്പെട്ട കുരുത്തോലകളുടെ തണൽ മാത്രമായിരുന്നു അന്നൊക്കെ ഏക ആശ്വാസം.

അവന്റെ പൂർവ്വകാലചരിത്രം ഒരു കറുത്ത സ്മൃതിയാണ്. അതിവിടെ ഒരു മനുഷ്യനായിപ്പോയതിന്റെ അൽപ്പം ജാള്യതയോടെയാണെങ്കിലും വിവരിക്കാൻ ആഗ്രഹിക്കുന്നു.

അകാലത്തിൽ പിറന്ന വരൾച്ചാഭൂതത്തിന്റെ പിടിയിൽ അമർന്നു ചാപിള്ളയായിപ്പോയ പുഴകളും തൊടിയിലെ കിണറുകളും വരണ്ടുണങ്ങിയ മലയടിവാരത്തെ നീർച്ചാലുകളും നീർക്കോലിക്കുട്ടപ്പന് അഭയം നൽകിയിരുന്നില്ല.

പ്രസംഗങ്ങൾ ഘോരഘോരം മുഴക്കുകയും ജലാശയങ്ങൾക്കായി വാദിച്ച് തളരുമ്പോൾ തലയിൽ മുണ്ടിട്ട് ബാറുകളുടെ ശീതീകൃതപാർലറുകളിൽ അഭയം തേടുകയും ചെയ്തിരുന്ന കപടപരിസ്ഥിതിവാദികൾ അവന് തുണയേകിയില്ല.

കായൽക്കരയിൽ ഇട തൂർന്ന് വളർന്നിരുന്ന കണ്ടൽക്കാടുകൾ കൈയേറി റിസോർട്ട് നിർമ്മിച്ച സ്വാർത്ഥ മനുഷ്യരുടെ കറുത്ത കൈകൾക്ക് നേരെ പ്രതികരിക്കാൻ ഒന്ന് മുഷ്ടി ചുരുട്ടുവാൻ അവന് കൈകൾ ഇല്ലാതിരുന്നതിനാൽ തന്റെ വാസസ്ഥാനം നഷ്ടപ്പെടുത്തിയ മനുഷ്യർക്കെതിരെ പ്രതികരിക്കാൻ നിൽക്കാതെ തന്റെ മുന്നിൽ അവശേഷിച്ചിരുന്ന പലായനം എന്ന മാർഗ്ഗം സ്വീകരിച്ച അവൻ ഒടുവിൽ കണ്ടെത്തിയ അഭയസ്ഥാനമായിരുന്നു, ആ വരണ്ടുണങ്ങാറായ കുളത്തിനടിയിലെ ജലസസ്യങ്ങളുടെ ചെറുപൊന്ത.

കപടവികസനത്തിന്റെ പേര് പറഞ്ഞ് നൂറ് മേനി നൽകിയിരുന്ന നല്ല ചെമ്പാവരിപ്പാടം ജെ.സി.ബിയുടെ നീളൻ തുമ്പിക്കൈകളാൽ നികത്തപ്പെട്ട് നിർമ്മിതമായ കോൺക്രീറ്റ് കാടുകൾ വളർന്നു പന്തലിച്ചു കിടപ്പാടം നഷ്ടപ്പെട്ടവരായിരുന്നല്ലോ നമ്മളുടെ തവളക്കൂട്ടവും.

ഒടുവിൽ നാട്ടിലെ വയോധികനായ പിള്ളച്ചേട്ടൻ നികത്താൻ സമ്മതിക്കാതെ കേസ് കൊടുത്തു. ഇട്ടിരുന്ന നാല് പറ കണ്ടത്തിലെ വരമ്പത്ത് പ്രകൃത്യാ നിർമ്മിതമായ മാളത്തിലെ അഭയം കണ്ടെത്തിയ വയായിരുന്നല്ലോ ആ തവളക്കൂട്ടവും.

പിള്ളച്ചേട്ടൻ സമ്പൂർണ്ണജൈവകൃഷി ചെയ്തിരുന്നത് കൊണ്ട് മാത്രമായിരുന്നു അവർക്ക് അതിജീവനം സാധ്യമായിരുന്നത്. അവിടെ പാടത്തെ കുഴൽപ്പുഴുക്കളേയും ചാഴികളേയും ശത്രുപ്രാണികളെയും തിന്നൊടുക്കി അവർ പിള്ളച്ചേട്ടന് സൗജന്യമായി പ്രത്യുപകാരവും ചെയ്തു നൽകിയിരുന്നു. അത് കൊണ്ട് പിള്ളച്ചേട്ടന് അവരെ വലിയ കാര്യവുമായിരുന്നു.

അങ്ങിനെ കഴിഞ്ഞ് വരവേയാണ് ഈ മഴ പെയ്തത്. അവരെ സംബന്ധിച്ചിടത്തോളം അവിചാരിതമെങ്കിലും സർക്കാരിനെ സംബന്ധിച്ചും കാലാവസ്ഥാനിരീക്ഷണകേന്ദ്രത്തെ സംബന്ധിച്ചും ആ മഴ പ്രവചനീയമായ ഒന്നായിരുന്നു.

കാരണം, മഴ തന്നെ അവരുടെ സൃഷ്ടി ആയിരുന്നുവല്ലോ!!

സിൽവർ ഇക്കോഡിട് പരലുകളിൽ വിമാനച്ചിറകുകളിൽ ഫിറ്റ് ചെയ്ത കുഴലുകളിൽ ഘടിപ്പിച്ച് മേഘങ്ങളിൽ വർഷിച്ച് കൃത്രിമമഴ സൃഷ്ടിച്ചവർ ആ ദൗത്യത്തോടെ ദേവേന്ദ്രന്റെ പണി ഏറ്റെടുത്തു. അത് വഴി കുറെ വോട്ട്ബാങ്കുകൾ കൂടി സൃഷ്ടിച്ചു. ബ്രഹ്മാവിന്റെ പണിയും ചെയ്തു.

യേത്...? സൃഷ്ടി കർമ്മമേ....!

ഹാ...! അങ്ങിനെ അപ്രതീക്ഷിതമായി പെയ്തു തുള്ളിച്ച ആ മഴയിൽ... അല്ല, കൃത്രിമമഴയിൽ....

സംഘഗാനം കഴിഞ്ഞു തുള്ളിച്ചാടി മറിയുന്ന തവളക്കുട്ടപ്പന്മാരിൽ ഒരുവനായ രാജപ്പൻ തവളയ്ക്ക് ആറാം ഇന്ദ്രിയത്തിൽ നിന്നും അറിയാതെ ഒരു ഗന്ധം ലഭിച്ചു. അത് നമ്മുടെ നീർക്കോലിക്കുട്ടപ്പന്റേതായിരുന്നു. രാജപ്പൻ ആദ്യം അത് കാര്യമാക്കിയില്ല. അവൻ നൃത്തം തുടരവേ, അടുത്തുള്ള പുൽക്കാട്ടിൽ നിന്നും ഒരു ഇലയനക്കം. നമ്മുടെ നീർക്കോലിക്കുട്ടപ്പന്റെ വരവാണ്. ഇതറിഞ്ഞ് രാജപ്പൻ തവള ഉച്ചത്തിൽ വിളിച്ചു പറഞ്ഞു.

"അപകടം. അപകടം."

ഇത് കേട്ട് മറ്റ് തവളകൾ പരിഭ്രാന്തരായി. അവർ അന്യോന്യം നോക്കി. ഇലയനക്കം കൂടിക്കൂടി വന്നു. അപകടം മണത്ത തവളകൾ

ചിതറിയോടി. വേനലിന്റെ വറുതിയിൽപ്പെട്ട് വിശപ്പുകൊണ്ട് വലഞ്ഞിരുന്ന നീർക്കോലിക്കുട്ടപ്പന് അതൊന്നും ഒരു തടസ്സമേ ആയിരുന്നില്ല.

നിമിഷങ്ങളുടെ മൗനം. മരണപ്പാച്ചിൽ. നീർക്കോലിക്കുട്ടപ്പന്റെ വായിൽ നിന്നും ഉയർന്ന് കേട്ട ദീന വിലാപം പാവം നമ്മുടെ പാട്ടുകാരൻ നേതാവിന്റേതായിരുന്നു.

ഒടുവിൽ നേതാവില്ലാത്ത ആ തവളക്കൂട്ടം നമ്മുടെ രാജപ്പൻ പാട്ടുകാരനെ നേതാവായി അഭിഷേകം ചെയ്തു. ആ സാങ്കൽപ്പിക മഴ പെയ്തൊഴിഞ്ഞു.

ചിതറിത്തെറിച്ചുപോയ ആ തവളക്കുട്ടപ്പന്മാരുടെ രാജാവായി അഭിഷേകം ചെയ്യപ്പെട്ട രാജപ്പൻതവളയെ ആഘോഷപൂർവ്വം ആനയിച്ചു പിള്ളച്ചേട്ടന്റെ പാടത്തേയ്ക്കു പോയ തവളക്കുട്ടപ്പന്മാർ അന്തം വിട്ടു കുന്തം വിഴുങ്ങി നോക്കി നിന്ന് ആ കാഴ്ച കണ്ടു!

മണ്ണ്മാന്തികളും ടിപ്പറുകളും മേഞ്ഞു നടന്ന മൈതാനമായ ആ പാടത്തെ ചെമ്മൺ കൂനകൾക്കിടയിൽ ഞെരിഞ്ഞമർന്ന് ആ പാടവും അന്ത്യശ്വാസം വലിച്ചിരുന്നു, അപ്പോൾ.

അത് വഴി നടന്ന് പോയ ആരോ പറഞ്ഞ് കേട്ടു.

"കേസ് തോറ്റതിന്റെ മനഃപ്രയാസത്തിലാ പിള്ളച്ചേട്ടൻ പോയത്. എന്താ ചെയ്ക? ഈ പാടം മാത്രമേ നികത്താതെ ബാക്കി ഉണ്ടായിരുന്നുള്ളു. അതും പോയി."

"അതെയതെ. കഷ്ടം തന്നെ. പിള്ളച്ചേട്ടൻ പോകാൻ കാത്തിരുന്നു മക്കൾക്ക് അത് നികത്താൻ."

രാജപ്പന്റെ കാതുകളിൽ പതിച്ച കൂരമ്പുകളായിരുന്നു അവരുടെ വാക്കുകൾ. സാമ്രാജ്യം നഷ്ടപ്പെട്ട രാജാവായ അവൻ ഖിന്നനായത് തന്റെ വാസസ്ഥലം നഷ്ടപ്പെട്ടതിൽ മാത്രമായിരുന്നില്ല. നല്ലവനായ പിള്ളച്ചേട്ടന്റെ നിര്യാണത്തോടെ സമ്പൂർണ്ണനാശത്തിലേയ്ക്ക് താൻ ജനിച്ച് വളർന്ന മണ്ണും വഴുതി വിഴുങ്ങാമല്ലോ എന്ന് കൂടി ഓർത്തായിരുന്നു.

പുഴയും വയലും മണ്ണും മരങ്ങളും കാടും മലകളും എല്ലാം ഇടിച്ചു നിരത്തിയും മലിനമാക്കിയും നികത്തി മാളികകൾ പണിയുന്ന മനുഷ്യജാതിയുടെ അന്തമില്ലാത്ത പോക്കിൽ അവന്റെ മനസ്സും ഖിന്നമായി

ഒടുവിൽ രാജ്യമില്ലാത്ത രാജാവായ അവൻ തന്റെ തവളപ്പടയേയും നയിച്ച് കൊണ്ട് അടുത്ത നീർക്കുമിളകൾ ഉള്ളിടം നോക്കി പ്രയാണം ആരംഭിച്ചു.

അവരുടെ ദൃശ്യങ്ങൾ അബോധമണ്ഡലത്തിൽ നിന്നും സാവകാശം മാഞ്ഞ് തുടങ്ങി. ബോധതലത്തിലേയ്ക്ക് ഒരു ചെറുകൊഞ്ചൽ നാദം കടന്നുവന്ന് കാതുകളിൽ പതിച്ചു.

എന്റെ മുഖത്തു വീണ കുറേ വെള്ളത്തുള്ളികൾ ഉറക്കച്ചടവോടെ തുടച്ചു കളഞ്ഞു. മുഖത്ത് വെള്ളമൊഴിച്ചുണർത്തിയ കൊച്ചുമകനെ ചാടിപ്പിടിച്ച് കവിളത്ത് ഒരു കൊച്ചുകടി സ്നേഹപൂർവ്വം കൊടുക്കുമ്പോൾ സ്വപ്നത്തിൽ കണ്ട നീർക്കോലിക്കുട്ടപ്പനായി സ്വയം പരിവർത്തനപ്പെടുകയായിരുന്നു ഞാൻ.

16. അകലുന്ന അമ്പലമണിനാദം

അവൻ വളരെ മിടുക്കനായിരുന്നു. പഠനത്തിലും പാഠ്യേതര പ്രവർത്തനങ്ങളിലും മികവ് പുലർത്തിയിരുന്ന, അദ്ധ്യാപകരുടേയും സഹപാഠികളുടേയും പ്രിയങ്കരനായ വിദ്യാർത്ഥി.

എന്റെ അനുജനോടൊപ്പം ഒരേ ക്ലാസ്സിൽ ഒരേ ബഞ്ചിൽ പഠിച്ചിരുന്ന അവനോട് സഹോദരതുല്യമായ വാത്സല്യം എനിക്ക് ഉണ്ടായിരുന്നു.

കുട്ടിക്കുറുമ്പിയായ അനുജത്തിയുടെ കൈയും പിടിച്ച് കൊയ്തൊഴിഞ്ഞ പാടവരമ്പിലൂടെ ഉല്ലാസത്തോടെ അവൻ സ്കൂളിലേയ്ക്ക് നടന്നു വരുന്ന കാഴ്ച ഇന്നും കണ്ണുകളിൽ ബാക്കിയാണ്.

മുതിർന്നപ്പോൾ എന്റെ ജോലി തിരക്കുകളുടെ ആഴങ്ങളിൽ വഴി തെറ്റി നാട്ടിൽ നിന്നും അകന്നു പോയ എനിക്ക്, കുറേ നാൾ അവനെക്കുറിച്ച് ചിന്തിക്കാൻ പോലും സമയം ലഭിച്ചിരുന്നില്ല.

വിവിധ നാടുകളിൽ വിവിധ ഭാഷകൾ സംസാരിക്കുന്നവരോടൊപ്പം വ്യത്യസ്തമായ സാംസ്കാരിക പശ്ചാത്തലത്തിൽ എന്റെ ജീവിതം ഇഴ പിരിഞ്ഞുപോയ തായ്വേര് പോലെ വഴി തെറ്റിപ്പോയിരുന്നു.

ഇടയ്ക്ക് നാട്ടിൽ വരുമ്പോൾ, അവനെക്കാണുമ്പോൾ, ചെറു പുഞ്ചിരിയിൽ സ്വയം ഞാൻ ഒതുങ്ങാൻ ശ്രമിച്ചിട്ടും അതിനനുവദിക്കാതെ എന്റെ അടുക്കലേയ്ക്ക് ഓടിയെത്തി വിശേഷം തിരക്കുന്നതിന് അവൻ മടി കാട്ടിയില്ല.

നാട്ടിലെ ആർട്സ് ക്ലബ്ബിലെ സജീവപ്രവർത്തകനായിരുന്നു അവൻ. നാട്ടിലെ എല്ലാ വിശേഷങ്ങളിലും അവന്റെ സാന്നിദ്ധ്യം പ്രകടമായിരുന്നു. ഒരു കല്യാണമോ ഗൃഹപ്രവേശമോ നൂല്കെട്ടോ ആകട്ടെ എല്ലാത്തിനും സഹായിയായി അവൻ അവിടെ ഉണ്ടാകും.

അവന്റെ വീടിനു മുന്നിലൂടെ ആയിരുന്നു എന്റെ യാത്രകൾ. ചിലപ്പോഴെല്ലാം അവിടം കടന്നു പോകുമ്പോൾ അറിയാതെ അവന്റെ മുഖം മനസ്സിൽ തെളിയുമായിരുന്നു.

ഇടയ്ക്ക് തൊഴിലില്ലാതെ ഞാൻ നാട്ടിൽ വെറുതെ നിൽക്കേണ്ട സാഹചര്യം ഉണ്ടായി. ആ സമയത്തെ സായാഹ്നങ്ങളിൽ അമ്പലമുറ്റത്തെ ആൽമരച്ചോട്ടിലെ കൽക്കെട്ടിൽ ഇരുന്ന് സൊറ പറയുവാനും ക്ലബ്ബിലെ മൂടുപോയ ബാഡ്മിന്റനുകൾ കൊണ്ട് വലിച്ചു കെട്ടിയ വലയ്ക്കപ്പുറവും ഇപ്പുറവും നിന്ന് കോർക്ക് തട്ടി കളിക്കാനും അമ്പലത്തിലെ ദീപാരാധനയ്ക്ക് എനിക്കൊപ്പം മണിയടിക്കാനും സൗഹൃദത്തിന്റെ മധുരക്കൽക്കണ്ടം പകരാനും അവനേ ഉണ്ടായിരുന്നുള്ളൂ.

കാലം പിന്നെയും കടന്നു പോയി. അവൻ ബിരുദവും ബിരു

ദാനന്തരബിരുദവും പൂർത്തിയാക്കി. ഒരദ്ധ്യാപകൻ ആവാനുള്ള അവന്റെ സ്വപ്നം പൂവണിഞ്ഞു. പി.എസ്.സി വഴി വയനാട്ടിലെ തണുപ്പുള്ള പ്രഭാതങ്ങളുടെ പൊന്നണിയുന്ന ഒരു വിദ്യാലയത്തിൽ ആദിവാസിക്കുട്ടികൾ ഉൾപ്പെടെയുള്ള പിന്നാക്ക ജനത അധിവസിക്കുന്ന ഗ്രാമത്തിലെ സർക്കാർ പള്ളിക്കൂടത്തിൽ അദ്ധ്യാപകനായി ചുമതലയേറ്റു.

വിജയശതമാനം തീരെക്കുറവായിരുന്ന ആ സ്കൂളിനെ ജില്ലയിലെ ഏറ്റവും മികച്ച വിദ്യാലയമാക്കി മാറ്റുന്നതിന് അവൻ വഹിച്ച പങ്ക് വളരെ ബൃഹത്തായിരുന്നു. മറ്റദ്ധ്യാപകരുടേയും രക്ഷകർത്താക്കളുടേയും പ്രിയപ്പെട്ട മാഷായി മാറിയ അവന്റെ പ്രവർത്തനങ്ങൾക്ക് മികച്ച അദ്ധ്യാപകനുള്ള സംസ്ഥാന പുരസ്കാരം ലഭിച്ചു.

ആയിടയ്ക്കായിരുന്നു അവന്റെ പെങ്ങളുടെ വിവാഹം. ആ വിവാഹത്തിൽ പങ്കെടുക്കാൻ എത്തിയതായിരുന്നു അവൾ. അന്യമതസ്ഥയായ പെൺകുട്ടി. അവളുടെ കരിനീലമിഴികളുടെ വശ്യത അവന്റെ ഹൃദയം കവർന്ന് പ്രണയത്തിന്റെ മുന്തിരിത്തോപ്പുകളിൽ അവർ കടിഞ്ഞാണില്ലാത്ത കുതിരകളെപ്പോലെ വിഹരിച്ചു നടന്നു.

ഒരുനാൾ അവരുടെ പ്രണയരഹസ്യം പുറത്തായി. ആ ദിനം അവന്റെ വീട്ടിൽ പൊട്ടിത്തെറിയുടെ പൊട്ടിക്കരച്ചിലുകളുടെ അടങ്ങാത്ത വർഷമായിരുന്നു. എന്നിട്ടും അവൻ അവളെ ഉപേക്ഷിക്കാൻ തയ്യാറായിരുന്നില്ല. മാതാപിതാക്കളുടെ സമ്മതത്തോടെ ആശീർവ്വാദത്തോടെ ആ വിവാഹം നടക്കണമെന്ന് അവൻ വല്ലാതെ മോഹിച്ചിരുന്നു.

നല്ല ആഢ്യത്വവും ബന്ധുബലവുമുള്ള തറവാടായിരുന്നു അവന്റേത്. അവന്റെ ആൾക്കാർ പെൺകുട്ടിയുടെ വീട്ടുകാരെ ഭീഷണിപ്പെടുത്തി. പെൺകുട്ടിയെ പ്രണയത്തിൽ നിന്നും പിന്തിരിപ്പിക്കാൻ ശ്രമിച്ചു. അവളുടെ മനസ്സും ഇളകിയില്ല.

മൂന്ന് സെന്റ് സ്ഥലത്തെ കൊച്ചുവീട്ടിൽ അകലങ്ങളിലേയ്ക്ക് മിഴിനട്ട് ചന്ദ്രവെളിച്ചമേറ്റ് ശശിരേഖയിൽ അവന്റെ പുഞ്ചിരിക്കുന്ന മുഖം ദിവാസ്വപ്നം കണ്ട് മിഴിനീരൊഴുക്കി നിൽക്കുക അവളുടെ പതിവായിരുന്നു. അവന്റെ ബന്ധുക്കൾ നിലാവൊഴുക്കി വറ്റിക്കാൻ ശ്രമിക്കുന്ന അവളുടെ ഹൃദയത്തിലെ അനുരാഗതടാകം എതിർപ്പുകളുടെ ചുടുമഴയിൽ നിറഞ്ഞുകൊണ്ടേയിരുന്നു.

നാളുകൾ കടന്നു പോയി അവന് വീട്ടുകാർ വേറെ വിവാഹാലോചനകൾ കൊണ്ടുവന്നു. എല്ലാം തട്ടിത്തെറിപ്പിച്ചു കൊണ്ടിരുന്നു, അവൻ. ഒരിക്കൽ അവന്റെ അമ്മ ഒരു കല്യാണാലോചന കൊണ്ടു വന്നു.

അവധിക്കാലത്ത് നാട്ടിൽ എത്തിയ അവനെ പെണ്ണ് കാണാൻ അമ്മ നിർബ്ബന്ധിച്ചു വിളിച്ച് കൊണ്ടുപോയി. ഡോക്ടർ ആണ് പെൺകുട്ടി. നല്ല വെണ്ണയുടെ നിറവും ആകാരഭംഗിയും തറവാട്ടുമഹിമയും. ഇഷ്ടമില്ല എന്ന് കരഞ്ഞ് നിർബ്ബന്ധിച്ചിട്ടും വീട്ടുകാർ അവൻ അറിയാതെ കല്യാണം ഉറപ്പിച്ചു.

അമ്മ മുഴക്കിയ ആത്മഹത്യാ ഭീഷണിക്ക് മുന്നിൽ അവന് വഴ ങ്ങേണ്ടി വരും എന്ന ഘട്ടം എത്തി.

വീട്ടിൽ അതേചൊല്ലി സംസാരം നടന്നു. അവന്റെ അച്ഛൻ അവനെ ചെകിട്ടത്ത് അടിച്ചു. ആ വേദനയിൽ അവന്റെ കണ്ണ് നിറഞ്ഞൊ ഴുകി.

അന്ന് രാത്രി അവൻ അൽപ്പം നേരത്തെ കിടന്നു. കിടക്കുന്നതി നുമുമ്പേ സഹോദരിയുടെ മക്കളെ ചേർത്തു പിടിച്ചു. അവർക്ക് കുറേ ചോക്ലേറ്റുകൾ നൽകി നെഞ്ചിൽ കിടത്തി കുറെ കഥകൾ പറഞ്ഞു കൊടു ത്തു. മൂർദ്ധാവിൽ ഉമ്മകൾ പകർന്നു. അവരെ അമ്മമ്മയുടെ മുറിയി ലാക്കി ഒന്നും മിണ്ടാ തെ കതക് ബന്ധിച്ചു.

വെളുപ്പിന് ആറര മണി. കുട്ടികൾ ആ മുറിയിൽ തട്ടി വിളിച്ചു. കതക് തുറക്കപ്പെട്ടില്ല. ആള് കൂടി എത്ര വിളിച്ചിട്ടും തുറക്കാത്തത് കൊണ്ട് കതക് വെട്ടിപ്പൊളിച്ചു എല്ലാവരും അകത്ത് കയറിയപ്പോൾ കണ്ട കാ ഴ്ച.... ഫാനിന്റെ ഹുക്കിനുള്ളിൽ പിണച്ചു കെട്ടിയ ബെഡ്ഷീറ്റിന്റെ കുരുക്കിൽ തൂങ്ങിയാടുന്ന അവന്റെ ദേഹം.

അവനെഴുതിയ വാചകം. നഷ്ടമാക്കാൻ തയ്യാറല്ലാത്ത എന്റെ പ്രണയത്തിന് ഇനിയും വെല്ലുവിളി ഉയർത്താൻ ആകില്ല... ആർക്കും.

ഇനിയൊരു ജന്മമുണ്ടെങ്കിൽ അവൾക്കായ് ഉയിരും ഉടലും പകു ത്തുവെയ്ക്കാൻ മാത്രം...

ഈ ജന്മം, ഈ ഉടൽ...ഞങ്ങളുടെ രക്തത്തിനായി ദാഹിച്ചവർക്ക് മരണത്തിനു പോലും പിരിക്കാനാകാത്ത ഞങ്ങളുടെ സ്നേഹത്തിന്റെ ആഴം നിങ്ങൾക്കെല്ലാം മനസ്സിലാക്കാൻ എന്റെ ജീവൻ കൊണ്ട് തുലാ ഭാരം... അതാണെന്റെ മരണം.”

ആ കത്ത് വായിച്ച അമ്മ കുഴഞ്ഞു വീണു. അച്ഛൻ പൊട്ടിക്കര ച്ചിലിന്റെ വക്കിൽ

അവന്റെ പ്രണയത്തെ എതിർത്തവർ എല്ലാം തലയിൽ കൈ വെച്ചു. ചിലർ അടക്കം പറഞ്ഞു. ചില നാട്ടുകാർ അവനെ കുറ്റപ്പെടു ത്തി.

“ഒരു അന്യമതസ്ഥയ്ക്ക് വേണ്ടി അവൻ മരിക്കണമായിരുന്നോ?”

അന്ന് ചോദിച്ചു

അവന്റെ മരണവാർത്തയറിഞ്ഞ അവൾ മോഹാലസ്യപ്പെട്ടു. ഹൃദയം പൊട്ടിക്കീറുന്ന വേദനയാൽ മോഹാലസ്യത്തിൽ നിന്നും ഉണർന്ന ആ ഇണയെ നഷ്ടപ്പെട്ട ക്രൗഞ്ചപ്പക്ഷി വിതുമ്പി.

നഷ്ടപ്പെട്ട നല്ല സുഹൃത്തിന്റെ ഓർമ്മകൾ പേറുന്ന ആഴത്തിൽ മുറിവേറ്റ മനസ്സുമായി ഞാനും അവന്റെ ഗൃഹത്തിലെത്തി. പോസ്റ്റുമോർട്ട ത്തിനായി കൊണ്ട് പോയിരുന്ന അവന്റെ ചലനമറ്റ ദേഹം തിരികെ എത്താത്തതിനാൽ ഞാൻ അറിയാതെ മിഴിനീർ ഒഴുക്കിക്കൊണ്ട് സ്ഥലം വിട്ടു.

മനസ്സിൽ നിറഞ്ഞു നിൽക്കുന്ന ഓജസ്സുള്ള അവന്റെ സ്നേഹ സ്വരൂപം മനസ്സിൽ നിന്നും മായാതിരിക്കാൻ, അവനെ കുളിപ്പിച്ച് കിടത്തിയിരിക്കുന്നതു കാണാൻ ഞാൻ പോയില്ല, ഇതു വരെ. യാഥാർഥ്യത്തിന്റെ ഭാരമേറ്റ് അമ്പലമണികൾ താനേ കിലുങ്ങുമ്പോൾ അവന്റെ ഓർമ്മകളുടെ കാറ്റ് എന്റെ ഹൃദയത്തെ സ്പർശിക്കുന്നുണ്ടായിരുന്നു.

ഓർമ്മകളുടെ നിശ്ശബ്ദദൈന്യതയിൽ ആറാടി...

17. സ്നേഹമോദകങ്ങൾ

ആ തണുത്ത തിങ്കളാഴ്ചയുടെ തെളിമയുള്ള പ്രകാശത്തിൽ പ്രഭാത സവാരിക്കിറങ്ങിയ മുത്തശ്ശി. കാഞ്ഞിരത്തിൽ വെള്ളി കെട്ടിയ വടിയും പിടിച്ച് പ്രായാധിക്യത്താൽ മങ്ങിത്തുടങ്ങിയ കാഴ്ചയുടെ നേർവെളിച്ചത്തിൽ വേച്ചുവേച്ചു നടന്നു പോകുന്നത് രാജൻ കണ്ടു.

വെള്ള അംബാസിഡർ കാറിന്റെ ഡ്രൈവിംഗ് സീറ്റിനു മുന്നിലുള്ള ഡാഷ്ബോർഡിൽ പ്രതിഷ്ഠിച്ച ഗണപതിവിഗ്രഹത്തിനു മുന്നിൽ മംഗൾദീപ് അഗർബത്തിയുടെ വശ്യസുഗന്ധപ്പുക ആരതി ഉഴിയുകയായിരുന്നു അപ്പോൾ. ആകാശത്ത് വരിവരിയായി പാറിപ്പോകുന്ന ദേശാടനക്കിളിക്കൂട്ടം വെളുത്ത മേഘങ്ങൾക്കിടയിലെ ജെറ്റ് വിമാനത്തിന്റെ പുകയെ അനുസ്മരിപ്പിച്ചു.

കുട്ടന്റെ ചായക്കടയിലെ മുറ്റത്തായിരുന്നു മുത്തശ്ശിയുടെ യാത്ര അവസാനിച്ചത്. കണ്ണാടി അലമാരയ്ക്കുള്ളിലെ ചൂടാറാത്ത മഞ്ഞമോദകം മുത്തശ്ശിയെ നോക്കി പല്ലിളിച്ചു.

"കുട്ടാ ഒരു പഞ്ചസാര ഇടാത്ത ചായ."

മുത്തശ്ശിയുടെ വിറയാർന്ന ശബ്ദം കേട്ട് കുട്ടൻ മുഖമുയർത്തി നോക്കി. ഒരു ചെറുചിരി സമ്മാനിച്ചു. രണ്ട് മക്കളാണ് കുട്ടന്. ഒരു മകളും ഒരു മകനും. ചെറുക്കൻ മഹാതല്ലുകൊള്ളിയാണ്. പനയ്ക്കൽ പറമ്പിലെ ആൽമരച്ചോട്ടിൽ ചീട്ടുകളിയാണ് അവന്റെ മെയിൻ പണി. പറമ്പിലെ കളി രാത്രി വൈകുവോളം ഉണ്ടാകും. അതും കഴിഞ്ഞ് ചെറുക്കൻ നൈസിന് അയലത്തെ പറമ്പുകളിൽ തെങ്ങിന് മുകളിൽ ഡ്യൂട്ടിക്ക് കയറും. കരിക്കും ചെത്തി വെച്ചിരിക്കുന്ന കള്ള് കുടവുമാണ് ലക്ഷ്യം. ചെറുക്കൻ കാരണം കുട്ടന് നാട്ടുകാരുടെ തെറി കേൾക്കാനേ നേരമുള്ളൂ. കടയിലും കച്ചോടം കുറഞ്ഞു. നീട്ടി വളർത്തിയ വെള്ളിത്താടിയിൽ ഇടയ്ക്കിടെ തടവിയാണ് കുട്ടൻ തന്റെ ദുഃഖഭാരങ്ങൾക്ക് അൽപ്പം അയവ് കൊടുക്കുന്നത്. ആ സമയം കുഴ തിന്നു വയർ വീർത്ത ആടിനെപ്പോലെയായിരിക്കും കുട്ടന്റെ മുഖം.

മുത്തശ്ശിക്കുള്ള ചായ കൊടുക്കുമ്പോൾ കുട്ടൻ ചോദിച്ചു

"സാവിത്രി വിളിക്കാറുണ്ടോ അമ്മച്ചി?"

"അവക്കും കെട്ടിയോനും,അവിടെ ദുബായിയിൽ വലിയ തിരക്കല്ലേ? എണ്ണ കുഴിച്ചെടുക്കുന്ന വലിയ കമ്പനിയിലെ പണിയൊക്കെ കഴിഞ്ഞ് ഈ പാവം അമ്മച്ചിയെ വിളിക്കാൻ എവിടാ നേരം?"

ദുഃഖത്തോടെ അമ്മച്ചി പ്രതിവചിച്ചു.

"ഓണത്തിനും നാട്ടിൽ അവർ വന്നില്ല. അല്ലിയോ?"

കുട്ടൻ ചോദിച്ചു.

“അല്ലടാ കുട്ടാ. അവർക്ക് ഈ നാട്ടുംപുറം ഒക്കെ മടുത്തു കാണും.”

ഈ സംഭാഷണം ശ്രവിക്കുകയായിരുന്ന നാണുമാഷ് പത്രപാരായണത്തിന് അർദ്ധവിരാമം നൽകി മുഖം ഉയർത്തി, തന്റെ അർദ്ധവൃത്താകൃതക്കണ്ണടയ്ക്കിടയിലൂടെ അവരെ നോക്കി ചിരിച്ചു.

ഒന്നു നീണ്ട നെടുവീർപ്പ് മുത്തശ്ശിയുടെ കണ്ഠത്തിൽ നിന്നും ഉയർന്നു നാദാസ്വരങ്ങളിലൂടെ പുറത്തു വന്നു, അറിയാതെ.

ചായ കുടിച്ചു തീർത്ത് മുണ്ടിന്റെ കോന്തലയിൽ നിന്നും നാണയത്തുട്ടുകൾ പെറുക്കി കുട്ടന് കൊടുത്ത് മടങ്ങുമ്പോൾ ഏകാന്തമായ ഇരുട്ടറയിലേയ്ക്ക് ചുവട് വെയ്ക്കുന്ന പോലെ തോന്നി, അവർക്ക്. ആരും നോക്കാനില്ലാതെ ഏകരായി പോകുന്ന അനേകം വൃദ്ധരിൽ ഒരുവളായി വീട്ടിലേയ്ക്ക് മടങ്ങുമ്പോൾ ശൂന്യമായ ലോകത്തെ ചില്ലലമാരയിലെ സ്നേഹമോദകങ്ങൾ അവരെ നോക്കി വാ പൊളിക്കുന്നുണ്ടായിരുന്നു. വഴിപാടിന് വെച്ച കുരുതിക്കോഴിയെപ്പോലെ, അപ്പോഴും...

വെളുത്ത ചുട്ടിത്തോർത്തും അറ്റം കീറിയ പെറ്റിക്കോട്ടുമിട്ട് കൂട്ടുകാരോടൊപ്പം പുഴക്കടവിൽ ആടിപ്പാടി ഉല്ലസിച്ചിരുന്ന കാലം. സാവിത്രിയുടെ നീന്തൽ വേഗം മറികടക്കാൻ കുട്ടികൾക്ക് പോലും ആകുമായിരുന്നില്ല. പുഴയിറമ്പിലെ പരന്ന പാറക്കല്ലിന് മുകളിൽ കഴുകാനുള്ള തുണിക്കെട്ടും എടുത്ത് വെച്ച് ഉരകല്ലിൽ സോപ്പ് പതിപ്പിച്ച് അടിച്ച് നനച്ച് കഴുകുന്ന അവളുടെ അമ്മയും മുത്തശ്ശിയും അവളുടെ കള്ളക്കുസൃതികൾക്ക് തടസ്സം പിടിക്കാറില്ലായിരുന്നു. അച്ഛനില്ലാത്ത കുട്ടിയായത് കൊണ്ട് സാവിത്രിയെ എല്ലാവർക്കും വലിയ കാര്യമായിരുന്നു. അമ്പലനടയിൽ പേരാലിന്റെ നീണ്ട തുമ്പിക്കൈപോലെ വളർന്ന വേരുകളിൽ അവൾ ഊഞ്ഞാലാടുന്നതു കാണുമ്പോൾ തലയെടുപ്പിൽ മുമ്പനായ ഗുരുവായൂർ പത്മനാഭന്റെ മസ്തകത്തിൽ തിടമ്പേറി എഴുന്നള്ളുന്നത് കാണുമ്പോഴുള്ള ഒരു സുഖമായിരുന്നു, എല്ലാവർക്കും. പൂവാലിപ്പയ്യിന്റെ അകിടിൽ നിന്നും ആരും കാണാതെ പാൽ കറന്നു അമ്മിണിച്ചേച്ചിയുടെ ചായക്കടയിൽ കൊണ്ടുകൊടുത്ത് പകരം എള്ളിൻ മിഠായി വാങ്ങുക, മനയ്ക്കലെ തോട്ടപ്പറമ്പിൽ തോട്ടക്കാരൻ കാണാതെ ഇഷ്ടം പോലെ കശുമാങ്ങയും നെല്ലിക്കയും പറിക്കുക, അയൽപ്പക്കത്തെ മൂവാണ്ടൻമാവിൽ കൊച്ചണ്ണാനെപ്പോലെ വലിഞ്ഞു കയറി ആരും കാണാതെ മാമ്പഴം പറിച്ചു തിന്നുക, ഇതെല്ലാം അവളുടെ ഹോബിയായിരുന്നു. നാട്ടുകാരിൽ ചിലർ അവളെ മരംകേറി എന്നു വിളിച്ചു. മറ്റു ചിലർ അവളെ കളിയാക്കി,. ഒരിക്കൽ തോട്ടക്കാരൻ അവളെ പിടി കൂടി, ചൂരൽ വടിക്ക് നല്ല അടി കൊടുത്തു. എങ്കിലും അവളെ എല്ലാവർക്കും ഇഷ്ടമായിരുന്നു. അവളുടെ നിഷ്കളങ്കമായ പുഞ്ചിരി

യും, കൊഞ്ചിയുള്ള വർത്തമാനവും അവളെ നാട്ടുകാരുടെ പ്രിയങ്കരിയാക്കി. സാവിത്രിയെ വളർത്താൻ അവളുടെ അമ്മ ഒരുപാട് കഷ്ടപ്പെട്ടു. കായൽക്കരയിലെ കയർഫാക്ടറിയിൽ തൊണ്ട് തല്ലലായിരുന്നു അവർക്ക് പണി. തൊണ്ട് തല്ലി കിട്ടുന്ന നിസ്സാരതുകയ്ക്ക് തന്റെ ആവശ്യങ്ങളേക്കാൾ സാവിത്രിയുടെ ആവശ്യങ്ങൾ നിറവേറ്റാനാണ് അവർ ശ്രമിച്ചിരുന്നത്. അവളെ അന്നും ഒരു സുന്ദരിക്കുട്ടിയായി ഒരുക്കിക്കൊണ്ടു നടക്കുന്നതിൽ അവർ താൽപ്പര്യം കാണിച്ചിരുന്നു.

കാലം യൗവ്വനത്തിന്റെ മൂടുപടം അവൾക്കുമേലും മാറ്റങ്ങളുടെ പൂരക്കുടമാറ്റം നടത്തി. സാവിത്രിയുടെ അധരങ്ങൾ തൊണ്ടിപ്പഴം പോലെ ചുവന്നു. കവിളിണകളിൽ കനകാംബരങ്ങൾ വിടർന്നു. മേനിയിൽ കസ്തൂരിഗന്ധം പടർന്നു. കാണുന്നവർക്കെല്ലാം അവളുടെ മാദകഭംഗി കുളിർമഴയായി. ഒപ്പം അവളുടെ സ്വഭാവത്തിന് പക്വതയും നൈർമല്യവും കൈവന്നു. അങ്ങനെ ഇരിക്കെ നിഷ്കളങ്കയായിരുന്ന അവളുടെ ജീവിതം മാറ്റി മറിച്ച ദിവസം വന്നെത്തി. ആ ദിവസം ഒരു വെള്ളിയാഴ്ചയായിരുന്നു. പ്രണയത്തിന്റെ ആദ്യവല്ലരി മൊട്ടിട്ട സുദിനം.

ചീറിപ്പാഞ്ഞു വന്ന ഫോറിൻ കാറിൽ വന്നിറങ്ങിയ വെളുത്ത് മെല്ലിച്ച് ജീൻസും നീളൻ കുർത്തയും ഇട്ട സുമുഖനായ ചെറുപ്പക്കാരൻ. ജെയിം സ്. അതായിരുന്നു അവന്റെ പേര്. അയൽപ്പക്കത്തെ വീട്ടിലെ മിഥുന്റെ സുഹൃത്തായിരുന്നു, അവൻ. ലണ്ടനിൽ എം.ബി.എയ്ക്ക് പഠിക്കുന്നു. മിഥുന്റെ വീട്ടിൽ സ്ഥിരം പാൽ വാങ്ങുന്നത് സാവിത്രിയുടെ വീട്ടിൽ നിന്നായിരുന്നു.

സാവിത്രിയെ ആദ്യം കണ്ടപ്പോൾ താനേ അവളുടെ മാന്മിഴികൾ ജെയിംസിന്റെ മനസ്സിൽ ഉടക്കി. വനദേവതയെപ്പോലെ സുന്ദരിയായ അവളുടെ കണ്ണുകളിൽ തിളങ്ങിയ നാണത്തിന്റെ വിഷുക്കൈനീട്ടം അവന്റെ ഹൃദയം പ്രഥമദർശനാനുരാഗമായി ഏറ്റെടുക്കുകയായിരുന്നു. അവളുടെ മനസ്സിന്റെ വള്ളികളിലും കുറേ മുന്തിരിപ്പൂവുകൾ വിടർന്നു.

കാലം കഴിയവേ കത്തുകളിലൂടെയും നേരിട്ടുള്ള സംവാദങ്ങളിലൂടെയും ആ പ്രണയം നീലാകാശത്തിന്റെ അതിർവരമ്പുകൾ ഭേദിച്ച് വെട്ടുക്കിളികളെപ്പോലെ ലക്ഷ്യമില്ലാതെ പറന്ന് നടന്നു.

ഗോമതി. സാവിത്രിയുടെ അമ്മയെ മരണത്തിന്റെ കയങ്ങളിലേയ്ക്ക് എടുത്തെറിയപ്പെട്ട ശപിക്കപ്പെട്ട ആ ദിനം വന്നണഞ്ഞു. ചുഴലികൾ അടിയൊഴുക്കായി കറങ്ങിക്കൊണ്ട് കുളിക്കാൻ പോയ ദിവസം അവളുടെ അമ്മയെ ആഴങ്ങളിലേയ്ക്ക് കൂട്ടിക്കൊണ്ടുപോയ ആ ദുർദ്ദിനത്തിൽ എല്ലാം നഷ്ടപ്പെട്ട രണ്ട് പേരുടെ വിലാപങ്ങൾ കത്തിയൊടുങ്ങും വരെ ആ കൊച്ചുവീടിനെ ചൂഴ്ന്നു നിന്നു. അയൽക്കാരുടെ അടക്കം പറച്ചിലുകളും,മുനവെച്ച വാക്കുകളുടെ കൊത്തിപ്പറിക്കലുകളും.

“സാവിത്രിയുടെ പ്രണയം കാരണമാണ് അവളുടെ അമ്മ ആത്മ

ഹത്യ ചെയ്തത്.”

കുറ്റപ്പെടുത്തലുകൾ അവളെ ഏറെ വേദനിപ്പിച്ചു. നാട്ടുകാരെ ഒരു തരത്തിലും കുറ്റം പറയാനാകുമായിരുന്നില്ല. അന്യമതത്തിൽപ്പെട്ട ഒരുവനെ പ്രണയിച്ചതിന് അവളും അമ്മയുമായി ശണ്ഠ കൂടിയിട്ട് ഒരു ദിവസം പിന്നിട്ടതല്ലേ ഉണ്ടായിരുന്നുള്ളൂ? അപ്പോഴാണ് അവരുടെ ആക സ്മികമായ മരണം സംഭവിച്ചത്.

എല്ലാവരുടേയും ചോദ്യമുനകൾ അവൾക്ക് നേരെ നീണ്ടപ്പോൾ അവളുടെ മുത്തശ്ശിയാണ് അതിനെല്ലാം തടയായത്.

“അവളെ നിങ്ങൾ കുറ്റം പറയണ്ട അവൾ. ഇക്കാര്യത്തിൽ നിര പരാധിയാണ്. ഞാൻ ഗോമതിയോട് പറഞ്ഞതാ, ഈ കൊടുംമഴയത്ത് പുഴയിൽ പോകരുതെന്ന്. അവൾ കേട്ടില്ല. വേഗം തിരിച്ചുവരാം അമ്മേ എന്നുപറഞ്ഞു യാത്ര പോയ അവൾ മടങ്ങി വന്നില്ല അതിന് സാവിത്രി എന്തു പിഴച്ചു? അവൾ നിരപരാധിയാണ്.”

അവരുടെ വാക്കുകൾ നാട്ടുകാരെ അൽപ്പനാൾ ശാന്ത രാക്കിയെങ്കിലും സാവിത്രിയോട് എല്ലാവർക്കും ഉള്ളാൽ വെറുപ്പായി രുന്നു. അവർ ഇടയ്ക്കിടെ അവളെ കാണുമ്പോഴെല്ലാം കുത്തുവാക്കു കൾ പറഞ്ഞുകൊണ്ടേയിരുന്നു. കേട്ടുകേട്ട് അവൾക്കും ആത്മനിന്ദ തോന്നിത്തുടങ്ങി. തന്റെ വേദന അവൾ ജെയിംസുമായി പങ്കുവച്ചു. ഒടുവിൽ അവർ രണ്ടുപേരും നാടുവിടാൻ തീരുമാനിച്ചു.

തണുത്തുറഞ്ഞ വടക്കൻ കാറ്റിന്റെ ചൂട് കുളിർത്ത ചാറ്റൽമ ഴയെ കൂട്ടുപിടിച്ച് വീശിയടിച്ചു. മാനം മുട്ടെ ഉയർന്നു നിൽക്കുന്ന സ്തൂപി കാഗ്ര വൃക്ഷത്തലപ്പുകളിൽ മൂടൽ മഞ്ഞിന്റെ നേർത്ത ആവരണം സൂര്യ പ്രകാശത്തിൽ പവിഴക്കല്ലുകൾ പോലെ തിളങ്ങി. വെണ്ണ തോൽക്കുന്ന മേഘശകലങ്ങൾ കൊതിയോടെ തോണ്ടിയെടുത്ത് ആഹരിക്കുവാൻ അവളുടെ മനസ്സ് കൊതിച്ചു. ചുരം കയറിപ്പോകുന്ന വാഹനത്തിനകത്ത് ഇണക്കുരുവികളെപ്പോലെ കൊക്കുകൾ കോർത്ത് അവന്റെ നെഞ്ചിന്റെ ചൂട് പറ്റിച്ചേർന്ന് അവൾ ഇരുന്നു.

പ്രണയത്തിന്റെ പൂത്ത മരക്കൊമ്പുകൾക്കിടയിൽ മറവിയുടെ മൂടുപടങ്ങളിൽ തന്നെ മാത്രം ഓർത്ത് ജീവിക്കുന്ന അമ്മൂമ്മയുടെ ചുളു ങ്ങിത്തുടങ്ങിയ മുഖം മനഃപൂർവ്വമല്ലെങ്കിലും അൽപ്പനേരത്തേയ്ക്ക് മാഞ്ഞ് പോയി. പുതിയ ജീവിതവും പുതിയ ആകാശത്തെരുവുകളും മാത്രമായിരുന്നു അവളുടെ മനസ്സ് നിറയെ. അതിനെ സ്വാർത്ഥതയുടെ നിശാന്ധതയായി കണ്ടാലും തെറ്റ് പറയാനാകില്ല.

ഓരോ ചെറുമലകൾ കടന്ന് മൂളിക്കൊണ്ട് അവരുടെ വാഹനം പായുമ്പോഴും അകലെ സാവിത്രിയുടെ കൊച്ചുവീട്ടിൽ നിസ്സഹായ യായ ആ സ്ത്രീയുടെ ദീനവിലാപവും കൊച്ചുമകളെ ഓർത്ത് നെഞ്ച കനെരിപ്പോടിൽ ആളിയ അഗ്നിയും താപം വർദ്ധിപ്പിച്ചു. ശാപാഗ്നി സ്ഫുലിംഗങ്ങളായി ചിതറി വീണുകൊണ്ടേയിരുന്നു. അവ സാവിത്രി

യുടെ മനസ്സിൽ കുറ്റബോധത്തിന്റെ പൊള്ളൽ വീഴ്ത്തിയതേയില്ല.

ജീവശ്വാസത്തിനായി പിടയുന്ന, കരയിൽ പിടിച്ചിട്ട മത്സ്യത്തെപ്പോലെ സരോജിനി അമ്മയുടെ നെഞ്ചൊന്നു പാളി. ഏകാന്തതയുടെ ഓളപ്പരപ്പുകളിൽ ചഞ്ചലചിത്തയായി അലഞ്ഞുകൊണ്ടിരുന്ന അവർക്ക് സാവിത്രിയുടെ വരവ് അപ്രതീക്ഷിതമായ ഷോക്കായിരുന്നു സമ്മാനിച്ചത്. ഇത്രയും നാൾ താനെങ്ങിനെയാണ് ജീവിച്ചത് എന്ന് തിരക്കാത്തവൾ, കുടുംബത്തിന്റെ അഭിമാനം പണയവസ്തുവാക്കി അന്യമതസ്ഥനോടൊപ്പം ഇറങ്ങിപ്പോയവൾ.അവളുടെ തിരിച്ചു വരവ് അവരെ ഭ്രമിപ്പിച്ചില്ല.

നിസ്സംഗമായ ആ മിഴികൾ സാവിത്രിയുടെ മുഖത്തേയ്ക്ക് നോക്കി അൽപ്പനേരം നിശ്ചലമായി. അവൾക്കും ഒന്നും മിണ്ടാനായില്ല. അത്ര നാളും അടക്കി വെച്ചിരുന്ന കുറ്റബോധക്കടൽ സാവിത്രിയുടെ കണ്ണുകളിലൂടെ ധാരധാരയായി ഒഴുകി. അവളുടെ ദുഃഖം മനസ്സിലാക്കിയ ജെയിംസ് അൽപ്പനേരം മൗനിയായി. അവളുടെ മുത്തശ്ശി, ചെറുവിരൽത്തുമ്പിൽ നിന്നും ഇറ്റ് വീണ വിയർപ്പുതുള്ളിപോലെ അമ്മയുടെ ഹൃദയം ആർദ്രമായിക്കൊണ്ടിരുന്നു. അവരിലെ മാതൃഹൃദയം അജ്ഞാതമായ ഏതോ ഉൾപ്രേരണയാൽ വാത്സല്യക്കുഴമ്പായി.

സാവിത്രി അവരുടെ കാലുകളിൽ വീണു ക്ഷമ യാചിച്ചു. അവളെ പിടിച്ചെഴുന്നേൽപ്പിച്ചു. ചെകിട്ടത്തു ചെറുതായി ഒന്ന് പൊട്ടിച്ചു. കാലങ്ങളായി താൻ അടക്കി വെച്ച കദനക്കാമ്പെല്ലാം ആ അടിയിലൂടെ പുറത്തേയ്ക്ക് തികട്ടിത്തെറിച്ചു. മൂന്ന്നാല് തുള്ളി കണ്ണുനീര് സരോജിനിയമ്മയുടെ കണ്ണുകളിൽ നിന്നും പൊടിഞ്ഞു. അതിന് ശേഷം അവളെ അവർ ആലിംഗനം ചെയ്തു. അവളുടെ കുഞ്ഞിനെ എടുത്ത് നെറുകയിൽ ഉമ്മ വെച്ച് ഓമനിച്ചു. ജെയിംസ് ഇതെല്ലാം കണ്ട് മൗനിയായി നിൽപ്പുണ്ടായിരുന്നു.

“മുത്തശ്ശി എന്നോടൊപ്പം വരണം. ഇനി ഇവിടെ ഒറ്റയ്ക്ക് കഴിയേണ്ട. അവിടെ ഞങ്ങൾക്ക് നല്ല സൗകര്യമാ. മുത്തശ്ശിക്ക് ഒരു സങ്കടവും ഇനി ഞാൻ വരുത്തില്ല.”

രണ്ട് ദിവസത്തിന് ശേഷം പോകാൻ നേരം സാവിത്രി പറഞ്ഞു.

“ഇല്ല. ഞാൻ എവിടേയ്ക്കും ഇല്ല. എന്റെ അപ്പനപ്പൂപ്പന്മാരെ അടക്കിയ മണ്ണാണ് ഇത്. എന്റെ ഗോമതി ഉറങ്ങുന്ന മണ്ണ്. ഇവിടം വിട്ടു ഞാൻ എങ്ങോട്ടും ഇല്ല. എന്റെ അന്ത്യവും ഇവിടെത്തന്നെ വേണമെന്നാണ് എന്റെ ആശ. എന്നെ കാണണമെന്ന് തോന്നുമ്പോൾ നീ വരണം, ഇങ്ങോട്ട്. അതിന് നിനക്ക് കഴിയുമല്ലോ?”

അൽപ്പനിമിഷത്തെ ആലോചനയ്ക്ക് ശേഷം അവർ പ്രതിവചിച്ചു.

സാവിത്രിയുടെ മകന്റെ നെറ്റിയിൽ ഒരിക്കൽക്കൂടി ചുടുചും

ബനം ചാർത്തി അവരെ യാത്രയാക്കുമ്പോൾ സരോജിനിയമ്മയുടെ കണ്ണുകളിൽ ഉരുണ്ട് കൂടിയ ചുടുകണ്ണീർക്കണങ്ങളെ സ്വന്തം മുണ്ടിന്റെ കോന്തലയ്ക്കുള്ളിൽ ഒളിപ്പിക്കാൻ അവർക്ക് ഏറെ ശ്രമപ്പെടേണ്ടി വന്നു.

അകലേയ്ക്ക് ഓടിയകലുന്ന ആ കാറിന്റെ ചിത്രം പ്രായം തളർത്തിയ മിഴികളിൽ നിന്നും മാഞ്ഞ് മാഞ്ഞ് പോകുന്നത് സരോജിനിയമ്മ ഒഴുകിയിറങ്ങുന്ന കണ്ണുനീർച്ചാലുകൾക്കിടയിലൂടെ അവ്യക്തമായി കണ്ടുകൊണ്ടേയിരുന്നു.

ജീവിതത്തിൽ ഏകാന്തതയുടെ തുരുത്തുകൾക്ക് നിശയുടെ മദ്ധ്യയാമങ്ങളിൽ ചിതറിപ്പറക്കുന്ന മിന്നാമിന്നികൾ പകരുന്ന വെളിച്ചത്തേക്കാൾ സൗന്ദര്യമുണ്ടെന്ന് സരോജിനിയമ്മയ്ക്ക് മനസ്സിലായത് അതിന് ശേഷമുള്ള പകലുകളിൽ ആയിരുന്നു.

ഏറെ വർഷങ്ങൾ പിന്നെയും പിന്നിട്ടുപോയി.. വിശേഷവേളകളിലെല്ലാം സരോജിനിയമ്മയെ സന്ദർശിക്കാനെത്തുന്ന സാവിത്രിയുടെയും കുടുംബത്തിന്റെയും വരവുകൾ കുറഞ്ഞു തുടങ്ങി. പ്രായം ശാരീരികാരോഗ്യസൗന്ദര്യങ്ങളുടെ അസ്ഥിവാരം തോണ്ടുന്ന വിഡ്ഢിയെപ്പോലെ അവർക്ക് മുന്നിൽ കോലം കെട്ടിയാടിത്തുടങ്ങി.

വല്ലപ്പോഴും സരോജിനിയമ്മയെ തേടി വന്നുകൊണ്ടിരുന്ന സാവിത്രി കാലപ്രയാണത്തിൽ മണിയോർഡർ കവറുകളുടെ മാത്രം രൂപത്തിൽ അവതരിക്കുന്ന സ്നേഹപ്രകടനങ്ങളായി തീർന്നു. അവളും ഭർത്താവും ഇന്ന് ആഢംബരങ്ങളുടെ പറുദീസയിൽ എണ്ണപ്പാടങ്ങളുടെ നടുവിൽ പണം കായ് ക്കുന്ന കത്തുന്ന ചൂടിന്റെ സഹയാത്രികനായി തീർന്നിരിക്കുന്നു. ജെയിംസ് നടത്തുന്ന കമ്പനിയുടെ നിർവ്വഹണച്ചുമതലയാണ് സാവിത്രിക്ക്.

ആ മായാലോകത്തെ തിരക്കുകൾ തീർത്ത കാഞ്ചനത്തടവറയ്ക്കുള്ളിൽ എ.സിയുടെ കുളിര് തീർക്കുന്ന മധു നുകർന്ന് മത്ത് പൂണ്ട അനേകരിൽ ഒരുവളായി പ്രവാസത്തിന്റെ കടലലയിൽ മുങ്ങിയും പൊങ്ങിയും നിലയില്ലാതെ നീന്തുന്നതിനിടയിൽ സാവിത്രിക്ക് സ്വന്തം മുത്തശ്ശിയെക്കുറിച്ച് ഓർക്കാൻ സമയമേ ലഭിക്കുന്നുണ്ടായിരുന്നില്ല. ഏഴാംകടലിനക്കരെ സരോജിനിയമ്മയുടെ വഴിക്കണ്ണുകൾക്ക് കാഴ്ച മങ്ങിത്തുടങ്ങുകയായിരുന്നു, അപ്പോൾ. എൺപത്തിരണ്ട് വയസ്സിന്റെ ചെറുപ്പത്തിൽ അവരുടെ വായിൽ നിന്ന് അറിയാതെ പൊഴിഞ്ഞു. തെറിച്ച അണപ്പല്ലുപോലെ സാവിത്രി എന്ന ചിന്ത അവരുടെ മനസ്സിന്റെ ആഴങ്ങളിൽ നിന്നും പതിയെ പതിയെ മാഞ്ഞുപൊയ്ക്കൊണ്ടേയിരുന്നു. അപ്പോഴും ഹൃദയത്തിന്റെ ഒരു കോണിൽ സാവിത്രിക്കായി കരുതി വെച്ച കുറേ സ്നേഹമോദകങ്ങൾ. അവർ അറിയാതെ നീറിപ്പുകയുന്ന അജ്ഞാതമായ നഷ്ടപ്രതീക്ഷകളുടെ കനലടുപ്പിനു മുകളിൽ പാകമായിക്കൊണ്ടേയിരുന്നു.

18. ചോദ്യങ്ങൾ

01

വൈകിയ നേരത്ത് ബസ്സ്റ്റോപ്പിനു മുന്നിലൂടെ പറന്നുപോയ ബസ്സിലെ കിളി മണിനാദം മുഴക്കി ചിലച്ചുകൊണ്ടിരുന്നത് എന്തായിരുന്നു?

02

ഒറ്റയ്ക്ക് വിജനമായ വീഥിയിൽ നിന്ന അബലയായ ആ പെൺകുട്ടിയോട് വഴിപോക്കൻ പറഞ്ഞതെന്തായിരുന്നു?

03

സ്കൂൾ വിട്ട് എല്ലാ കുട്ടികളും പോയപ്പോൾ തനിച്ചായ ആ ചെറിയ പയ്യനെ നോക്കി മുറുക്കിച്ചുവപ്പിച്ച പുകയിലക്കറയുള്ള മുഷിഞ്ഞു നാറുന്ന വരയൻ ഉടുപ്പുകാരൻ പറഞ്ഞതെന്തായിരുന്നു?

19. വിക്രിയ

ബന്ധുവിന്റെ വേർപാടിൽ വേദനിച്ച് റബ്ബർ തോട്ടത്തിന് നടുവിലുള്ള എന്റെ വീട്ടുമുറ്റത്ത് നിന്നപ്പോൾ ആശ്വസിപ്പിക്കുന്നതിന് പകരം അവർ നൽകിയത് വേദനയായിരുന്നു. ചെന്തീക്കനൽ പോലെ ചുട്ടുപൊള്ളിക്കുന്ന വേദന. അവൻ എന്നെ കടിച്ചിരിക്കുന്നു.

ചുവന്ന് തിണിർത്ത കടിവായിൽ ചൊറിഞ്ഞ് കൊണ്ടിരിക്കുമ്പോഴും അവളുടെ കൂട്ടുകാരുടെ ആക്രമണങ്ങളിൽ നിന്ന് രക്ഷപ്പെടാൻ പരക്കം പായേണ്ടി വന്നു. അവരിൽ ചിലരെ കൈ കൊണ്ടും മേശവിരിപ്പിലെ മാസിക കൊണ്ടും അടിച്ച് കൊന്ന് ഞാൻ ഒരു കൊലയാളി കൂടിയായി.

പക്ഷേ, അന്ന് രാത്രിയിൽ വീണ്ടും ഒരു മാർജ്ജാരനെപ്പോലെ അവൾ കൂട്ടുകാരോടൊപ്പം കടന്ന് വന്നു.

ഒരു കാറ്റായി, കുളിരായി ആ പുതപ്പിനുള്ളിലേയ്ക്ക് മെല്ലെ നൂണ്ട് കയറി. പിറ്റേന്ന് കുളിർ കൊണ്ട് കമ്പിളിപ്പുതപ്പിന്റെ ആവരണം നീക്കുമ്പോൾ എന്റെ ചുണ്ടുകൾ അമ്മയെ നോക്കി വിറച്ച് കൊണ്ട് മന്ത്രിച്ചു.

“അമ്മേ. എനിക്കും പനിയാണ്.”

ബാക്ക് ഇൻസൈഡ് കവർ

ബാക്ക് കവർ